● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2024 ● മാർച്ച് - ഏപ്രിൽ ● പുസ്തകം: 07 ● ലക്കം: 02 ● RNI Regn No: KERMAL/2017/73545



# ഉയിർപ്പ്

**മരണത്തിനപ്പുറവും ചിലകാര്യങ്ങൾ മനുഷ്യനെ കാത്തിരിപ്പുണ്ടെന്ന ഓർമ്മപ്പെടുത്തലുമായാണ് ഈസ്റ്റർ വരുന്നത്. എല്ലാറ്റിനും പരിഹാരമുണ്ടെന്ന സുവിശേഷമാണ് ഈസ്റ്ററിന്റെ സുവിശേഷം. ദൈവത്തിനല്ല ഉയിർപ്പ്. മാനവരാശിക്ക് മുഴുവൻ ഉയിർപ്പുണ്ടെന്ന് പറയാൻ വേണ്ടിയാണ് ഈസ്റ്റർ.**

കവർ സ്റ്റോറി

ഫാ. ബോബി ജോസ് കട്ടിക്കാട്

'എല്ലാറ്റിനും പരിഹാരമുണ്ട്. മരണത്തിനൊഴികെ'–ആദ്യത്തെ നിയോ റിയലിസ്റ്റിക്ക് ചലച്ചിത്രമെന്ന് വിശേഷിപ്പിക്കാവുന്ന 'ബൈസിക്കിൾ തീവ്സി'ന്റെ ഒടുവിലാണ് അങ്ങനെ ഒരു വാക്ക് നമ്മൾ കേൾക്കുന്നത്. കൊടിയ ദാരിദ്ര്യം, ഒരു പണിയും സ്വന്തമായിട്ടില്ല, ഒടുവിൽ കിട്ടിയ ഒരു ചെറിയ ജോലിക്ക് സൈക്കിൾ അനിവാര്യമാണ്. അതിനുവേണ്ടി വീട്ടിലുള്ളതെല്ലാം വിറ്റ് ഒരു സൈക്കിൾ വാങ്ങുന്നു. ജോലിക്കുള്ള തിട്ടൂരവുമായി പുറത്തേക്കിറങ്ങുമ്പോഴാണ് ആ സൈക്കിൾ ആരോ മോഷ്ടിച്ചിരിക്കുന്നതായി അറിയുന്നത്. ജീവിതത്തിൽ ഒരിക്കലും ചെയ്തിട്ടില്ലാത്ത കാര്യം ചെയ്യാൻ തീരുമാനിക്കുകയാണ് അയാൾ – ഒരു സൈക്കിൾ മോഷ്ടിക്കുക. പരിചയമില്ലാത്ത പണിയായതുകൊണ്ട് നാട്ടുകാർ പിടികൂടി. വല്ലാതെ അപമാനിക്കപ്പെട്ട്, മോഷ്ടാവ് എന്ന മുദ്രകുത്തപ്പെട്ട്, വല്ലാതെ തകർന്ന്, അപഹസിക്കപ്പെട്ട് മുൻപോട്ടു പോകുവാൻ ഒരു വഴിയും തെളിയാതെ അച്ചനും മകനും കൂനിപ്പിടിച്ചിരിക്കുകയാണ്. മകന്റെയുള്ളിലൂടെ കടന്നുപോകുന്ന വിചാരം മരിച്ചു കളയാമെന്നാണ്. മകന്റെ മനസ്സ് വായിച്ചിട്ടെന്നപോലെ അപ്പൻ പറയുന്നുണ്ട്, 'മകനേ, എല്ലാറ്റിനും പരിഹാരമുണ്ട്. മരണത്തിനൊഴികെ...' അങ്ങനെത്തന്നെയാണ് നമ്മൾ വിശ്വസിക്കുന്നത്. എല്ലാറ്റിനും പരിഹാരമുണ്ട്, മരണത്തിനു മാത്രം പരിഹാരമില്ല.

നമുക്കറിയാവുന്ന വീട്ടിലെ ഒരു കുഞ്ഞു മരിച്ചശേഷം ആ വീട്ടിലെ ജീവിതം മുന്നോട്ടു പോയിട്ടില്ല. ഭിത്തിമുഴുവൻ പല വസ്ത്രങ്ങൾ അണിഞ്ഞുള്ള അവളുടെ ചിത്രങ്ങളാണ്. അപ്പനും അമ്മയും അവിടവിടെ നിശ്ചലരായി നിൽക്കുന്നു. എന്തൊക്കെ പറയുമ്പോഴും എന്തൊക്കെ വിശ്വസിക്കുമ്പോഴും ഉറ്റവരുടെ മരണം വരുമ്പോൾ മുമ്പോട്ടുപോകാനാവാതെ മരണത്തിന് പരിഹാരമില്ലെന്ന മട്ടിൽ നമ്മൾ തളർന്നും തകർന്നും നിന്നുപോകുകയാണ്. ഭൂമിയിലുള്ള എല്ലാ താഴിനും ഒരു താക്കോൽ ഉണ്ടാവണം. മനുഷ്യൻ അനുഭവിക്കുന്ന എല്ലാ പ്രതിസന്ധികൾക്കും എല്ലാ നിരാശകൾക്കും നിശ്ചയമായിട്ടും ഒരു പരിഹാരമുണ്ടാവണം അങ്ങനെയെങ്കിൽ മരണത്തിനുപോലും പരിഹാരമുണ്ട്.

മരണത്തിനപ്പുറവും ചിലകാര്യങ്ങൾ മനുഷ്യനെ കാത്തിരിപ്പുണ്ടെന്ന ഓർമ്മപ്പെടുത്തലുമായാണ് ഈസ്റ്റർ വരുന്നത്. എല്ലാറ്റിനും പരിഹാരമുണ്ടെന്ന സുവിശേഷമാണ് ഈസ്റ്ററിന്റെ സുവിശേഷം. ദൈവത്തിനല്ല ഉയിർപ്പ്. മാനവരാശിക്ക് മുഴുവൻ ഉയിർപ്പുണ്ടെന്ന് പറയാൻ വേണ്ടിയാണ് ഈസ്റ്റർ. മനുഷ്യരാശിയുമായി ബന്ധപ്പെട്ട് നമുക്ക് ഉപയോഗിക്കാവുന്ന അവസാനിക്കാത്ത പ്രതീക്ഷയുടെ വാക്കാണ് ഉയിർപ്പ്. ആ അർത്ഥത്തിൽ ഉയിർപ്പിന്റെ അർത്ഥം നമ്മൾ സങ്കൽപ്പിക്കുന്നതിനും അതീതമാണ്. നമുക്ക് പറഞ്ഞു തീർക്കാനാവാത്തവിധമാണ് അതിന്റെ പ്രതിധ്വനികൾ.

മനുഷ്യരുടെ ആശയങ്ങൾ അവരെ കുഴിച്ചുമൂടുന്നതോടെ ഇല്ലാതാകുമെന്ന് വിചാരിക്കുന്നൊരു കാലം. യേശുവിന്റെ ജീവിതത്തിൽ ഏറ്റവും കഠിനമെന്നു തോന്നുന്ന ഭാഗം ഇതാണ് – യേശു മരിച്ചശേഷം ആ സമാധി കല്ലുകൊണ്ട് മൂടിയിട്ട് കൃത്യമായി മുദ്രചെയ്തു. എന്നിട്ട് കുറേപ്പേർ അതിന് കാവൽ നിൽക്കുകയാണ്. മൃതശരീരത്തിന് കാവൽ നിൽക്കുകയെന്നത് സാധ്യമായൊരുകാര്യമാണ് എല്ലാകാലങ്ങളിലും എല്ലായിടത്തും മൃതമായ പല കാര്യങ്ങൾക്കുവേണ്ടിയാണ് മനുഷ്യർ ഇപ്പോഴും കാവൽ നിൽക്കുന്നത്. മൃതമായ ആചാരങ്ങൾക്ക്, മൃതമായ സംമ്പ്രദായങ്ങൾക്ക്, മൃതമായ വിചാരങ്ങൾക്ക് അങ്ങനെയങ്ങനെയങ്ങനെ...

ആശയങ്ങളെ നശിപ്പിക്കാൻ, പുനർജ്ജീവനം ലഭിക്കാൻ ആശയങ്ങൾ നൽകിയവരെ കഴുമരത്തിലേറ്റിയതുകൊണ്ടോ അവയെ കുഴിച്ചു മൂടിയതുകൊണ്ടോ കാര്യമില്ല. തിരമാലകളെ തടയാനായി നമ്മൾ മതിൽ കെട്ടുന്ന കണക്കാണത്. എത്രനേരം ഈ മതിൽക്കെട്ടുകൊണ്ട് ഇത്രയും ശക്തമായ കടലിനെ നിങ്ങൾ തടയും? അന്യായമായ വിചാരണകളിലൂടെ കുഴിച്ചുമൂടാൻ ശ്രമിച്ച എല്ലാ മൂല്യങ്ങളും–ഏകതയുടെയും സമഭാവനയുടെയുമൊക്കെ മൂല്യങ്ങൾ– പിന്നീട് തകർത്തിട്ടുണ്ട്. ഞങ്ങളെ കുഴിച്ചുമൂടിയപ്പോൾ അവർ അറിഞ്ഞില്ല അവർ കുഴിച്ചുമൂടിയത് വിത്തുകൾ ആയിരുന്നുവെന്ന്. വിത്തുകളെ കുഴിച്ചുമൂടിക്കഴിഞ്ഞാൽ മുള പൊട്ടാതിരിക്കാൻ കഴിയില്ല. പൂക്കാതിരിക്കാൻ അവയ്ക്കാവില്ല.


ഉയിർപ്പൊരു സ്നേഹഭാവനയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നു. ഓരോരുത്തരും അവരുടെ ഉറ്റവരുടെ ജീവിതത്തിൽ എങ്ങനെയാണ് നിലനിൽക്കുന്നത്? കൃത്യമായി സ്നേഹത്തിന്റെ പശ്ചാത്തലത്തിൽ ഈ ഉയിർപ്പ് സംഭവിക്കുന്നുണ്ട്. എത്രയോ വീടുകളിൽ എത്രയോ ഉറ്റവർ കടന്നുപോയിട്ടും ആ വീടിനുള്ളിൽ അവരുടെ ഓർമ്മകൾക്ക് എന്തൊരു സജീവതയാണ്!

എന്റെയൊരു ചങ്ങാതിയുടെ അപ്പൻ മരിച്ചുപോയി. അപ്പൻ മരിച്ചുപോയി എന്ന് പറഞ്ഞാൽ പോലും ആ വീടിനകത്ത് അപ്പനൊരു സജീവമായ സാന്നിധ്യമായി ഇപ്പോഴും അനുഭവപ്പെടുന്നു. എന്തോ കമ്പനി ആവശ്യത്തിനുവേണ്ടി പോയ ഇളയ മകൻ അന്ന് ആദ്യമായി മദ്യപിച്ച് വരുമ്പോൾ അമ്മ അവനോട് ഒരൊറ്റകാര്യമേ പറഞ്ഞുള്ളൂ... അപ്പനുണ്ടായിരുന്നെങ്കിൽ നീയിത് ചെയ്യുമായിരുന്നോ? ആ കുഞ്ഞുവാക്യം അവന്റെ ജീവിതത്തിൽ ഉണ്ടാക്കിയെടുക്കുന്ന ഒരു തരം 'യൂടേൺ' ഉണ്ട്. അവൻ അതിൽ നിന്നും പൂർണ്ണമായും പിൻവാങ്ങുകയാണ്. കാരണം, അപ്പൻ മരിച്ചുപോയ ഒരാളല്ല... സജീവമായ ഒരു സാന്നിധ്യമാണ്.

പേജ് മൂന്നിൽ തുടരുന്നു ▸

ഉയിർപ്പ്: പ്രത്യാശയുടെ സുവിശേഷം

ജർമ്മൻ ഭാഷ പഠിക്കാൻ മാത്രമായി ഒരു സ്കൂൾ !



GERMAN

ജെറമിയ സൺറൈസിൽ പഠിക്കാം..
ജർമ്മനിയിലേക്ക് പറക്കാം..!!

പുതിയ ബാച്ചുകൾ ഏപ്രിൽ ആദ്യവാരം ആരംഭിക്കുന്നു.

JEREMIAH SUNRISE
GERMAN LANGUAGE SCHOOL
MAVOOR ROAD, KOZHIKODE

CALL NOW!
9895 636 188
8943 418 152

## എഡിറ്റോറിയൽ

● പുസ്തകം: 7 ● ലക്കം: 2

# മുറിപ്പാടുകളിൽ വിരിയുന്ന ഉത്ഥാനം

മനുഷ്യനായി അവതരിച്ച ദൈവപുത്രൻ മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി സ്വജീവൻ ബലിയായി നൽകി. ആ ബലിയുടെ ശ്രേഷ്ഠത മരണത്തിൽ ഒടുങ്ങുന്നതല്ലായിരുന്നു. ദൈവം മരണത്തെ തോൽപ്പിച്ചു കൊണ്ട് നമ്മുടെ ഇടയിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും വിജയ പതാകയുമായി ഇന്നും ജീവിക്കുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ അന്തഃസത്ത ഇതാണ്.

കുരിശിൽ നിന്നു ക്രിസ്തു ഓടി രക്ഷപ്പെട്ടിരുന്നുവെങ്കിൽ ഉയിർപ്പിന്റെ മഹത്വം മാനവകുലത്തിന് നഷ്ടപ്പെടുമായിരുന്നു. ജീവിച്ചിരുന്നപ്പോൾ മരിച്ചവരെപ്പോലും ഉയിർപ്പിച്ച യേശുവിന് ദൈവിക ശക്തി ഉപയോഗിച്ചു തന്റെ ശത്രുക്കളെ പരാജയപ്പെടുത്താമായിരുന്നു. യേശുവിന്റെ കൂടെയുണ്ടായിരുന്ന ശിഷ്യൻമാർ പോലും അപ്രകാരം കരുതി. പക്ഷെ ക്രിസ്തുവിനു സഹനത്തിന്റെ രക്ഷാകരമായ മാർഗ്ഗത്തിലൂടെ മരണത്തെ കീഴ്പ്പെടുത്തണമെന്ന ഉൽക്കടമായ ദൗത്യബോധമുണ്ടായിരുന്നു. അവിടുത്തെ ഓരോ മുറിപ്പാടുകളും ഉത്ഥാന മഹത്വത്തിന്റെ മഹനീയ അടയാളങ്ങളാണ്. ഉയിർപ്പിനെ ലക്ഷ്യം വച്ചു നീങ്ങുന്നവർ അവരുടെ ജീവിതത്തിലെ പ്രതീക്ഷകളിൽ ഉറച്ച് നിൽക്കണം.

കുറച്ചു കാലങ്ങളായി മലയോരമേഖലയും കാർഷിക പ്രദേശങ്ങളുമെല്ലാം ഉത്കണ്ഠയുടെ മുൾമുനയിലാണ്. വന്യമൃഗശല്യവും കാർഷികവിളകളുടെ നാശവുമൊക്കെ കർഷകർ കാലാകാലങ്ങളായി അഭിമുഖീകരിച്ചു വരുന്ന ദുരന്തങ്ങളായിരുന്നുവെങ്കിൽ ഇന്നതിന്റെ ദുരിത ചിത്രം കൂടുതൽ ബീഭത്സമായിരിക്കുന്നു. വന്യമൃഗങ്ങൾ ജീവന് ഭീഷണിയായി നിലകൊള്ളുമ്പോൾ, ജനതയെ സംരക്ഷിക്കേണ്ട ഭരണകൂടം നിശബ്ദത തുടരുന്നു.

കേരളത്തിൽ വംശനാശഭീഷണി ഏറ്റുവാങ്ങുന്ന ജനതയെന്ന തലത്തിലേക്ക് ക്രൈസ്തവർ മുന്നേറുമ്പോൾ ഒറ്റപ്പെടുന്ന ഒരു സമുദായത്തിന്റെ ഭീതി എവിടെയും നിറയുകയാണ്. പൂഞ്ഞാർ സംഭവം കുട്ടിക്കുസൃതിയല്ലയെന്ന് ഓരോ കേരളീയനും തിരിച്ചറിവുണ്ട്. ഈ അവസ്ഥയിൽ മതേതര കേരളത്തിന്റെ മ്ലേച്ഛമായ നിശബ്ദത ക്രൈസ്തവ സമൂഹം കരുതലോടുകൂടി തിരിച്ചറിയണം. എങ്കിലും, നമ്മുടെ വിശ്വാസവും പ്രത്യാശയും പീഡകളേറ്റ് ക്രൂശിതനായി മരിച്ച് ഉത്ഥിതനായ ക്രിസ്തുവാണ്.

നമ്മെ വിഴുങ്ങാൻ വരുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ആത്മ ശക്തിയോടെ നേരിടുന്നതുവഴി പുതുജീവന്റെ പാതയായിരിക്കും നാം വെട്ടിത്തെളിക്കുന്നത്. പ്രകൃതിക്ഷോഭങ്ങളും മാരകമായ രോഗങ്ങളും കൃഷിനാശവും വന്യജീവിയാക്രമണവും ഭരണകൂട ഭീകരതകളും നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാകുമ്പോൾ ശാന്തിയുടെ സ്രോതസ്സുകൾ നമുക്കന്യമാകരുത്. ഉത്ഥിതന്റെ സമാധാനം ആത്മവിശ്വാസത്തിന്റെ സൗരഭ്യമായി നമ്മിലേക്കും അപരനിലേക്കും ഒഴുകട്ടെ.

# ദൈവത്തിലേക്കും മനുഷ്യരിലേക്കും മടങ്ങിവരേണ്ട കാലം

## ഇടയശബ്ദം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ കല്ലറയ്ക്ക് മുന്നിലെത്തിയ മഗ്ദലന മറിയം കല്ലറയിലേക്ക് ഒന്നു നോക്കി. അവൾ തിരികെ ഓടി പത്രോസിന്റെയും മറ്റു ശിഷ്യന്മാരെയും കണ്ടു അവരോട് പറഞ്ഞു, കർത്താവിനെ കല്ലറയിൽ നിന്ന് മാറ്റിയിരിക്കുന്നു. എന്നാൽ അവർ അവനെ എവിടെ വെച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. ഈ സംഭാഷണത്തിനും അവരുടെയിടയിലുണ്ടായ അസ്വസ്ഥതയ്ക്കും കാരണം സുവിശേഷം തന്നെ വ്യക്തമാക്കുന്നുണ്ട്. അവൻ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽക്കേണ്ടിയിരുന്നുവെന്ന തിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല. (യോഹ. 20:9) യേശുവിന്റെ പീഡാനുഭവ–മരണ–ഉത്ഥാനത്തെക്കുറിച്ച് വ്യക്തമായ ബോധ്യമുള്ളവരും വിശ്വസിക്കേണ്ടവരുമാണ് നാമോരോത്തരും. എല്ലാ കാലഘട്ടത്തിലും മനുഷ്യൻെറ മുന്നിൽ നൽകപ്പെട്ട അർത്ഥവത്തായ ചോദ്യമാണിത് ശൂന്യമായ കല്ലറയിൽ യേശുവിനെ അന്വേഷിക്കുന്നതെന്തിനാണ്. യേശു ജീവിക്കുന്ന ദൈവമാണ് ജീവന്റെ താഴ്‌വരകളിലാണ് യേശുവിനെ നമുക്ക് കാണാൻ കഴിയുന്നത്. മരണത്തിന്റെ താഴ്‌വരയിൽ നിന്ന് മരണത്തിലൂടെയും ഉയിർപ്പിലൂടെയും അവിടുന്ന് മനുഷ്യകുലത്തെ ജീവന്റെ തുറമുഖത്തെത്തിച്ചു. അതിനാലാണ് യേശു ക്രിസ്തു ഇന്നും ജീവിക്കുന്ന ദൈവമാണെന്ന് വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നത്.

അനുഗ്രഹപ്രദമായ വലിയ നോമ്പിന്റെ ദിനങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ ചുറ്റുവട്ടം മുഴുവൻ ഭീതി പടർത്തുന്ന വാർത്തകളാണ് നിറയുന്നത്. മലയോരജനത ജീവൻ സംരക്ഷിക്കുവാനുള്ള പടയോട്ടത്തിലാണ്. അധികാര കേന്ദ്രങ്ങളും ഉദ്യോസ്ഥവൃന്ദങ്ങളും ഒപ്പമില്ലയെന്ന തിരിച്ചറിവുണ്ടായിട്ടും അതിജീവനത്തിന്റെ പോരാട്ടമാണിന്ന് നടക്കുന്നത്.

കേരളം ഇന്ന് എന്താണോ, അതിന് പിന്നിൽ മലയോര കർഷകരുടെ വിയർപ്പുണ്ടെന്നു പറയാതിരിക്കാൻ വയ്യ. കൃഷിയിടങ്ങളിൽ വന്യജീവികളുടെ അക്രമണം ദിനംപ്രതി വർദ്ധിച്ചു വരികയാണ്. വിളഞ്ഞാൽ വിലയില്ല, വിളവെടുക്കുന്നത് വന്യജീവികളും. വന്യമൃഗങ്ങളുടെ തുടർച്ചയായുള്ള ആക്രമണം മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം അപരിഹാര്യമാണ്. എന്നാൽ ഇതിനുള്ള നഷ്ടപരിഹാരം നൽകാൻ സർക്കാർ വകുപ്പുകൾ മടിക്കുന്നു. എങ്കിലും, കർഷകരുടെ കരളലിയിപ്പിക്കുന്ന വിലാപം ഭരണാധികാരികളുടെ കണ്ണുതുറപ്പിക്കുമെന്ന പ്രത്യാശയിലാണ് മണ്ണിനോട് പടവെട്ടുന്ന ജനതമുഴുവൻ.

കദന കഥകളാണ് നമുക്ക് ചുറ്റുമെങ്കിലും ഈ വലിയ നോമ്പിൽ ആത്മാവിനെ ശുദ്ധീകരിച്ച് ദൈവത്തോടും സഹോദരരോടും നമുക്ക് ചേർന്നുനിൽക്കാം. നമുക്കോരോരുത്തർക്കും കർത്താവിന്റെ ഹൃദയത്തിൽ ഇടമുണ്ട്. അവിടുത്തെ സ്നേഹം നമ്മുടെ ജീവിതത്തിൽ നിന്നോ മറ്റുള്ളവരുടെ പ്രശ്നങ്ങളിൽ നിന്നോ വിമുഖനാകാനോ നിസംഗതനാകാനോ അനുവദിക്കുന്നില്ല. എന്നാൽ പലപ്പോഴും നാം സുരക്ഷിതരായിരിക്കുമ്പോഴും ആരോഗ്യത്തോടെയിരിക്കുമ്പോഴും മറ്റുള്ളവരുടെ പ്രശ്നങ്ങളോടും പ്രതിസന്ധികളോടും മുഖം തിരിക്കുന്നു. അങ്ങനെ സ്വാർത്ഥത നമ്മുടെ ഹൃദയത്തിലും കുടുംബത്തിലും പൊതു സമൂഹത്തിലും സ്ഥാനം പിടിച്ചിരിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ ഈ വലിയ വിപത്തിനെ നാം നേരിടേണ്ടതായിട്ടുണ്ട്. ദൈവത്തോടും അപരനോടും വച്ചു പുലർത്തുന്ന വിമുഖതയും നിസംഗതയും നാം ഉപേക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. 'എന്തെന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസമാണ് സുപ്രധാനം' (ഗലാ. 5:6).

# അലിവിന്റെ മഞ്ഞുതുള്ളികൾ

## അകം പുറം



**കെ.എഫ്. ജോർജ്**

പച്ചക്കുപ്പായത്തിൽ മാത്രം കാണുന്ന പരിസ്ഥിതി പ്രവർത്തകനായിരുന്നു ഈയിടെ അന്തരിച്ച പ്രഫ. ശോഭീന്ദ്രൻ. അദ്ദേഹത്തിന്റെ അഭിവാദ്യം പ്രത്യേക രീതിയിലാണ്. നീട്ടുന്ന കൈ തന്റെ രണ്ടു കൈകളിൽ സൗമ്യമായി ഒതുക്കിപ്പിടിച്ച് അലിവാർന്ന വാക്കുകളിൽ സംസാരിച്ചു തുടങ്ങും. പെട്ടെന്നൊന്നും നമ്മുടെ കൈ വിട്ടുതരില്ല. സൗഹൃദത്തിന്റെ ഊഷ്മളതയും മൃദുത്വവും ശാന്തിയും കൈകളിലൂടെ പ്രവഹിച്ചുകൊണ്ടിരിക്കും.

വായുവിനെപ്പോലും മുറിവേൽപ്പിക്കാതെയുള്ള പതിഞ്ഞ സംഭാഷണത്തിൽ ആ പ്രകൃതിസ്നേഹി ഇതിനിടയിൽ നമ്മുടെ ഉള്ളിൽ ഹൃദ്യമായ ഇടം കണ്ടെത്തിയിരിക്കും.

ഇങ്ങനെയുള്ള ചിലരെങ്കിലും എല്ലാവരുടെയും സൗഹൃദവലയത്തിൽ ഉണ്ടാകും. പലപ്പോഴും വലിയവരല്ല, കൊച്ചുമനുഷ്യരാണ് നമ്മുടെ ജീവിതത്തിന് ശോഭ കൂട്ടിയതെന്നു കാണാം. അലിവുള്ളവരുടെ കൂടെയായിരിക്കാൻ നമ്മൾ കൊതിക്കും. അവരുമായുള്ള സമ്പർക്കം നമ്മളെ ശുദ്ധീകരിച്ച് മനുഷ്യത്വത്തിന്റെ മാറ്റുകൂട്ടും.

സംസാരം മാത്രമല്ല, അലിവുള്ള സ്പർശമായാലും നോട്ടമായാലും അതൊരാളെ അടിമുടിമാറ്റും. പരാജയത്തിലും മരണത്തിലും തകർന്നിരിക്കുന്നവർക്ക് വേണ്ടപ്പെട്ടവരുടെ കാരുണ്യസ്പർശം ആശ്വാസമാണ്. അലിവുള്ളനോട്ടം മുറിവുകളിൽ ഔഷധമായി ഇറ്റുവീഴും.

'കട്ടിയായിരിക്കുന്നത് ദ്രവമായിത്തീരാൻ' എന്നാണ് ശബ്ദതാരാവലി അലിവിനുകൊടുത്തിട്ടുള്ള അർത്ഥം. കടുപ്പം വെടിഞ്ഞാലേ അലിവിന്റെ ഈർപ്പം കിനിഞ്ഞിറങ്ങൂ.

കടുപ്പമുള്ള കല്ലുകൾ പൊടിഞ്ഞാണ് മണ്ണുണ്ടായത്. മണ്ണിൽ വിളയുന്ന ധാന്യം പൊടിച്ച് അപ്പമുണ്ടാക്കുന്നു. അങ്ങനെ അപ്പം കല്ലിന്റെ മറുരൂപമായിത്തീരുന്നു.

കടലിലെ ഉപ്പുവെള്ളം കടുത്തചൂടിൽ നീരാവിയായി ഉയർന്ന് മേഘമായ ശേഷമാണ് പുതുമഴയായി ഭൂമിയെ ഉർവരയാക്കുന്നത്. ഒരു കഠിനകാലം താണ്ടാതെ കടൽ വെള്ളത്തിന് ശുദ്ധജലമാകാൻ കഴിയില്ല.

കഠിനഹൃദയൻ അലിവുള്ളവനായി പൊടിയാൻ മനസുവയ്ക്കുമ്പോൾ മാത്രമേ എന്തെങ്കിലും പ്രയോജനമുണ്ടാകൂ. അല്ലെങ്കിൽ ശാപമോക്ഷം കിട്ടാത്ത അഹല്യയായി ശിലാരൂപത്തിൽ തുടർന്ന് കാൽനടക്കാരന്റെ ചവിട്ടേൽക്കാനായിരിക്കും വിധി.

യേശു അലിവിന്റെ പരമാവധി രൂപമായി നിറഞ്ഞു നിൽക്കുന്നു. രോഗികളോട്, പാപികളോട്, വിശക്കുന്നവരോട്, വിജാതീയരോട്.... അങ്ങനെ പുറമ്പോക്കിലേക്ക് തള്ളപ്പെട്ടവരോടെല്ലാം അനുകമ്പയായും സൗഖ്യമായും ജീവജലമായും അവിടുന്ന് കവിഞ്ഞൊഴുകുന്നു. ആ ജലം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കുകയില്ലെന്ന് മാത്രമല്ല, അത് അവനിൽ നിത്യജീവനിലേക്ക് നിർഗളിക്കുന്ന അരുവിയായി വളരുമെന്ന ഉറപ്പുമുണ്ട്.

മതത്തിന് മനുഷ്യനെ അലിവുള്ളവരാക്കാൻ കഴിയും. ആദ്യം അംഗമായ ലൊറേറ്റമഠത്തിലെ സ്വസ്ഥ ജീവിതം മദർ തെരേസയെ തൃപ്തയാക്കിയില്ല. തെരുവിലെ പാവങ്ങളോട് അലിവു തോന്നിയ മദർ പുറത്തിറങ്ങി മിഷനറീസ് ഓഫ് ചാരിറ്റിക്ക് തുടക്കമിട്ട് ചരിത്രം സൃഷ്ടിച്ചു. നിരന്തരം നവീകരിക്കണമെന്നുണ്ടെങ്കിൽ അകമേ വിമർശകനും കലഹക്കാരനുമായിരിക്കണം. ഇതില്ലാതെ അനുഷ്ഠാനങ്ങളിൽ കണക്കറ്റ് അഭിരമിക്കുമ്പോൾ യഥാർത്ഥ ആത്മീയതയിലേക്ക് വളരാതെ മുരടിച്ചു പോകുന്നതായും കാണാറുണ്ട്.

നിലം ഉഴുതുമറിക്കുന്ന കാളകളെ പണി കഴിയുമ്പോൾ കർഷകൻ കുളിപ്പിച്ച് വയറു നിറയെ ഭക്ഷണവും കൊടുത്തു താലോലിക്കും. നാളെയും ഇവന്റെ സഹകരണം ആവശ്യമാണല്ലോ! കാളകൾക്കു പകരം ട്രാക്ടറുകൾ വന്നപ്പോൾ ഈ താലോലിക്കൽ ആവശ്യമില്ലാതായി.

യന്ത്രങ്ങളുടെ ആധിപത്യം കൂടിയതോടെ കാളകൾക്കു സംഭവിച്ചത് എല്ലാ തൊഴിൽ ഇടങ്ങളിലുമുണ്ടായി. കംപ്യൂട്ടറും സോഷ്യൽ മീഡിയയും നിർമ്മിത ബുദ്ധിയുമെല്ലാമായപ്പോൾ നിലനിൽപ്പിനായെങ്കിലും അലിവു കാണിക്കേണ്ട ഇടങ്ങൾ വരണ്ടു. എങ്ങനെയെങ്കിലും കാര്യം നടന്നുകിട്ടണമെന്നതുമാത്രമായി കമ്പോളത്തിന്റെ നീതിശാസ്ത്രം.

ഇതെല്ലാം വ്യക്തികളെയും കുടുംബങ്ങളെയും സംഘർഷങ്ങളിലേക്കും അതിസങ്കീർണ്ണതകളിലേക്കും നയിക്കുന്നു. അമേരിക്കയിൽ മലയാളി യുവാവ് ഭാര്യയേയും കുഞ്ഞുങ്ങളെയും കൊന്ന് സ്വയം വെടിവച്ച് ജീവനൊടുക്കിയത് അടുത്ത ദിവസമാണ്. പണമുണ്ടായാൽ എല്ലാമാകുന്നില്ലെന്ന സത്യത്തിന് ഇത്തരം ദുരന്തങ്ങൾ അടിവരയിടുന്നു.

അലിവും സ്നേഹവും ജീവിതത്തിൽ ആഡംബരമല്ല, മനുഷ്യരാശി നിലനിൽക്കാൻ അത്യന്താപേക്ഷിതമാണെന്ന് ദലൈലാമ നിരീക്ഷിക്കുന്നു. മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ മാത്രമല്ല, സ്വയം സന്തോഷിക്കാനും അലിവുള്ള ഹൃദയം വളർത്തിയെടുക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

# ഉയിർപ്പ്: പ്രത്യാശയുടെ സുവിശേഷം

● *പേജ് ഒന്നിൽ നിന്ന് തുടർച്ച*

ഉയിർപ്പിന് വിമോചനപരമായ പ്രതിധ്വനികളുണ്ട്. എവിടെയൊക്കെ മനുഷ്യൻ അടിച്ചമർത്തപ്പെടുന്നോ, എവിടെയൊക്കെ മനുഷ്യൻ ചങ്ങലയിൽ കുരുങ്ങുന്നോ അവിടെയൊക്കെ ഒരു മോചനം സാധ്യമാണ്. യേശുവിന്റെ ഉയിർപ്പുമായി ബന്ധപ്പെട്ട് മത്തായി ശ്ലീഹ കൃത്യമായി രേഖപ്പെടുത്തുന്ന സംഭവം ഇതാണ്. വലിയൊരു ഭൂകമ്പം ഉണ്ടായി. എന്താണ് ഈ ഭൂകമ്പം എന്ന് പറയുന്നത്? ഭൂകമ്പം ലളിതമായ ഒരു സംഭവമാണ്. നമ്മൾ നിൽക്കുന്നിടത്തെ അടിത്തറ മാറിപ്പോവുകയാണ്. കാലാകാലങ്ങളായി മനുഷ്യൻ ചവിട്ടിനിന്നിരുന്ന ചില അടിത്തറകൾക്ക് കിട്ടുന്ന വളരെ മൗലികമായ മാറ്റത്തിന്റെ പേരായി വേണമെങ്കിൽ ഭൂകമ്പത്തെ നമുക്ക് വായിച്ചെടുക്കാവുന്നതാണ്.

ഇങ്ങനെ പറയാൻ കാരണം, വിശുദ്ധ ലൂക്ക, അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളുടെ പുസ്തകം എഴുതുമ്പോൾ എവിടെയൊക്കെ അരൂപിയാൽ അവർ ആവസിക്കപ്പെട്ടോ, എവിടെയൊക്കെ അരൂപി അവരുടെമേൽ വന്നിറങ്ങിയോ, അപ്പോഴൊക്കെ സുവിശേഷകൻ ആ വാക്ക് കൂട്ടിച്ചേർക്കുന്നുണ്ട്. ഭൂമി ചലിച്ചു ഭൂകമ്പമുണ്ടായി. തടവിലാക്കപ്പെട്ട പൗലോസിന്റെയും സീലാസിന്റെയും കഥയിൽ അങ്ങനെ ഒരു ഭൂകമ്പത്തിന്റെ അനുഭവം നമ്മൾ വായിക്കുന്നുണ്ട്. അവർ തടവറയിലായിരുന്നു. പെട്ടന്നൊരു ഭൂകമ്പമുണ്ടായി. തടവറയുടെ മുഴുവൻ വാതിലുകളും തുറക്കപ്പെടുകയാണ്. അപ്പോൾ കാലാകാലങ്ങളായി മനുഷ്യർ കുരുങ്ങിക്കിടക്കുന്ന കുറേ അധികം സെല്ലുകളുണ്ട്. പലതരത്തിലുള്ളത്. ഇതിനൊക്കെയൊരു വിമോചനം ആവശ്യമില്ലേ! അതോ എല്ലാക്കാലത്തും താൻതന്നെ സൃഷ്ടിച്ച, അല്ലെങ്കിൽ താൻ തന്നെ രൂപപ്പെടുത്തിയ തടവറയിൽ തടവറക്കിളികളായി ജീവിക്കുകയാണോ അവരുടെ ധർമ്മം? എന്തുമാത്രം വാതിലുകളാണ് തുറക്കപ്പെടേണ്ടത്? ഇതര ഭൂവിടങ്ങളിലേക്ക്, ഇതര മനുഷ്യരിലേക്ക്, സമഭാവനയുടെ പുതിയ ജാലകങ്ങൾ! എന്തുമാത്രം അവനവന്റെ ഭയത്തിൽ കുരുങ്ങിപ്പോയവർ! മനുഷ്യനിൽ ബന്ധപ്പെട്ട് മനുഷ്യർ കുരുങ്ങിയിരിക്കുന്ന തടവറകൾ എത്രയാണെന്നു വിചാരിക്കാൻ തുടങ്ങിയാൽ പിന്നെ നമുക്ക് അതിൽ ഒരു എത്തും പിടിയും കിട്ടണമെന്നില്ല. അത്രയും അവൻ കുരുങ്ങിപ്പോയിക്കൊണ്ടേയിരിക്കുകയാണ്.

കൃത്യമായി വിമോചന സ്വഭാവമുള്ള ഒരു വാക്കാണ് ഉയിർത്തെഴുന്നേൽപ്പ്. പലകാരണങ്ങൾക്കൊണ്ട് എവിടെയൊക്കെയോ മനുഷ്യർ കീഴ്പ്പെടുന്നുണ്ട്! നുകങ്ങളെന്നുപറയുമ്പോൾ അകത്തുമുണ്ട് പുറത്തുമുണ്ട്. പുറത്തുള്ള നുകങ്ങളെ ചൂഷണം എന്നു പറയാം. എന്തുമാത്രം ചൂഷണത്തിലൂടെയാണ് കാലം കടന്നുപോകുന്നത്!

ഈ പ്രപഞ്ചവുമായി ബന്ധപ്പെട്ട് നമുക്ക് ഉപയോഗിക്കാവുന്ന ഒരു വാക്കുകൂടിയാണ് നിശ്ചയമായും ഉയിർപ്പ്. എന്തൊക്കെ ജീർണിക്കുന്നുണ്ടോ അവിടെയൊക്കെ ഒരു തളിർക്കലുമുണ്ടാകും. ഏതൊരുകാലത്തും മനുഷ്യന് ഒരു വസന്തം പ്രതീക്ഷിക്കാം. ഏപ്രിലിൽ മാത്രം വിരിയുന്ന ലില്ലിപ്പൂക്കളുണ്ട്. ഞങ്ങൾ അതിനെ ചെറിയപ്രായത്തിൽ വിളിച്ചുകൊണ്ടിരുന്നത് 'ഈസ്റ്റർ ലില്ലികൾ' എന്നാണ്. വളരെ അധികം കാലമായി കുറഞ്ഞത്, പത്ത് പതിനൊന്ന് മാസമായി മണ്ണിൽ ഉറങ്ങിക്കൊണ്ടിരുന്ന ചില വിത്തുകൾ ഈ കാലത്തിൽ തളിർക്കുന്നുണ്ട്. ലോകത്തെല്ലായിടത്തും ഒരു തളിർപ്പിനുള്ള സാധ്യതയുണ്ട്. ജീർണ്ണിക്കുന്ന എന്തിനും പിന്നെയും തളിർക്കാനുള്ള സാധ്യതയുണ്ട്.

സ്വാഭാവികമായും ഒരു ജീവിത വീക്ഷണത്തിന്റെ കഥകൂടിയാണ് ഉയിർപ്പ്. പലരും വിചാരിക്കും ഉയിർപ്പ് എന്നത് മരണാനന്തര അനുഭവമാണെന്ന്. ജീവിതത്തിൽ ഒരിക്കലും ഒന്നിനുംമീതെ ഉയിർക്കാത്ത മനുഷ്യർ മരണത്തിന് ശേഷം എങ്ങനെ ഉയിർക്കും? എന്തിനുമീതെ ഉയിർക്കും? ഒക്കെ ഒരു തുടർച്ചയാണ്. ജീവിതത്തിൽ ക്ഷോഭത്തിനുമീതെ ഉയിർക്കാത്തവർ, ആസക്തിയിൽ നിന്ന് ഉയിർക്കാത്തവർ, മമതകൾക്ക് മീതെ ഉയിർക്കാത്തവരൊക്കെ മരണാനന്തരം ഉയിർക്കുക എന്നുപറയുന്നത് ഒരിത്തിരി അമിതവിശ്വാസമല്ലേ?

എന്തിനുംമീതെ നടക്കാനുള്ള ഒരു ക്ഷണമാണ് ഉയിർപ്പ്. ഒരു ജീവിതവീക്ഷണത്തിന്റെ കഥയാണത്. അതുകൊണ്ടു തന്നെയായിരിക്കണം ഭൂമിയിൽ ഇരുന്നപ്പോഴൊക്കെ യേശു നിരന്തരം പറയാൻ ശ്രമിച്ചൊരു വാക്കുണ്ട്. 'മിഴി ഉയർത്തി നോക്കുക.' എന്തിനും മീതെ ഉന്നതമായൊരു വിചാരം വേണ്ടേ? ആ ഉന്നതമായ വിചാരം വന്നു കഴിയുമ്പോൾ എന്തുമാത്രം നിസ്സാരമായ വികാരങ്ങളിൽ, നിസ്സാരമായ ശാഠ്യങ്ങളിൽ, നിസ്സാരമായ തർക്കങ്ങളിൽ നിന്നൊക്കെ ഉയിർത്ത മനുഷ്യരെപ്പോലെ ജീവിക്കാൻ പറ്റില്ലേ? ആ ഉയിർപ്പിനെ ജീവിതംകൊണ്ട് ഘോഷിക്കുക.

ആത്യന്തികമായി ഉയിർപ്പ് എന്നതിന്റെ അർത്ഥമെന്താണ്. അടരുകളിൽ തീരുന്നതല്ല എന്റെ ജീവിതം. ആ മൂടിക്കല്ല് ആരു മാറ്റുമെന്നാണ് പുലരിയിലെ സ്ത്രീകളുടെ പോലും ഏറ്റവും വലിയ ആകുലത. 'ആര് ഈ മൂടിക്കല്ല് നമുക്ക് വേണ്ടി മാറ്റും?' കാലാകാലങ്ങളായി മരിച്ചവർക്കും ജീവിക്കുന്നവർക്കും ഇടയിൽ ഒരു മൂടിക്കല്ലുണ്ട്. മനുഷ്യന് മാറ്റാനാവാത്ത ആ മൂടിക്കല്ല് യേശുവിലൂടെ മാറ്റാൻ ദൈവം തിരുമനസ്സായി. ഒരിടത്തു നമ്മൾ വായിക്കുന്നു – 'ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടതായി അവർ കണ്ടു.' സ്വർഗ്ഗം തന്നെ ഇടപ്പെട്ട് മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും ഇടയിലുള്ള മൂടിക്കല്ല് മാറ്റുമ്പോൾ പിന്നെ കാണുന്നത് ശൂന്യമായ കല്ലറയാണ്. ശൂന്യമെന്നു പറയുന്ന വാക്കിന് ഇത്രയും പൂർണ്ണതയുണ്ടെന്ന് അപ്പോഴാണ് മനസിലാകുന്നത്. 'ശൂന്യമായ കല്ലറ' എന്ന വാക്ക് പൂർണ്ണതയുടെ പ്രതീകമായി മാറിയിരിക്കുന്നു. അതിനപ്പുറത്തേക്ക് പ്രവേശിക്കുമ്പോൾ ഒരു തിരുശേഷിപ്പ് പോലുമില്ല, എന്താണ് ഇതിന്റെ അർത്ഥം?

മരിച്ചവർ ജീവിച്ചിരിക്കുന്നവരേക്കാൾ സജീവരാണ്. അതിനേക്കാൾ വലിയ സുവിശേഷം എന്തു വേണം മാനവരാശിക്ക്. അതിനേക്കുറിച്ച് നല്ല ധാരണ ഉണ്ടായതുകൊണ്ടാണ് ഗുരുക്കന്മാരും പ്രവാചകന്മാരും സമൂഹത്തിന്റെ വിമോചനങ്ങൾക്കുവേണ്ടി നിലകൊണ്ടവരുമൊക്കെ മരണത്തെ തീരെ ഭയക്കാതെ നിന്നത്. ഓർക്കണം, യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ പത്തുപേരും രക്തസാക്ഷികളായി. കാരണം, അവർ ഉത്ഥാനത്തിന്റെ ആദ്യസാക്ഷികളാണ്. അവർക്കറിയാം, മരണം അവസാനത്തെ വാക്കല്ല. മരണം അടഞ്ഞ വാതിലുമല്ല. അവർക്കുവേണ്ടി തുറന്ന വാതിലാണ്.



# ജനാധിപത്യ യുദ്ധത്തിൽ നാം എവിടെ?

**ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിനും ഭൂരിപക്ഷത്തിന്റെ ഇഷ്ടങ്ങൾക്കുമാണ് മേൽക്കൈ. ഭൂരിപക്ഷത്തെ സൃഷ്ടിക്കുന്ന തീരുമാനം വികാരപരമാകാതെ ബുദ്ധിപരമാകട്ടെ.**

## സമകാലികം



അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ

അഞ്ചാണ്ടിൽ ഒരിക്കലെത്തുന്ന രാഷ്ട്രീയ ഉത്സവത്തിന്റെ കേളികൊട്ട് രാജ്യത്ത് ഉയർന്നിരിക്കുന്നു. രാഷ്ട്രീയ അമിട്ടുകൾ ദിവസേന പൊട്ടിക്കൊണ്ടിരിക്കുന്നു. വാഗ്ദാന പൂത്തിരികൾ വർണ്ണമഴയായി പെയ്തിറങ്ങാൻ ഇനി അധികദിവസങ്ങൾ വേണ്ട. നേട്ടങ്ങളുടെ മത്താപ്പുകളിൽ ഭ്രമിച്ചും ശങ്കിച്ചും നിൽക്കുകയാണ് സാധാരണ പൗരസമൂഹം. ജാതിയും മതവും വർണ്ണവും പ്രദേശവും ന്യൂനപക്ഷവും ഭൂരിപക്ഷവും മധ്യപക്ഷവും എല്ലാം ഇനി ഇഷ്ടവിഷയങ്ങളും വാഴ്ത്തുപാട്ടുകളുമായ് വേദികളിലും ഉച്ചഭാഷണികളിലും മുഴങ്ങും.

അധികാരത്തിന്റെ രഥചക്രങ്ങളിൽ ഞെരിഞ്ഞമർന്നവർക്ക് മരുപ്പച്ചയുടെ ദിനങ്ങൾ. സിംഹാസനവും ചെങ്കോലും അടുത്ത ഊഴത്തിനായി ഉറപ്പിക്കാൻ മണ്ണിലേക്കിറങ്ങിവരും ജനസേവകർ. 1826 ദിവസങ്ങളിൽ ഒരു ദിവസം ജനാധിപത്യ ഇന്ത്യയിലെ 'ഏക് ദിൻ കാ സുൽത്താനായി' സാധാരണക്കാരൻ മാറുന്ന ഉത്സവദിനം. ആഘോഷങ്ങൾക്കും ആർപ്പുവിളികൾക്കും സോഷ്യൽ മീഡിയ യുദ്ധങ്ങൾക്കും അന്തിച്ചർച്ചകൾക്കുമപ്പുറം യുക്തിഭദ്രമായ തീരുമാനം സമ്മതിദായകർ എടുക്കേണ്ട സമയം.

ബഹുജന സുഖവും ബഹുജന ഇഷ്ടവും പരമ പ്രധാനമായി കരുതിയവർ ഭരിച്ച നാടാണിത്. അവരെ നാം മഹാന്മാർ എന്ന് വിളിക്കുന്നു. മഹാനായ അശോകനും മഹാനായ അക്ബറും. അന്ധമായ അച്ചടി-ദൃശ്യ-സാമൂഹ്യ മാധ്യമങ്ങൾ ഒന്നുമില്ലാതിരുന്ന കാലത്തും ഭരണാധികാരികളെ ജനങ്ങൾ അറിഞ്ഞിരുന്നു. അജണ്ട നിശ്ചയിച്ച് വിലക്കെടുക്കപ്പെടുന്ന മാധ്യമങ്ങളിലൂടെയല്ല, മറിച്ച് ജനഹിതം നിറവേറ്റി ജനങ്ങളിലേക്ക് ഇറങ്ങിവന്ന ഭരണാധികാരികൾ എന്ന നിലയിൽ. പൊതുബോധം എന്നത് ഒരു മായിക പ്രപഞ്ചത്തിന്റെ മുഖാവരണത്തിൽ അമർന്ന് മറ്റൊന്നാകുമ്പോൾ തെറ്റ് ശരിയായും ശരി തെറ്റായും വ്യാഖ്യാനിക്കപ്പെടുകയും ആഘോഷിക്കപ്പെടുന്നതൊക്കെയും അമൂല്യം എന്ന് കരുതുകയും ചെയ്യുന്ന ആഗോളീകരണ ജ്വരം നമ്മെയും വിഴുങ്ങുകയാണ്.

നിൽക്കുന്നിടത്തായിരിക്കാൻ ഓടേണ്ട അവസ്ഥയാണിന്ന്. മറ്റൊരാളുടെ ചെരുപ്പിൽ കയറിനിന്ന് അയാളെപ്പോലെ അയാളായി സംസാരിക്കാൻ തിരക്കുകൂട്ടുന്ന പൊയ്മുഖങ്ങളുടെ കാലം. ഈ മത്സര ഓട്ടത്തിൽ കാഴ്ചക്കാരുടെ ഗ്യാലറിയിൽ പോലും നാം ഇല്ലാതെ പോകുന്നു എന്നത് സ്വത്വനഷ്ടമോ നിസംഗതയോ. രണ്ടായാലും അസ്തിത്വത്തിന് ഏൽക്കുന്ന ആഘാതം കനത്തതാണെന്നുമറക്കാതിരിക്കാം. ലാഭനഷ്ടക്കണക്കുനോക്കാതെ നിലപാടും നിശ്ചയവും പ്രഘോഷിച്ച പൂർവികരുടെ പിന്മുറക്കാരാണ് നമ്മൾ. നാടിന്റെ മിടിപ്പുകളിൽനിന്ന് അപകടകരമായ അകലം പാലിക്കുന്ന ഒരു മനോനില എങ്ങനെയോ നമ്മിൽ രൂപപ്പെട്ടിരിക്കുന്നു. 'സത്യത്തിൽ സ്നേഹം' എന്ന ചാക്രിക ലേഖനത്തിൽ പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ എഴുതിയതുപോലെ 'ആഗോളവത്കരണം നമ്മെ അയൽക്കാരാക്കി സഹോദരങ്ങളാക്കിയില്ല. അവനവനിസം അതിന്റെ എല്ലാ തിന്മകളോടും കൂടി നമ്മെ കീഴ്പ്പെടുത്തുകയാണ്.' കൊട്ടാരം പണിത് കാഴ്ചബംഗ്ലാവാക്കി നാം അതിന് കാവലിരിക്കുന്നു. എന്റെ കൊട്ടാരത്തിനും ചുറ്റുമുള്ള കോട്ടക്കുമപ്പുറത്തുള്ള ലോകമാണ് എന്റെ നാളകളെ നിശ്ചയിക്കുന്നത് നാം ഓർത്തില്ല. കുറ്റകരമായ എന്റെ മൗനം നാട്ടിൽ അനീതിക്കും അരാജകത്വത്തിനും അസ്വസ്ഥതയ്ക്കും കാരണമാകുന്നുവെങ്കിൽ തിരിച്ചറിയണം ക്രിസ്തു എന്നിൽ ജീവിക്കുന്നില്ല. 'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.' (ലൂക്ക 4:18-19).

പൊതുമണ്ഡലത്തിൽ നമ്മുടെ സാന്നിധ്യം കേവലം അധികാരക്കസേരകൾക്കല്ലെന്നും ഛായയിൽനിന്ന് സാദൃശ്യത്തിലേക്കുള്ള വളർച്ചയാണെന്നും നമുക്ക് ബോധ്യപ്പെടുത്തേണ്ടതുണ്ട്. പലകാരണങ്ങൾകൊണ്ട് പുതിയ തലമുറ രാഷ്ട്രീയ മണ്ഡലത്തിൽ വിമുഖരാണ്. ഉയർന്നു കേൾക്കുന്നവയിൽ അധികവും അഴിമതിയുടെയും അക്രമത്തിന്റെയും സ്വാർത്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും കഥകളാണ് എന്നത് ഒന്നാമത്തെ കാരണം. നന്മയിലേക്കും ചടുലമായ മാറ്റങ്ങളിലേക്കും വളർച്ചയിലേക്കുമുള്ള കുതിപ്പാണല്ലോ യുവത്വത്തിന്റെ സൗന്ദര്യം. രണ്ടാമതായി, പൊതുമണ്ഡലത്തിൽ നിന്ന് മക്കളെ അകറ്റി നിർത്തുവാനുള്ള മാതാപിതാക്കളുടെ പരിശ്രമം. യു.കെ.ജി.യിൽ പഠിക്കുമ്പോൾത്തന്നെ യു.കെ. സ്വപ്നം കാണുവാൻ പ്രേരിപ്പിക്കുന്നവർ.

രാഷ്ട്രീയം നമ്മുടേതോ, നമുക്ക് പറ്റിയതോ അല്ല എന്ന മനോഭാവം സൃഷ്ടിക്കുന്നുണ്ട്. അന്താരാഷ്ട്ര കുടിയേറ്റങ്ങളുടെ വർത്തമാനകാലത്ത് അതിജീവനവും സാമ്പത്തിക സുരക്ഷിതത്വവും സാമൂഹികാംഗീകാരവും പ്രധാന പരിഗണനാ വിഷയങ്ങളായി മാറുന്നു. വലക്കണ്ണികൾ രൂപപ്പെടുത്തുന്ന മാനറിസങ്ങളിൽ കരുതലിനല്ല, കാഴ്ചക്കാണ് പ്രാധാന്യം.

അപരനിലേക്കുള്ള അകലം വർധിക്കുന്നു. നിന്റെ സഹോദരൻ എവിടെയെന്നുള്ള കായേനോടുള്ള ചോദ്യം ഇന്നും ഉത്തരമില്ലാതെ നമ്മുടെ കാതുകളിൽ മുഴങ്ങുന്നുണ്ട്. സാംസ്കാരിക നിലവാരത്തിലും മൂല്യങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന തകർച്ചയുടെ പ്രതിഫലനമാണ് പ്രതികരണശേഷി നഷ്ടപ്പെട്ട തലമുറ.

രാഷ്ട്രതന്ത്രം പോലെ വളരെ പ്രധാനപ്പെട്ടതും മനുഷ്യജീവിതത്തിന്റെ സകല പരിസരത്തെയും സ്പർശിക്കുന്നതുമായ വിഷയം കൈകാര്യം ചെയ്യുന്നവരിൽ മാനവികതയും ദീർഘവീക്ഷണവും മൂല്യബോധവും ഉള്ള ആളുകൾ കുറഞ്ഞുവരുന്നു എന്നത് ഭാവി അപകടത്തിലാക്കും. സാമൂഹിക പ്രതിബദ്ധത ഉള്ളവരും വിദ്യാസമ്പന്നരുമായ യുവജനങ്ങൾ നാടിന് ദിശാബോധം നൽകാൻ തയ്യാറാകണം. പൊതുമണ്ഡലത്തിൽ അനിവാര്യമായ ശുദ്ധികലശത്തിന് സഹോദരന്റെ കാൽകഴുകി ചുംബിക്കാൻ കുനിഞ്ഞ മുപ്പത്തിമൂന്നുകാരനായ ക്രിസ്തുവിനെ മാതൃകയാക്കാൻ നമുക്ക് കഴിയണം. അത് നാടിന്റെയും സമുദായത്തിന്റെയും നിലനിൽപ്പിന് അത്യാവശ്യമാണ്.

പലായനത്തിന്റെയും പിന്മാറ്റത്തിന്റെയും രാഷ്ട്രാന്തര കുടിയേറ്റത്തിന്റെയും വിലാപഗാനമല്ല, ചെറുത്തുനില്പിന്റെയും പുതുസൃഷ്ടിയുടെയും അതിജീവനത്തിന്റെയും വിജയസങ്കീർത്തനങ്ങളാണ് നമ്മുടെ അധരങ്ങളിൽ ഉയിർകൊള്ളേണ്ടത്.

സാധാരണ മനുഷ്യന്റെ ജീവിതം, തൊഴിലില്ലായ്മ, വർധിച്ച കുടിയേറ്റം, കാർഷിക പ്രശ്നങ്ങൾ, മനുഷ്യ മൃഗസംഘർഷങ്ങൾ, വിലക്കയറ്റം, നികുതിഭാരം, വികസനം, പൊതുമേഖലയുടെ തകർച്ച, കുത്തകവത്കരണം, ബഹുസ്വരത, ഗാന്ധിയൻ മൂല്യങ്ങൾ, മനുഷ്യാവകാശ ധ്വംസനങ്ങൾ, ദൈവവിശ്വാസം, മതസ്വാതന്ത്ര്യം, ന്യൂനപക്ഷ അവകാശങ്ങൾ, മണിപ്പൂർ ഉയർത്തുന്ന ആശങ്കകൾ, അഴിമതി, സ്വജനപക്ഷപാതം, ഭീകരത, ദേശീയത, ജനാധിപത്യവും ഭരണഘടനയും തുടങ്ങിയവയെല്ലാം പരിഗണിച്ചുമാത്രമേ ഉത്തമ ഭാരത പൗരന് സമ്മതിദാന അവകാശം വിനിയോഗിക്കാൻ കഴിയൂ. രാജ്യത്തിന്റെ സമ്പത്ത് വർധിക്കുന്നതോടൊപ്പം അസമത്വം കൂടുന്നു എന്നത് വർധനവിന്റെ ഊന്നൽ വ്യക്തമാക്കുന്നു. പൂർണ്ണവും സ്വതന്ത്രവുമായ കാഴ്ചപ്പാടുകൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യങ്ങളെ സംലഭ്യമാക്കുക എന്നതാണ് യഥാർത്ഥ രാഷ്ട്രീയ പ്രവർത്തനം.

നിലനിൽപ്പും അതിജീവനവും സാധ്യമാക്കാൻ ജാഗ്രതയോടെ ഇടപെടലുകൾ നടത്തേണ്ട കാലമാണിത്. അഞ്ചാണ്ടിന്റെ ഭാവി ഭാരത ഭാഗധേയം നിശ്ചയിക്കപ്പെടുമ്പോൾ നിസ്സംഗത കുറ്റകരമായ പാപമായി തീരും. ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിനും ഭൂരിപക്ഷത്തിന്റെ ഇഷ്ടങ്ങൾക്കുമാണ് മേൽക്കൈ. ഭൂരിപക്ഷത്തെ സൃഷ്ടിക്കുന്ന തീരുമാനം വികാരപരമാകാതെ ബുദ്ധിപരമാകട്ടെ. നടപ്പിലാക്കാതെ പോയ പഴയ വാഗ്ദാനങ്ങളും കൊട്ടിഘോഷിക്കപ്പെടുവാൻ പോകുന്ന പുതിയ കൊതിപ്പിക്കലുകളുടെ പ്രായോഗികതയും നമ്മുടെ ചിന്തയ്ക്ക് ചിറക് നൽകട്ടെ.

കൈയിലെ റാന്തൽവിളക്ക് അണഞ്ഞുപോയതറിയാതെ അതുമായി യാത്ര ചെയ്യുന്ന അന്ധയാചകനെപ്പോലെ ദിശ തെറ്റുന്നതറിയാതെയും ഊന്നലുകൾ ക്രമപ്പെടുത്താതെയുമുള്ള നമ്മുടെ യാത്രയിൽ ഒരു യു-ടേണിന് സമയമായിരിക്കുന്നു. ഇനിയും ഒരു അവസാന വണ്ടിക്കായി കാത്തുനിൽക്കുന്നത് ആത്മഹത്യാപരമാണ്.

'മനുഷ്യനുവേണ്ടി അവന്റെ മഹത്വത്തിനുവേണ്ടി അവന്റെ വിളിക്കുവേണ്ടി താളാത്മകമാക്കിയ ഒരു സമൂഹത്തിനുവേണ്ടി എല്ലാക്കാലത്തും എല്ലാ സാഹചര്യങ്ങളിലും സത്യത്തിന്റെ ദൗത്യം സഭക്ക് നിർവഹിക്കേണ്ടതുണ്ട്' (സത്യത്തിൽ സ്നേഹം).


*(താമരശ്ശേരി രൂപത മുൻ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയാണ് ലേഖകൻ)*

**സ്വർഗത്തിൽ ഏഴാം പിറന്നാൾ**
**(19-04-2024)**




**സാവിയോ വിനു**
**കാലായിൽ, ചക്കിട്ടപാറ**
ജനനം: 02-04-2009 മരണം: 19-04-2017
തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്
(സങ്കീ. 116:15)
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

**4-ാം ചരമ വാർഷികം**
**(16-02-2024)**



**കെ.സി. ജോർജ്ജ് (ബേബിച്ചായൻ)**
**പെരുമാലിൽ, മരുതോങ്കര**
'നീതിമാൻമാരുടെ ആത്മാവ് ദൈവകരങ്ങളിലാണ്. അവരാകട്ടെ ശാന്തി അനുഭവിക്കുന്നു' പ്രിയപ്പെട്ട ചാച്ചയുടെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്- പെരുമാലിൽ ഫാമിലി

**പാവനസ്മരണയ്ക്ക്**
5-ാം ചരമ വാർഷികം (03.02.2024)



**അബ്രഹാം തടത്തിൽ**
മരുതോങ്കര
ജനനം : 05.07.1936 | മരണം : 03.02.2019
സന്തപ്ത കുടുംബാംഗങ്ങൾ

# മലവേപ്പ് അഥവാ ഉടൻ പണം

**മികച്ച വരുമാനം നൽകുന്ന സോഫ്റ്റ് വുഡ് ആയാണ് ഇന്ന് മലവേപ്പ് അറിയപ്പെടുന്നത്. ഏഴു മുതൽ 10 വർഷം കൊണ്ട് മുറിച്ചു വിൽക്കാം. റബറിനെപ്പോലെ പരിചരണം വേണ്ട. ആദായമെടുക്കാൻ വിഷമമില്ല. ഒരേ രീതിയിൽ വളരുന്നതിനാൽ ഒന്നിച്ച് മുതൽമുടക്ക് തിരികെ കിട്ടും. അത്തരത്തിൽ ഗുണങ്ങളേറെ.**

വർഷങ്ങൾ ആദായം തന്ന റബർ മരങ്ങൾ ടാപ്പിങ് പൂർത്തിയായി വെട്ടി ഒഴിവാക്കിയ ശേഷം ഇനിയെന്ത് എന്ന ചോദ്യമുയർന്നപ്പോൾ നിലമ്പൂർ ഇടിവണ്ണയിലെ ഇഞ്ചനാൽ ബാബുവിന് സംശയമൊന്നും ഉണ്ടായിരുന്നില്ല. മലവേപ്പ് നടാം. ഈ മറുപടി കേട്ടവരെല്ലാം അതിശയിച്ചു. അതുവരെ ആ മേഖലയിലൊന്നും പരിചിതമല്ലാത്ത ഒരിനം എങ്ങനെ റബറിന് പകരമാകും. എന്നാൽ സംശയങ്ങളെയും പരിഹാസങ്ങളെയും ബാബു കാര്യമാക്കിയില്ല. 3 ഏക്കർ സ്ഥലത്ത് 2200 മലവേപ്പ് തൈകൾ നട്ടു. ഇപ്പോൾ ഒരു വർഷമായപ്പോഴേയ്ക്കും മികച്ച വളർച്ചാനിരക്ക് കാണിച്ച് മലവേപ്പുതോട്ടം കാണികൾക്കും കൗതുകമാകും വിധം ഉയർന്നു നിൽക്കുന്നു. മികച്ച വരുമാനം നൽകുന്ന സോഫ്റ്റ് വുഡ് ആയാണ് ഇന്ന് മലവേപ്പ് അറിയപ്പെടുന്നത്. ഏഴു മുതൽ 10 വർഷം കൊണ്ട് മുറിച്ചു വിൽക്കാം. റബറിനെപ്പോലെ പരിചരണം വേണ്ട. ആദായമെടുക്കാൻ വിഷമമില്ല. ഒരേ രീതിയിൽ വളരുന്നതിനാൽ ഒന്നിച്ച് മുതൽമുടക്ക് തിരികെ കിട്ടും. അത്തരത്തിൽ ഗുണങ്ങളേറെ. അൽപം പരീക്ഷണത്തിനു കൂടി മുതിരാൻ തയാറെങ്കിൽ മരങ്ങളിൽ കുരുമുളകുവള്ളികൂടി വളർത്തി ലാഭം ഇനിയും വർധിപ്പിക്കാം. മരങ്ങൾക്ക് ഇടയിലുള്ള സ്ഥലത്ത് ഇടവിളയായി ചേമ്പും ചേനയും പോലുള്ള കിഴങ്ങുവർഗങ്ങളുമാകാം. ഇഞ്ചനാൽ ബാബു പറയുന്നു.

പെട്ടെന്ന് വളർന്ന് മുറിച്ചു വിൽക്കാനുള്ള പാകമെത്തുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. അതുകൊണ്ടു തന്നെ കുറഞ്ഞ കാലയളവിൽ കർഷകന് മികച്ച വരുമാനം കിട്ടുന്നു. മലവേപ്പ്, കാട്ടുവേപ്പ്, കാട്ടുകടുക്ക എന്നൊക്കെ ഈ മരം അറിയപ്പെടുന്നു. മിലിയ ഡുബിയ എന്നതാണ് ഇതിന്റെ ശാസ്ത്രനാമം. വളരെ കുറച്ചു സമയം കൊണ്ട് വളരുകയും മികച്ച വരുമാനം നൽകുകയും ചെയ്യും എന്നതാണ് ഇത് കർഷകർക്ക് പ്രിയങ്കരമാക്കുന്നത്. തടിയുടെ ഉപയോഗം വർധിക്കുകയും ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മലവേപ്പ് കൃഷി ലാഭകരമാണെന്നാണ് കൃഷി വിദഗ്ധർ പറയുന്നത്. തേക്ക്, മഹാഗണി പോലുള്ള മരങ്ങൾ വളർന്ന് പാകമെത്താൻ വർഷങ്ങളെടുക്കുമ്പോൾ 10 വർഷത്തിനുള്ളിൽ മുറിച്ചെടുക്കാവുന്ന വലുപ്പത്തിലെത്തുമെന്നതാണ് മലവേപ്പിന്റെ ആകർഷണീയത.

വേപ്പിന്റെ കുടുംബത്തിൽപ്പെട്ട ഈ മരം പശ്ചിമഘട്ടത്തിലും മറ്റു ചെറിയ വനപ്രദേശങ്ങളിലും ധാരാളമായി കാണുന്നു. ചിതൽ പോലുള്ള ഉപദ്രവങ്ങൾ ഇതിനെ ബാധിക്കുന്നില്ല. ഏതു തരം മണ്ണിലും വളരുമെന്നതാണ് ഇതിന്റെ മറ്റൊരു പ്രത്യേകത. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ധാരാളം കർഷകർ മലവേപ്പ് കൃഷിയിലേക്ക് തിരിഞ്ഞു കഴിഞ്ഞു. കേരളത്തിന് പുറത്ത് ആന്ധ്രപ്രദേശ്, ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ പ്ലാന്റേഷൻ രൂപത്തിൽ മലവേപ്പിന്റെ



ഇഞ്ചനാൽ ബാബു മലവേപ്പ് തോട്ടത്തിൽ

കൃഷി വ്യാപകമായിക്കൊണ്ടിരിക്കുകയാണ്.

തോട്ടമായി നടുമ്പോൾ റബർ നടുന്നതു പോലെ തന്നെ പ്ലാറ്റ്ഫോം ഒരുക്കി നടുന്നതാണ് നല്ലതെന്ന് കൃഷിക്കാർ പറയുന്നു. വളപ്രയോഗം കൂടിയുണ്ടെങ്കിൽ വളർച്ച വളരെ പെട്ടന്ന് ആകും. ഏഴു വർഷം കൊണ്ട് 40 അടിയിലേറെ ഉയരവും നാല് അടിയിലധികം വണ്ണവും വയ്ക്കുമെന്ന് ബാബു പറയുന്നു.

നട്ടുകഴിഞ്ഞ് 6 വർഷം കൊണ്ട് വിളവെടുത്തു തുടങ്ങാം 10 വർഷംകൊണ്ട് നല്ല വരുമാനം നേടിത്തരാൻ ഈ വൃക്ഷത്തിന് കഴിയും. രണ്ടു വർഷം കൊണ്ട് 20 അടിവരെ ഉയരം വയ്ക്കും. 8:8 അകലത്തിലാണ് തൈകൾ നടുന്നത്. 16:16 ആണ് റബർ നടുന്നതിനുള്ള അകലം. അപ്പോൾ ഒരു റബറിന്റെ അകലത്തിൽ 4 വേപ്പ് നടാൻ സാധിക്കും. ശിഖരങ്ങൾ കോതിക്കൊടുത്തും പടുമുളകൾ അടർത്തി മാറ്റിയും പരിചരിച്ചാൽ ഒറ്റത്തടിയായി വളർന്നുകൊള്ളും.

വിത്തുകൾ പാകിയാണ് തൈകൾ മുളപ്പിക്കുന്നത് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നന്നായി ഒരുക്കിയ തടങ്ങളിൽ വിത്ത് പാകാം. നന്നായി നനച്ചുകൊടുക്കണം പാകമാകുമ്പോൾ പറിച്ചു നടാം. വൃക്ഷത്തൈകൾ മഴയില്ലാത്ത സമയങ്ങളിൽ 15 ദിവസത്തെ ഇടവേളയിൽ നനച്ചു കൊടുക്കാം. കാര്യമായ വളപ്രയോഗങ്ങൾ ആവശ്യമില്ല. ഇടവിളയായി കിഴങ്ങു വർഗങ്ങൾ നട്ടാൽ കൂടുതൽ ഫലപ്രദമായി കൃഷിയിടത്തെ മാറ്റാനും സാധിക്കും. ഏറ്റവും വേഗം വളരുന്ന ഈയിനം മരങ്ങളാണ് പ്ലൈവുഡിന് പ്രധാനമായും ഉപയോഗിക്കുന്നത്. തീപ്പെട്ടി കമ്പനികളും സോഫ്റ്റ് വുഡ് ഇൻഡസ്ട്രീസ്, ബയോ ഫ്യൂവൽ എന്നിവയ്ക്കും ഉപയോഗിക്കുന്നു.



ഫോൺ: **9446731882**

## മലവേപ്പ് പ്രത്യേകതകൾ


- ഏതു തരം മണ്ണിലും വളരും
- ചിതൽ പോലുള്ള ഉപദ്രവങ്ങൾ ബാധിക്കുന്നില്ല
- ഏഴു വർഷം കൊണ്ട് 40 അടിയിലേറെ ഉയരവും നാല് അടിയിലധികം വണ്ണവും
- 8:8 അകലത്തിൽ തൈകൾ നടാം.
- കാര്യമായ വളപ്രയോഗങ്ങൾ ആവശ്യമില്ല.
- ഇടവിളയായി കിഴങ്ങുവർഗങ്ങൾ നടാം.
- മരങ്ങളിൽ കുരുമുളകുവള്ളികൂടി വളർത്തി ലാഭം വർധിപ്പിക്കാം.

പാവനസ്മരണയ്ക്ക്
3-ാം ചരമവാർഷികം 16-03-2024
1-ാം ചരമവാർഷികം 19-02-2024


ജോസഫ്
മുണ്ടപ്ലാക്കൽ
തോട്ടുമുക്കം
മറിയം ജോസഫ്
മുണ്ടപ്ലാക്കൽ
തോട്ടുമുക്കം
സ്നേഹസ്മരണകളോടെ, മക്കൾ, കൊച്ചുമക്കൾ, കുടുംബാംഗങ്ങൾ, ബന്ധുമിത്രാദികൾ

ഒന്നാം ചരമവാർഷികം
(16-03-2024)

മേരി തോമസ്
കട്ടക്കയം, പൂതംപാറ
ജനനം: 12-05-1932 മരണം: 16-03-2023
പ്രാർത്ഥനയോടെ, കട്ടക്കയം കുടുംബാംഗങ്ങൾ


VIMALA
BOOK CENTRE
AMALAPURI
KOZHIKODE - 673 001
ക്രിസ്തീയ ഭക്തവസ്തുക്കളുടെ ശേഖരം
തിരുവസ്ത്രങ്ങൾ, രൂപങ്ങൾ, സക്രാരി, കാസ, പീലാസ, ഫോട്ടോ ഫ്രെയിം, പ്രാർത്ഥനാ പുസ്തകങ്ങൾ ജപമാല, ഭക്തവസ്തുക്കൾ Etc..
TIME: 9.30 AM TO 6.00 PM
+91 8089 423 888
0495 276 12 07

# ആത്മവിശ്വാസമാണ് കൈമുതൽ

**പാദരക്ഷാ നിർമാണ രംഗത്തെ മുൻനിര ബ്രാൻഡായ 'വിൻഹീൽസ്' മാനേജിങ് ഡയറക്ടർ ബാബു മാളിയേക്കലുമായി മലബാർ വിഷൻ പ്രതിനിധി നടത്തിയ അഭിമുഖം**


ബാബു മാളിയേക്കൽ

> കിനാലൂർ KSIDC ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലാണ് വിൻഹീൽസിന്റെ ഫാക്ടറി. ഒരേക്കറോളം സ്ഥലത്ത് മുപ്പതിനായിരത്തോളം സ്ക്വയർ ഫീറ്റ് ബിൽഡ് അപ്പ് ഏരിയയുള്ള ഫാക്ടറിയിൽ നൂറോളം തൊഴിലാളികൾ ജോലി ചെയ്യുന്നു.

● *പാദരക്ഷാ നിർമാണത്തിലേക്ക് എത്തിയത് എങ്ങനെയാണ്?*

● ബാഗ് നിർമാണമേഖലയിലായിരുന്നു എന്റെ കുടുംബം പ്രവർത്തിച്ചിരുന്നത്. സ്വാഭാവികമായും ഞാനും അതിന്റെ ഭാഗമായി. ആയിടയ്ക്കാണ് തൃശ്ശൂർ ആസ്ഥാനമായ മെട്രോ എന്ന കമ്പനിക്കുവേണ്ടി ചെരുപ്പുകളുടെ സ്റ്റിക്കർ വർക്കുകൾ ചെയ്യാൻ അവസരം ലഭിച്ചത്. കച്ചവടം കുറഞ്ഞ് കമ്പനി പ്രതിസന്ധിയിലായ ഘട്ടത്തിലാണ് സ്റ്റിക്കർ വർക്കുകൾ വച്ച് ചെരുപ്പുകളിൽ പരീക്ഷണം നടത്താൻ അവർ എന്നെ സമീപിക്കുന്നത്. ഞാൻ തയ്യാറാക്കിയ സ്റ്റിക്കർ വർക്കുകളോടെ ചെരുപ്പുകൾ വിപണിയിലെത്തി. അത് വിജയമായി. പിന്നീടങ്ങോട്ട് കമ്പനി നല്ല രീതിയിൽ വളർന്നു. കുറേക്കാലം ഞാനും അവിടെ ജോലി ചെയ്തു. പുറത്തു നിന്നും സ്റ്റിക്കർ വർക്കുകൾക്കായി ഓഡറുകൾ വന്നു തുടങ്ങി. പക്ഷെ, മറ്റു കമ്പനികൾക്ക് വർക്ക് കൊടുക്കുന്നത് മെട്രോ ഉടമകൾക്ക് സ്വീകാര്യമായിരുന്നില്ല. ആ ഒരു പ്രതിസന്ധിയെ ഞാൻ ഒരവസരമായി കണ്ടു. ലഭിച്ചുകൊണ്ടിരിക്കുന്ന നല്ല പ്രതിഫലം വേണ്ടെന്നുവച്ച് മെട്രോ കമ്പനിയിൽ നിന്നു രാജിവച്ചു. സ്വന്തമായൊരു നിർമാണ കമ്പനി ആരംഭിക്കണമെന്ന് തീരുമാനിച്ചാണ് മെട്രോയിൽ നിന്നും ഇറങ്ങിയത്. ആ യാത്രയാണ് ഇപ്പോൾ വിൻഹീൽസിൽ എത്തി നിൽക്കുന്നത്.

● *ആദ്യകാലത്തെ പ്രതിസന്ധികൾ എന്തെല്ലാമായിരുന്നു? അതിനെ എങ്ങനെ നേരിട്ടു?*

● തൊഴിൽ അറിയാം എന്നതുമാത്രമായിരുന്നു എന്റെ ഇൻവെസ്റ്റ്മെന്റ്. കമ്പനി തുടങ്ങാൻ ആവശ്യമായ പണം എന്റെ കയ്യിൽ ഉണ്ടായിരുന്നില്ല. കുറച്ച് ചെരുപ്പുകൾ ഡിസൈൻ ചെയ്തു. കോഴിക്കോടും മറ്റുമുള്ള കമ്പനികളിൽ ഈ ഡിസൈൻ കാണിച്ചു. എല്ലാവർക്കും അത് ഇഷ്ടമായി. അവരിൽ നിന്ന് അഡ്വാൻസ് തുക വാങ്ങി അസംസ്കൃത വസ്തുക്കൾക്കുള്ള ഫണ്ട് കണ്ടെത്തി. പിന്നീട് മെഷീനുകൾ എങ്ങനെ വാങ്ങും എന്നതായിരുന്നു പ്രശ്നം. സാധാരണ തയ്യൽ മെഷീനുകളെ രൂപമാറ്റം വരുത്തി ചെരുപ്പിന്റെ സ്റ്റിച്ചിങ്ങിന് ഉപകാരപ്പെടുത്താമെന്ന് ടെക്നീഷ്യന്മാരുടെ സഹായത്തോടെ കണ്ടെത്തി. നാട്ടിലെ തയ്യൽ മെഷീനുള്ള നൂറോളം വീടുകളിൽ പ്രോജക്ടുമായി കയറിയിറങ്ങി. അവർ ഉത്സാഹത്തോടെ അത് സ്വീകരിച്ചു. അങ്ങനെ സ്വന്തമായി ഫാക്ടറിയില്ലാതെ ഞാൻ ആദ്യമായി ചെരുപ്പുകൾ നിർമ്മിച്ച് കമ്പനികളിൽ എത്തിച്ചു. കുറേക്കാലം അങ്ങനെ പോയി. ഞങ്ങൾ ചെരുപ്പുകൾ കൊടുത്തുകൊണ്ടിരുന്ന കമ്പനി സാമ്പത്തിക അച്ചടക്കമില്ലാത്തതിനെത്തുടർന്ന് പ്രതിസന്ധിയിലായി. അത് ഞങ്ങളെയും ബാധിച്ചു. നിർമ്മാണം നിർത്തിവെയ്ക്കേണ്ട അവസ്ഥയിലായി. പിന്നീടാണ് കോഴിക്കോട് കല്ലായിയിൽ ഒരു മുറി വാടകയ്ക്കെടുത്ത് മറ്റൊരു കമ്പനി ആരംഭിക്കുന്നത്. ചെരുപ്പുകളുടെ മുകൾ ഭാഗം, സ്റ്റിക്കർ വർക്കുകൾ, ഡിസൈനുകൾ, സാങ്കേതിക സഹായങ്ങൾ എന്നിങ്ങനെയുള്ള സേവനങ്ങളാണ് കമ്പനി നൽകിയിരുന്നത്. ചെറുതും വലുതുമായ പല കമ്പനികളും ഞങ്ങളുടെ സഹായം തേടി. ആ കമ്പനികളെക്കുറിച്ചും അവരുടെ ബ്രാൻഡിങ്ങിനെക്കുറിച്ചും പഠിക്കാൻ ഞാൻ ആ അവസരം വിനിയോഗിച്ചു. 2003–ൽ ഹെൽത്ത് കെയർ ചെരുപ്പുകൾ ചെറിയ തോതിൽ നിർമിച്ചുകൊണ്ട് വീണ്ടും പാദരക്ഷാ നിർമ്മാണ രംഗത്തേക്കിറങ്ങി. 2007–ൽ വിൻഹീൽസ് എന്ന ബ്രാൻഡിൽ വ്യാവസായിക അടിസ്ഥാനത്തിൽ ചെരുപ്പുകൾ നിർമിച്ചു തുടങ്ങി.

● *കേരളത്തിലെ ആദ്യത്തെ പാദരക്ഷാ ഗുണമേന്മാ പരിശോധന ലാബ് ആരംഭിച്ചതു വിൻഹീൽസാണ്. വിപണിക്ക് പുതുമയായ കാര്യങ്ങൾ എങ്ങനെയാണ് കണ്ടെത്തി അവതരിപ്പിക്കുന്നത്?*

● ഉപഭോക്താക്കളുടെ അഭിപ്രായങ്ങൾ അറിയാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. അത് കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കും. ഒരിക്കൽ ഇടുക്കിയിൽ നിന്ന് ഒരു കത്തു വന്നു. ചെരുപ്പിന് തേയ്മാനം കൂടുതലാണെന്ന് ആ കത്തിൽ എഴുതിയിരുന്നു. പോളി യൂറിത്തീൻ സോൾ നൽകിയാൽ തേയ്മാനം കുറയുമെന്ന് തോന്നി. നിലവിൽ ചെരുപ്പ് നിർമിച്ചുകൊണ്ടിരിക്കുന്ന വസ്തുവും പോളി യൂറിത്തീനും തമ്മിൽ ചേരില്ല. അവയെ തമ്മിൽ ചേർക്കുന്നതിനായി എന്തു ചെയ്യാൻ കഴിയുമെന്ന് പല വിദഗ്ധരോടും അന്വേഷിച്ചു. പക്ഷേ, നിരാശയായിരുന്നു ഫലം. ആയിടയ്ക്ക് ചെന്നൈയിൽ നടന്ന ഒരു എക്സ്പോയിൽ ജർമൻ കെമിക്കൽ കമ്പനിയായ ഹെൻകെലിന്റെ സ്റ്റാളിൽ വച്ച് അവരുടെ ഒരു വിദഗ്ധനെ പരിചയപ്പെട്ടു. അദ്ദേഹം പുതിയൊരു കെമിക്കൽ ഉണ്ടാക്കി എന്റെ ആവശ്യം നിറവേറ്റി. 2013–ൽ ആ കെമിക്കൽ ഉപയോഗിച്ച് പി.യു. വിത്ത് എം.സി.ആർ ടെക്നോളജി വികസിപ്പിച്ച് പേറ്റന്റ് നേടി. ഗുണമേന്മ പരിശോധനാ ലാബ് എന്ന ആശയം ലഭിക്കുന്നത് 2019–ൽ അമേരിക്കയിലെ ലാസ് വേഗസിൽ നടന്ന ഒരു ഫുട്‌വെയർ എക്സിബിഷനിൽ പങ്കെടുത്തപ്പോഴാണ്.

● *വിൻഹീൽസ് ചെരുപ്പുകളുടെ പ്രത്യേകതകൾ, ഫാക്ടറി, വിതരണശൃഖല, അടുത്ത പ്രോജക്ട് എന്നിവയെക്കുറിച്ച് പറയാമോ?*

● ആരോഗ്യം, ആനന്ദം, അന്തസ്സ് എന്നതാണ് ഞങ്ങളുടെ മോട്ടോ. ഇന്ന് 200–ൽ അധികം മോഡലുകളിൽ ചെരുപ്പ് നിർമിക്കുന്നു. 2017–ൽ കിനാലൂർ കെഎസ്ഐഡിസി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഫാക്ടറി സ്ഥാപിച്ചു. ഒരേക്കറോളം സ്ഥലത്ത് മുപ്പതിനായിരത്തോളം സ്ക്വയർ ഫീറ്റ് ബിൽഡ് അപ്പ് ഏരിയയുള്ള ഫാക്ടറിയിൽ നൂറോളം തൊഴിലാളികൾ ജോലി ചെയ്യുന്നു. ദിവസം എണ്ണായിരത്തോളം ജോഡി ചെരുപ്പുകളാണ് നിർമിക്കുന്നത്. ഈ ചെരുപ്പുകളെല്ലാം ലാബിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയ ശേഷമേ വിപണിയിലേക്ക് അയയ്ക്കൂ. അതാണ് ഞങ്ങളെ വേറിട്ടു നിർത്തുന്നത്. കേരളത്തിനു പുറമെ തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, ഒറീസ എന്നിവിടങ്ങളിൽ വിൻഹീൽസ് വിപണിയിലുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നെസ്റ്റോ ഗ്രൂപ്പാണ് വിതരണക്കാർ. ഇതുവരെ ഓപ്പൺ ഫുട്‌വെയറിലാണ് ശ്രദ്ധിച്ചിരുന്നത്. ഇനി ഷൂസുകൾ കൂടി വിപണിയിലിറക്കാനാണ് പരിശ്രമിക്കുന്നത്.

● *കേരളം വ്യവസായ സൗഹൃദമാണോ? താങ്കളുടെ അനുഭവത്തിൽ ഇവിടുത്തെ വ്യാവസായിക അന്തരീക്ഷത്തെക്കുറിച്ച് എന്തു തോന്നുന്നു? വിശദീകരിക്കാമോ?*

● കേരളം വ്യവസായ സൗഹൃദമാണ്. മറിച്ച് അഭിപ്രായപ്പെടുന്നവർ രണ്ടു തരത്തിലുള്ളവരാണ്. ഒന്ന്, വ്യവസായരംഗവുമായി ഒരു ബന്ധവുമില്ലാത്തവർ. രണ്ട്, കൃത്യമായി അറിവില്ലാതെ വ്യവസായ രംഗത്തേക്ക് എത്തുന്നവർ. കെ സ്വിഫ്റ്റ് എന്ന പോർട്ടലിലൂടെ ഇപ്പോൾ 10 മിനിറ്റു കൊണ്ട് ഒരു വ്യവസായം തുടങ്ങാൻ കഴിയും. മൂന്നര വർഷത്തിനുള്ളിൽ ബാക്കി പേപ്പറുകൾ സബ്മിറ്റ് ചെയ്താൽ മതി. ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് ഇത്തരമൊരു സൗകര്യമുള്ളത്. ചെറുകിട വ്യവസായങ്ങൾക്ക് ഇവിടെ ഇനിയും സാധ്യതയുണ്ട്. നോക്കുകൂലി പോലുള്ള വിഷയങ്ങളിൽ നിയമ വഴി തേടണം. ഒരു വ്യവസായി ഇത്തരം പ്രതിസന്ധികളെ മെരുക്കിയെടുക്കുകയാണ് ചെയ്യേണ്ടത്. അതൊരു സ്കില്ലു തന്നെയാണ്. പ്രശ്നത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് പ്രധാനം.

● *കേരളത്തിലെ പാദരക്ഷാ വിപണി മൂല്യം 3,000 കോടി പിന്നിട്ടിരിക്കുകയാണ്. ചെറുതും വലുതുമായ നിരവധി പാദരക്ഷാ നിർമ്മാണ കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. പുതിയൊരു സംരംഭകന് ഈ മേഖലയിൽ ഇനി സാധ്യതയുണ്ടോ? കാഴ്ചപ്പാട് പങ്കുവയ്ക്കാമോ?*

● വ്യവസായ മേഖലയ്ക്ക് എപ്പോഴും സാധ്യതയുണ്ട്. ഞാൻ ഈ രംഗത്തേക്ക് വരുമ്പോൾ എന്നെക്കാൾ അനുഭവസമ്പത്തുള്ളവരായിരുന്നു ഇവിടെയുണ്ടായിരുന്നത്. അവരോട് എനിക്ക് മത്സരിക്കാൻ കഴിഞ്ഞത് ഞാൻ കൊണ്ടുവന്ന പുതുമകൊണ്ടാണ്. വിപണിയിൽ ഒരു പുതുമകൊണ്ടുവരാൻ കഴിയണം. ആരും നമുക്ക് സ്പേസ് തരില്ല. നമ്മുടെ സ്പേസ് നമ്മൾ തന്നെ കണ്ടെത്തണം. ഇൻഡസ്ട്രിക്ക് എപ്പോഴും ആവശ്യങ്ങളുണ്ട്. ആ ആവശ്യങ്ങൾ തിരിച്ചറിയാൻ കഴിയുന്നതാണ് ഒരു സംരംഭകന്റെ മിടുക്ക്.

● *വിദേശങ്ങളിലെ വൻകിട ബ്രാൻഡുകൾ കേരളത്തിലെ പാദരക്ഷാ വ്യവസായത്തിന് ഭീഷണിയാകുന്നുണ്ടോ? ജിഎസ്ടി വർധന, ബിഐഎസ് ഏർപ്പെടുത്തൽ തുടങ്ങിയവ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ? വിശദമാക്കാമോ?*

● വൻകിട ബ്രാൻഡുകൾ ഭീഷണയല്ല. നോക്കിയയുടെ ചരിത്രം നോക്കൂ, മൊബൈൽ ഇൻഡസ്ട്രിയിലെ അതികായന്മാരായിരുന്നു. ഒരു സമയം കഴിഞ്ഞപ്പോൾ അവർ വളരെയേറെ പിന്നോക്കം പോയി. നമ്മുടെ കയ്യിലെ പുതുമയാണ് വിപണിക്ക് ആവശ്യം. ആ പുതുമ കൊടുക്കാൻ കഴിഞ്ഞാൽ ഏത് വൻകിട ബ്രാൻഡും നമുക്ക് ഭീഷണിയാകില്ല. വ്യവസായ മേഖലയിൽ എപ്പോഴും താൽകാലിക പ്രതിസന്ധികൾ വന്നുകൊണ്ടിരിക്കും. ബിഐഎസ് ഏർപ്പെടുത്തൽ, ജിഎസ്ടി വർധന ഇതൊക്കെ അത്തരത്തിലുള്ള പ്രതിസന്ധികളാണ്. അത് സ്ഥായിയായി നിൽക്കുന്ന പ്രശ്നങ്ങളല്ല. സർക്കാരുകൾ ഒരു നിയമം കൊണ്ടുവരുമ്പോൾ ജനാധിപത്യ രീതിയിൽ നമ്മുടെ പ്രശ്നങ്ങൾ സർക്കാരിന്റെ മുമ്പിൽ അവതരിപ്പിക്കാം. മാറ്റാൻ പറ്റുന്നവ മാറ്റാൻ സർക്കാരുകൾ ശ്രമിക്കും. ഇനി അതിൽ മാറ്റമില്ലെങ്കിൽ അതുമായി പൊരുത്തപ്പെട്ട് അതിനെ അതിജീവിക്കാൻ ശ്രമിക്കണം. അതിൽ തന്നെ കടിച്ചു തൂങ്ങിയതുകൊണ്ട് കാര്യമില്ല.

● *കുടുംബം: ഭാര്യ, മക്കൾ....*

● കുടുംബം തന്നെയാണ് എന്റെ ശക്തി. പ്രതിസന്ധിഘട്ടങ്ങളിൽ കൂടെയുള്ള പലരും കയ്യൊഴിയും. എന്നാൽ കുടുംബം നമ്മോടു ചേർന്നു നിൽക്കും. എന്റെ അനുഭവം അതാണ്. പ്രശ്നങ്ങളുടെ ഔഷധം കുടുംബം തന്നെയാണ്. ഭാര്യ സോണിയ. മക്കൾ സാൻജോ, സെറാഫിൻ, സ്നാവോ. കമ്പനിയുടെ അക്കൗണ്ട് സംബന്ധമായ കാര്യങ്ങൾ നോക്കുന്നത് സോണിയയാണ്. മാർക്കറ്റിങ്ങും ഫ്ളോർ ഇൻ ചാർജുമാണ് സാൻജോ. സെറാഫിൻ ബി.ടെക് വിദ്യാർത്ഥിനിയാണ്. സ്നാവോ ബികോം അവസാന വർഷ വിദ്യാർത്ഥിയാണ്.

**തയ്യാറാക്കിയത്: ജിൽസൺ ജോസ്, ചിത്രം: രജിൻ ജോസ്**

WIN HEELS
First N foremost



# സ്മാർട്ടായി പഠിച്ചാൽ സർക്കാർ ജോലി ഉറപ്പ്

**കേരള പിഎസ്‌സി നടത്തിയ സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് (റാങ്ക് 148), എസ്ബി സിഐഡി (റാങ്ക് 78), ഹാൻഡി ക്രാഫ്റ്റ് കോർപ്പറേഷൻ അസിസ്റ്റന്റ് (രണ്ടാം റാങ്ക്), എൽഡി ക്ലാർക്ക് (തിരുവനന്തപുരം), നാഷണൽ സേവിങ്സ് അസി. ഡയറക്ടർ തുടങ്ങി നിരവധി പരീക്ഷകളിൽ മികച്ച റാങ്ക് കരസ്ഥമാക്കിയ സുബിൻ മാത്യു ഈ വർഷത്തെ പിഎസ്‌സി പരീക്ഷകളെക്കുറിച്ചും എങ്ങനെ തയ്യാറെടുക്കണമെന്നതിനെക്കുറിച്ചും വിശദീകരിക്കുന്നു**

## കരിയർ കോർണർ



**സുബിൻ മാത്യു കൂനംതടത്തിൽ**

സർക്കാർ ജോലി ആഗ്രഹിക്കുന്നവർക്ക് പ്രത്യേകിച്ച് കേരള സർക്കാർ സർവീസ് ലക്ഷ്യം വയ്ക്കുന്നവർക്ക് 2024 നേക്കാൾ മികച്ച വർഷമില്ലെന്നു തന്നെ പറയാം. കാരണം ഈ വർഷം അത്രയധികം പരീക്ഷകളാണ് കേരള പിഎസ്‌സി നടത്താനിരിക്കുന്നത്. സ്മാർട്ടായി പ്രവർത്തിച്ചാൽ ഏതൊരു വ്യക്തിക്കും അടുത്തവർഷം സർക്കാർ ഉദ്യോഗത്തിൽ പ്രവേശിക്കാം.

### 2024-ലെ പ്രധാന പരീക്ഷകൾ

ഈ വർഷം നടത്തപ്പെടാനിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പരീക്ഷകളിൽ ഒന്ന് ലോക്കൽ സെൽഫ് ഗവൺമെന്റ് സർവീസ് (LSGS) ആണ്. മുൻസിപ്പൽ സെക്രട്ടറി, ബ്ലോക്ക് സെക്രട്ടറി, പഞ്ചായത്ത് സെക്രട്ടറി തുടങ്ങിയ ഗസറ്റഡ് തസ്തികകളിലേക്കാണ് ഈ പരീക്ഷ. ആകർഷക ശമ്പളവും മികച്ച സ്ഥാനക്കയറ്റവും ലഭിക്കുന്നതാണ് ഈ പോസ്റ്റുകൾ. ചെറിയ പ്രായത്തിൽ പഞ്ചായത്ത് സെക്രട്ടറി പോസ്റ്റിൽ സർവീസ് ആരംഭിക്കുന്നവർ അവസാന കാലഘട്ടത്തിൽ ഐഎഎസ് ലഭിച്ച് കലക്ടർ സ്ഥാനത്ത് എത്തിപ്പെടാനുള്ള സാധ്യതയുണ്ട്. ഗസറ്റഡ് റാങ്കിലുള്ള മറ്റു പരീക്ഷകളാണ് പോലീസ് സബ് ഇൻസ്പെക്ടർ, കേരള ബാങ്ക് അസിസ്റ്റൻറ് മാനേജർ തുടങ്ങിയവ.

ഇതിനൊപ്പം പ്ലസ്ടു നിലവാരത്തിലുള്ള സിവിൽ പോലീസ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തുടങ്ങിയ പരീക്ഷകളും ഈ വർഷം തന്നെ നടക്കും. നിരവധി അധ്യാപന ജോലി ഒഴിവുകളുമായി എൽപി, യുപി അസിസ്റ്റൻറ് പരീക്ഷ നോട്ടിഫിക്കേഷനും വന്നു കഴിഞ്ഞു.

കേരള പിഎസ്‌സി നടത്തുന്ന പരീക്ഷകളിൽ ഏറ്റവും കൂടുതൽ നിയമനം നടത്തപ്പെടുന്ന രണ്ട് തസ്തികകളാണ് എൽഡി ക്ലർക്ക്, എൽജിഎസ് (ലാസ്റ്റ് ഗ്രേഡ് സർവന്റ്) എന്നിവ. ഓരോ ജില്ലയിലും ആയിരത്തിലധികം ഒഴിവുകളാണ് ഈ പരീക്ഷകൾ വഴി നികത്തപ്പെടുക. അതായത് കേരളത്തിലാകമാനം 20,000-ൽ അധികം പേർ ഈ പരീക്ഷ വഴി സർക്കാർ സർവീസിൽ എത്തും. എൽജിഎസ് പരീക്ഷ എഴുതാൻ വേണ്ട യോഗ്യത ഏഴാം ക്ലാസും, എൽഡി ക്ലർക്കിന് വേണ്ടത് പത്താം ക്ലാസ് യോഗ്യതയും മാത്രമാണ്. പ്രായപരിധി ജനറൽ കാറ്റഗറിക്ക് 36 വയസും ഒബിസി വിഭാഗത്തിന് 39 വയസുമാണ്. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ ഭൂരിഭാഗം യുവാക്കൾക്കും ശ്രമിക്കാവുന്ന പരീക്ഷകളാണ് ഇവയൊക്കെ. ഈ തസ്തികകളിലേക്ക് അപേക്ഷിച്ചവർ എങ്ങനെ പരീക്ഷയെ സമീപിക്കണമെന്നു നോക്കാം.

### മാറ്റങ്ങൾ അറിഞ്ഞു പഠിക്കാം

ഒരുകാലത്ത് കേരള പിഎസ്‌സി പരീക്ഷ എന്നത് ഓർമ്മശക്തി പരീക്ഷണം എന്ന നിലയിലേക്ക് ചുരുങ്ങിയിരുന്നു. റാങ്ക് ഫയലുകളും ഗൈഡുകളും പലവട്ടം വായിച്ച് മനഃപാഠമാക്കുന്നവർക്കായിരുന്നു പരീക്ഷകളിൽ മുൻതൂക്കം കിട്ടിയിരുന്നത്.

എന്നാൽ 2019-ന് ശേഷം കേരള പിഎസ്‌സി പരീക്ഷകൾ സമൂലം മാറി. 2019 കെഎഎസ് പരീക്ഷ നിലവിൽ വന്നതാണ് ഈ മാറ്റത്തിന് ആധാരം. ചോദ്യരീതിയിലും പരീക്ഷാ സമ്പ്രദായത്തിലും സിലബസിലും പ്രകടമായ മാറ്റങ്ങൾ കാണാം.

2019 മുൻപ് കേരള പിഎസ്‌സി പരീക്ഷ ചോദ്യഘടന കൂടുതലും വൺ വേഡ് ടൈപ്പ് ആയിരുന്നു. അത്തരം ചോദ്യങ്ങൾ കൂടുതലും ഓർമ്മശക്തി പരീക്ഷിക്കുക എന്നതിനെ പ്രോത്സാഹിപ്പിച്ചു. നിലവിൽ പ്രസ്താവന ചോദ്യങ്ങൾക്ക് (Statement Questions) ആണ് പ്രാമുഖ്യം. ഇത്തരം ചോദ്യങ്ങൾ അനലിറ്റിക്കൽ എബിലിറ്റിയെ പരീക്ഷിക്കുന്നു.

മുൻപ് പിഎസ്‌സി പരീക്ഷ ഒറ്റ പരീക്ഷയിൽ ഒതുങ്ങിയിരുന്നു. അതായത് 100 ചോദ്യങ്ങൾ അടങ്ങിയ ഒന്നേകാൽ മണിക്കൂർ പരീക്ഷ. ഒറ്റ പരീക്ഷയിൽ മികച്ച മാർക്ക് വാങ്ങിയാൽ ജോലിയിൽ കയറാം. എന്നാൽ ഇന്ന് ഭൂരിഭാഗം പരീക്ഷകളും പ്രിലിംസ്, മെയിൻസ് എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായാണ് നടത്തുന്നത്. ഗസറ്റ് റാങ്കുകളിലേക്ക് ഇത് കൂടാതെ ഇൻറർവ്യൂ കൂടെ പാസ്സാവണം. ഇത്തവണ എൽഡി ക്ലർക്ക്, എൽജിഎസ് തസ്തികകൾക്ക് ഒറ്റത്തവണ പരീക്ഷ മാത്രമേ ഉണ്ടാകൂ എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്

മറ്റൊരു പ്രധാന മാറ്റം വന്നത് സിലബസിലാണ്. കേരള ഭരണം, ഭരണസംവിധാനങ്ങൾ, സുപ്രധാന നിയമങ്ങൾ തുടങ്ങിയ പുതിയ മേഖലകൾ സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ശ്രമിച്ചാൽ നേടാം

പരീക്ഷാ സിലബസ് അപഗ്രഥിച്ച് കൂടുതൽ മാർക്ക് ലഭിക്കാവുന്ന വിഷയങ്ങൾ കണ്ടെത്തുക എന്നതാണ് തയ്യാറെടുപ്പിന്റെ ആദ്യഘട്ടം. ഇതിനൊപ്പം പുതിയ പാറ്റേണിലെ പിഎസ്‌സി ചോദ്യപേപ്പറുകൾ പരിശോധിക്കണം. ചോദ്യപേപ്പറുകളും ഉത്തരസൂചികയും പിഎസ്‌സി വെബ്സൈറ്റിൽ സൗജന്യമായി ലഭിക്കും.

സിലബസും ചോദ്യപേപ്പറും കൃത്യമായി വിശകലനം ചെയ്യുന്നതിലൂടെ ഏതു വിഷയങ്ങൾക്ക് പ്രാധാന്യം നൽകണം എന്ന് മനസിലാക്കാൻ കഴിയും. മുൻ വർഷ ചോദ്യ പേപ്പറുകൾ ചെയ്തു പരിശീലിക്കാനും ശ്രദ്ധിക്കണം.

പുതിയ പാറ്റേൺ ചോദ്യങ്ങൾ കൂടുതലും അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് എസ്.സി.ഇ.ആർ.ടി സ്കൂൾ പാഠപുസ്തകങ്ങളെയാണ്. അതിനാൽ പഠന മെറ്റീരിയലിനായി നെട്ടോട്ടം ഓടേണ്ട ആവശ്യമില്ല. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള സ്കൂൾ പാഠപുസ്തകങ്ങൾ സിലബസ് അനുസരിച്ച് കൃത്യമായി പഠിച്ചു മനസിലാക്കുക. ഈ പാഠപുസ്തകങ്ങൾ സൗജന്യമായി കേരള സർക്കാരിന്റെ സമഗ്ര വെബ് പോർട്ടലിൽ ലഭ്യമാണ് (www.samagra.kite.kerala.gov.in).

ഡിഗ്രി ലെവൽ പരീക്ഷകൾക്ക് എൻ.സി.ഇ.ആർ.ടി ബുക്കുകൾ കൂടി പഠിക്കാൻ ശ്രദ്ധിക്കണം. ലക്ഷ്യബോധത്തോടെ പരിശ്രമിച്ചാൽ കേരളത്തിൽ ഒരു സർക്കാർ ഉദ്യോഗം ബാലികേറാ മലയല്ല.

*(PSCtalks ഓൺലൈൻ ലേണിങ് പ്ലാറ്റ്ഫോം മേധാവിയാണ് ലേഖകൻ)*

## ആകർഷകം സർക്കാർ ജോലി



ആജീവനാന്തമുള്ള സ്ഥിരവരുമാനം എന്നതാണ് സർക്കാർ ജോലിയുടെ പ്രധാന ആകർഷണം. കൊറോണ പോലുള്ള മഹാമാരികൾ വന്നാൽപോലും സർക്കാർ ശമ്പളം കൃത്യമായി ലഭിക്കും എന്നതിൽ സംശയമില്ല. ഉടനെ നടപ്പിലാക്കാൻ ഇരിക്കുന്ന ശമ്പള പരിഷ്കരണത്തോടെ സർക്കാർ ജോലിയുടെ ശമ്പളവും ആനുകൂല്യങ്ങളും കുത്തനെ ഉയരും.

മികച്ച പ്രമോഷൻ സാധ്യതകളാണ് സർക്കാർ ജോലി നൽകുന്നത്. എൽഡി ക്ലർക്ക് ജോലിയിൽ പ്രവേശിക്കുന്നവർ വിരമിക്കുമ്പോഴേക്കും കുറഞ്ഞത് പഞ്ചായത്ത് സെക്രട്ടറിയെങ്കിലുമായിരിക്കും. കുറഞ്ഞ പ്രായത്തിൽ ഈ സർവീസിൽ പ്രവേശിക്കുന്നവർ തഹസിൽദാർ തുടങ്ങിയ പോസ്റ്റുകളിൽ വരെ എത്തിപ്പെടാം. മാത്രമല്ല കെഎഎസ് പോലുള്ള ഉയർന്ന പരീക്ഷകളിൽ നിലവിൽ സർവീസിൽ ഉള്ളവർക്ക് പ്രത്യേക സംവരണം ലഭ്യമാണ്.

സ്വകാര്യ മേഖലയിലെ ജോലികൾക്കുള്ള ടെൻഷനും അസ്വസ്ഥതകളും ഭാവിയെക്കുറിച്ചുള്ള ഭീതിയും ഒഴിവാക്കി വർക്ക് ലൈഫ് ബാലൻസ് സർക്കാർ ജോലിയിൽ കണ്ടെത്താനാകും. സർക്കാർ ജോലിക്ക് ലഭിക്കുന്ന സാമൂഹിക അംഗീകാരം പ്രധാനപ്പെട്ടതാണ്. സർക്കാർ ഉദ്യോഗസ്ഥരെ കേരളസമൂഹം പ്രത്യേക ബഹുമാനത്തോടെയാണ് കാണുന്നത്.

അതിനാൽ വരുന്ന മാസങ്ങളിൽ സ്മാർട്ട് ആയി അധ്വാനിച്ചാൽ സർക്കാർ ജോലിയിൽ എത്തിപ്പെടാവുന്നതേയുള്ളൂ. സ്വന്തം നാട്ടിൽ, വീടിനടുത്ത് ഇതിലും മികച്ച ഒരു തൊഴിൽ സാഹചര്യം ലഭിക്കാൻ ഇടയില്ല.



41-ാം ചരമദിനം
എൻ.ടി. സെബാസ്റ്റ്യൻ
നരിമറ്റം, പാറോപ്പടി
Retd. Deputy Director
Agricultural Department
ജനനം: 23-09-1936
മരണം: 14-01-2024
പ്രാർത്ഥനയോടെ,
ഭാര്യ: റോസ് എം.എ, റിട്ടയേഡ് അധ്യാപിക ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, ചാലപ്പുറം
മക്കൾ: ഡോ. തോമസ് എൻ.എസ് (യു.കെ), ജോസഫ് എൻ.എസ്, അസി.എഞ്ചിനീയർ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് (തിരുവനന്തപുരം), ആനി എൻ.എസ് (കാനഡ),
മരുമക്കൾ: ഡോ.അനിത തോമസ്, നീന മേരി ഗ്രിഗറി, തമ്പു ജോസഫ് (കാനഡ)



# പുത്തൻ ചുവടുവയ്പോടെ

നമ്മുടെ മലയോര മേഖലയിലെ യുവജനങ്ങൾ ഇന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി ഒരു സ്ഥിരവരുമാനം ഇല്ല എന്നതാണ്. ഒരു ഗവൺമെന്റ് സർവ്വീസിൽ എത്തുക, അല്ലെങ്കിൽ വിവിധ ജോലി മേഖലകളിലേക്ക് യുവജനങ്ങളെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് താമരശ്ശേരി രൂപതയുടെ ജൂബിലി സംരംഭമായി 2010 നവംബർ 17–ന് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ആൽഫാ മരിയ അക്കാദമി ഉദ്ഘാടനം ചെയ്തു. രൂപതയുടെ നേതൃത്വത്തിൽ തിരുവമ്പാടി സേക്രട്ട് ഹാർട്ട് പള്ളിയുടെ കെട്ടിടത്തിൽ ആൽഫയുടെ പുതിയ ഓഫീസും അതിനോടനുബന്ധിച്ച് മറ്റ് സൗകര്യങ്ങൾ ക്രമീകരിക്കുവാനും അതേ വർഷം തന്നെ പരിചയസമ്പന്നരും പ്രഗൽഭരുമായ അധ്യാപകരുടെ നേതൃത്വത്തിൽ 8 മുതൽ 10 വരെയുള്ള കേരള, സിബിഎസ്ഇ സ്കൂൾതല ട്യൂഷൻ ക്ലാസുകളും, സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സും ആരംഭിക്കുകയും ചെയ്തു. ആൽഫയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2012–ൽ കുന്നമംഗലം സെന്റ് ജോസഫ്സ് ദേവാലയത്തോട് ചേർന്ന് 75 സെന്റ് സ്ഥലം മേടിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

കേരളത്തിലെ അഭ്യസ്തവിദ്യരായ പതിനായിരക്കണക്കിന് തൊഴിൽ രഹിതരായ യുവജനങ്ങളുടെ തൊഴിൽ പ്രതീക്ഷയായ പിഎസ്സി പരിശീലന ക്ലാസുകൾ ആരംഭിക്കുകയും നിരവധിപേർ പരിശീലനത്തിലൂടെ വിജയികളായി സർക്കാർ സർവീസിൽ ജോലി ചെയ്യുന്നതും അഭിമാനകരമായ കാര്യമാണ്.

ആൽഫ മരിയ അക്കാദമിയിൽ വിവിധ റസിഡൻഷ്യൽ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഹോസ്റ്റലോടുകൂടിയ പുതിയ കെട്ടിടത്തിന് 2023 ജൂൺ 28–ന് തറക്കല്ലിട്ടു. 150 പേർക്കു താമസിക്കുവാൻ സജ്ജമാക്കിയ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം മാർച്ച് 19–ന് വൈകുന്നേരം 4.00 മണിക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ വഴിയായി ആൽഫ മരിയ അക്കാദമിക്ക് വിജയങ്ങൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.




## വലുതായി ചിന്തിച്ച് വിജയങ്ങൾ നേടാം...



'ഒരു പ്രാവശ്യം കണ്ടാൽ അത് സ്വപ്നം. രണ്ട് പ്രാവശ്യം കണ്ടാൽ അത് ആഗ്രഹം. പല പ്രാവശ്യം കണ്ടാൽ അത് ലക്ഷ്യം.' ഭാരതത്തിന്റെ മുൻ രാഷ്ട്രപതിയും ശാസ്ത്രജ്ഞനും ചിന്തകനുമായ ഡോ. എ.പി.ജെ അബ്ദുൾ കലാമിന്റെ വാക്കുകളാണിത്. നമ്മുടെ എല്ലാവരുടെയും ജീവിതത്തിന് ഒരു ലക്ഷ്യം ഉണ്ട്. നല്ല പാഠ്യബോധമുണ്ടായാലെ ജീവിതത്തിൽ വിജയിക്കാനാകൂ. ജീവിത വിജയത്തിനായി നാം എല്ലാവരും പരിശ്രമിക്കുന്നവരാണ്. ദൃഢനിശ്ചയം ഉള്ളവർക്കേ എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്യാൻ സാധിക്കൂ. നല്ല ആശയങ്ങളും ചിന്തകളും നമുക്കുവേണം. പ്രചോദനത്തിന്റെ ഏറ്റവും വലിയ ഉറവിടം നിങ്ങളുടെ ചിന്തകളാണ് അതിനാൽ വലുതായി ചിന്തിച്ച് വിജയങ്ങൾ നേടാൻ പരിശ്രമിക്കുക.

മത്സര പരീക്ഷ പരിശീലനരംഗത്ത് ചുരുങ്ങിയ കാലയളവിനുള്ളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ ദൈവാനുഗ്രഹത്താൽ ആൽഫ മരിയ അക്കാദമിക്ക് സാധിച്ചു എന്നത് ഏറെ സന്തോഷകരമാണ്. പുതിയ പരിശീലന പദ്ധതികളിലൂടെയും കോഴ്സുകളിലൂടെയും സാധ്യതകളുടെ പുതിയ വാതായനങ്ങൾ തുറക്കുവാൻ സാധിക്കും.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് പിന്തുണയേകിയ രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, പ്രൊക്യുറേറ്റർ ഫാ. കുര്യാക്കോസ് മുഖാല എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമികത്വത്തിൽ നടത്തപ്പെടുന്ന വെഞ്ചരിപ്പു കർമ്മത്തിലേക്ക് എല്ലാവരെയും ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**ഫാ. അനീഷ് പുളിച്ചമാക്കൽ (ഡയറക്ടർ)**

## ആൽഫ മരിയ അക്കാദമി സാമൂഹിക പരിഷ്കരണത്തിന്റെ ചാലക ശക്തി



താമരശ്ശേരി രൂപതയുടെ വിദ്യാഭ്യാസ പരിശീലന കേന്ദ്രമായ ആൽഫ മരിയ അക്കാദമിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ പുതിയ കെട്ടിടവും ഹോസ്റ്റലും യാഥാർത്ഥ്യമാകുന്നതിൽ അതിയായ സന്തോഷമുണ്ട്. ഉയർന്ന ചിന്തയും ഉന്നതമായ കാഴ്ചപ്പാടുമുള്ള ഒരു യുവതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ആൽഫ മരിയ അക്കാദമിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. കാലത്തിന്റെ ചുവരെഴുത്തുകൾ തിരിച്ചറിഞ്ഞ് സാമൂഹിക പരിഷ്കരണത്തിന്റെ ചാലക ശക്തികൾ ആകുവാൻ ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സാധിക്കട്ടെ. ഈ സന്തോഷത്തിന്റെ അവസരത്തിൽ ആൽഫാ മരിയ അക്കാദമി ഡയറക്ടർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആശംസകൾ നേരുന്നു.

**മോൺ. അബ്രഹാം വയലിൽ,**
**വികാരി ജനറൽ,**
**താമരശ്ശേരി രൂപത**

## ജർമ്മൻ ഭാഷാ പരിശീലനം

### ജർമ്മനിയിൽ പഠിക്കാം
### ഒരു ലക്ഷം രൂപ വരെ സ്റ്റൈപ്പന്റോടെ



**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

- പ്ലസ് ടു അടിസ്ഥാന യോഗ്യതയോടെ സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വ്യത്യാസമില്ലാതെ നഴ്സിങ്, പാരാമെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ കോഴ്സുകൾ പഠിക്കാം.
- ജർമ്മൻ ഭാഷാ A1,A2,B1,B2 ക്ലാസുകൾ മികച്ച അധ്യാപകരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം.
- ജർമ്മനിയിലേക്കുള്ള പ്ലേസ്മെന്റ് സഹായം ചെയ്തുകൊടുക്കുന്നു.
- 2024 ഏപ്രിൽ 2–ന് ജർമ്മൻ A1 ബാച്ചുകൾ ആരംഭിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് : 7907028758, 9961654611**

## സിവിൽ സർവീസ് ഫൗണ്ടേഷൻ പ്രോഗ്രാം

ഭാവിയിൽ സിവിൽ സർവീസ്, പിഎസ്സി പോലെയുള്ള പരീക്ഷകൾക്കും സ്കൂൾ പഠനകാലത്ത് നടക്കുന്ന വിവിധ മത്സരപരീക്ഷകൾക്കും സ്കോളർഷിപ്പ് പരീക്ഷകൾക്കും സ്കൂൾ പഠനത്തോടൊപ്പം പരിശീലനം നൽകുന്ന പ്രോഗ്രാമാണ് സിവിൽ സർവീസ് ഫൗണ്ടേഷൻ പ്രോഗ്രാം.

**ക്ലാസ്സുകൾ 2024 ജൂൺ 8 മുതൽ ആരംഭിക്കുന്നു..**


**പ്രത്യേകതകൾ** ● ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു. ● ആഴ്ചയിൽ മൂന്ന് മണിക്കൂർ വീതം ക്ലാസുകൾ ● പൊതുവിജ്ഞാനം, കറന്റ് അഫേയേഴ്സ്, ചരിത്രം, ഭരണഘടന, സാമ്പത്തിക ശാസ്ത്രം, ജനറൽ സയൻസ്, പൊളിറ്റിക്സ് ● സോഫ്റ്റ് സ്കിൽ ട്രെയിനിങ് ● വ്യക്തിത്വ വികസന ക്ലാസുകൾ ● പ്രസംഗ പരിശീലനം തുടങ്ങിയവയിൽ പരിശീലനം നൽകുന്നു.

**കൂടുതൽ വിവരങ്ങൾക്ക് : 7907028758, 9961654611**

# ആൽഫ മരിയ അക്കാദമി



## ഇത് അഭിമാനത്തിന്റെ നിമിഷം




താമരശ്ശേരി രൂപതയുടെ രജതജൂബിലിയോടനുബന്ധിച്ച് 2010–ൽ ആരംഭം കുറിച്ച ആൽഫ മരിയ അക്കാദമി ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത് രൂപതയിലെ അറിയപ്പെടുന്ന സ്ഥാപനമായി മാറിയിട്ടുണ്ടെന്നുള്ളത് ഏവരെയും അഭിമാനം കൊള്ളിക്കുന്ന വസ്തുതയാണ്. സർക്കാർ അർദ്ധസർക്കാർ ജോലിമേഖലയിൽ മലയോരത്തിൽ നിന്നുമുള്ള പ്രാതിനിധ്യം കുറയുന്ന സാഹചര്യത്തിൽ അതിനായി ഉദ്യോഗാർത്ഥികളെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ആൽഫ മരിയ അക്കാദമി കുന്നമംഗലം കേന്ദ്രമായി വിപുലമായ ഹോസ്റ്റൽ സൗകര്യത്തോടുകൂടിയുള്ള പുതിയ കെട്ടിടത്തിന്റെ ആശീർവാദം നടത്തുന്നതിന് ഒരുങ്ങിക്കഴിഞ്ഞു. നാളിതുവരെ വിവിധങ്ങളായ പരിശീലനത്തിലൂടെ നിരവധി കുട്ടികളെ ഉന്നത വിദ്യാഭ്യാസ പരിശീലനത്തിനും മത്സരപരീക്ഷകൾക്കും ഈ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട് എന്നതിൽ നമുക്കഭിമാനിക്കാം.

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് പുതിയ കെട്ടിടം പൂർത്തിയാകുമ്പോൾ വിവിധങ്ങളായ വിദേശ ഭാഷാ കോഴ്സുകൾ ഉൾപ്പെടെയുള്ള പുതിയ കോഴ്സുകൾ ആൽഫയിൽ ആരംഭിക്കുന്നുണ്ട്. നാളിതുവരെ ആൽഫയെ വളർത്തുകയും നെഞ്ചോടു ചേർക്കുകയും ചെയ്ത എല്ലാവരെയും അനുമോദിക്കുകയും അവർക്ക് നന്ദിപറയുകയും ചെയ്യുന്നു.

ഉദ്യോഗാർത്ഥികൾക്കും ഉന്നതവിദ്യാഭ്യാസം ആഗ്രഹിക്കുന്ന എല്ലാവർക്കും വളരെ പ്രത്യേകമായി മലയോരമേഖലയിലെ ജനതയ്ക്ക് ആശ്രയിക്കാൻ പറ്റുന്ന ഒരു സ്ഥാപനമായി ആൽഫ മാറിക്കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇനിയും ഉയരങ്ങൾ കീഴടക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിൽ അശ്രാന്ത പരിശ്രമം കാഴ്ച്ചവെച്ച ബഹു. ഡയറക്ടർ ജോസഫ് പുളിച്ചമാക്കൽ അച്ചനും അച്ചനോടൊപ്പം പ്രവർത്തിച്ച ആൽഫ മരിയ ട്രസ്റ്റ് അംഗങ്ങൾക്കും ആൽഫ കുടുംബാംഗങ്ങൾക്കും എന്റെ ആശംസകളും നന്ദിയും അറിയിക്കുന്നു.

**സ്നേഹപൂർവ്വം**
**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## ആൽഫ മരിയ അക്കാദമി ട്രസ്റ്റ് അംഗങ്ങൾ



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ



മോൺ. അബ്രഹാം വയലിൽ



ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്



ഫാ. കുര്യാക്കോസ് മുഖാലയിൽ



ഫാ. അനീഷ് പുളിച്ചമാക്കൽ

## ആൽഫ മരിയ അക്കാദമി നടത്തുന്ന വിവിധ പ്രോഗ്രാമുകൾ

1. സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്
2. ജർമ്മൻ ഭാഷാ പരിശീലനം
3. കർണാടക കോമൺ എൻട്രൻസ് ടെസ്റ്റ് (KCET)
4. പി എസ് സി കോച്ചിംഗ്
5. DME, DHS നഴ്സിംങ് പിഎസ്സി പരിശീലനം
6. കെ.ടെറ്റ് പരിശീലനം
7. LSS, USS, NMMS സ്കോളർഷിപ്പ് എക്സാം പരിശീലനം

## ആൽഫ മരിയ അക്കാദമി ലക്ഷ്യം വയ്ക്കുന്നത്

1. വിദ്യാഭ്യാസ മേഖലയിലെ ഉയർന്ന സാധ്യതകൾ പരിചയപ്പെടുത്തുക. 2. കരിയർ ഗൈഡൻസ് നൽകുക 3. കുട്ടികളിൽ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക. 4. ഗവൺമെന്റ് മേഖലയിൽ ജോലി ലഭിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുക. 5. വിദേശ ജോലി സാധ്യതകൾ പരിചയപ്പെടുത്തുക.

ALPHA
Inspire to Illumine

## കർണ്ണാടക കോമൺ എൻട്രൻസ് ടെസ്റ്റ് (KCET)

ഓഫ് ലൈൻ &ഓൺലൈൻ ക്ലാസുകൾ

ഓഫ് ലൈൻ ക്ലാസുകൾ
തിരുവമ്പാടി ആൽഫ മരിയ അക്കാദമിയുടെ സെന്ററിൽ നടത്തപ്പെടുന്നു

2024 ഏപ്രിൽ 02 മുതൽ ആരംഭിക്കുന്നു.



### പ്രത്യേകതകൾ

- 50 മണിക്കൂർ ക്ലാസുകൾ
- മുൻകാല ചോദ്യപേപ്പറുകളുടെ വിശകലനം
- സിലബസ് അടിസ്ഥാനമാക്കിയുള്ള പഠന സഹായികൾ
- ദിവസംതോറും വിലയിരുത്തൽ പരീക്ഷകൾ
- ഓൺലൈൻ ക്ലാസുകളുടെ റെക്കോർഡഡ് വീഡിയോ ലഭ്യമായിരിക്കും

കൂടുതൽ വിവരങ്ങൾക്ക്: 7907028758, 9946865818

# കരുണയുടെ മുഖമാകാൻ അൽഫോൻസ ഡയാലിസിസ് സെന്റർ

**വേനപ്പാറ:** താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി പ്രോജക്ടായ സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ തിരുവമ്പാടി എംഎൽഎ ലിന്റോ ജോസഫ് ഉദ്ഘാടനം ചെയ്തു. മലയോര കുടിയേറ്റ മേഖല പ്രതിസന്ധികൾ നേരിടുമ്പോഴെല്ലാം താമരശ്ശേരി രൂപത ക്രിയാത്മകമായി ഇടപെട്ടിട്ടുണ്ടെന്നും സമൂഹത്തിന് സഹായകരമാകുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ അതത് കാലങ്ങളിൽ രൂപതയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നും ലിന്റോ ജോസഫ് എംഎൽഎ പറഞ്ഞു. മലയോര മേഖലയിൽ ഡയാലിസിസ് സൗകര്യങ്ങൾ കുറവായതുകൊണ്ട് പലരും ഊഴം കാത്തിരിക്കേണ്ട അവസ്ഥയിലാണെന്നും ഈ സാഹചര്യത്തിൽ സെന്റ് അൽഫോൻസ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

താമരശ്ശേരി രൂപതയുടെ കീഴിൽ വേനപ്പാറയിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെന്റൽ ഹെൽത്ത് കെയർ ആന്റ് സൈക്കോതെറാപ്പി (ക്യാമ്പ്) സെന്ററിന്റെ കെട്ടിട സമുച്ചയത്തിൽ ആരംഭിക്കുന്ന ഡയാലിസിസ് സെന്ററിന്റെ വെഞ്ചരിപ്പു കർമ്മം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. രൂപതയുടെ ദീർഘനാളത്തെ സ്വപ്നമാണ് പൂവണിഞ്ഞിരിക്കുന്നതെന്ന് പൊതുസമ്മേളനത്തിന് അധ്യക്ഷത വഹിച്ച് സംസാരിച്ച ബിഷപ് പറഞ്ഞു. "താമരശ്ശേരി രൂപതയുടെ കരുണയുടെ മുഖമാണ് സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ. കുടിയേറ്റ മലയോര മേഖലയിൽ ആതുരശുശ്രൂഷാരംഗത്ത് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ആഗ്രഹമുണ്ട്. ദൈവം അതിനുള്ള വഴികൾ തുറന്നുതരുമെന്നതിന് ഉദാഹരണമാണ് ഈ ഡയാലിസിസ് സെന്റർ." ബിഷപ് കൂട്ടിച്ചേർത്തു.



സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വെഞ്ചരിക്കുന്നു

ജർമ്മനിയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന ഫാ. സാബു മഠത്തിക്കുന്നേലിന്റെ അഭ്യർത്ഥന പ്രകാരം ഡയാലിസിസ് മെഷീൻ വാങ്ങുന്നതിന് ധനസഹായം നൽകിയത് ജർമ്മൻ സ്വദേശികളായ ജോസഫ്, മരിയ വോസ്റ്റെ എന്നിവരാണ്. മരിയ വോസ്റ്റെ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കാനായി എത്തിയിരുന്നു. താമരശ്ശേരി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ സിഒഡിയ്ക്കാണ് അൽഫോൻസ ഡയാലിസിസ് സെന്ററിന്റെ നടത്തിപ്പ് ചുമതല.

വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, അൽഫോൻസാ ഡയാലിസിസ് സെന്റർ ഡയറക്ടർ ഫാ. ജോൺ ഒറവുങ്കര, മുക്കം മുൻസിപ്പാലിറ്റി ചെയർമാൻ പി. ടി. ബാബു, തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, ഫാ. സാബു മഠത്തിക്കുന്നേൽ, മരിയ വോസ്റ്റെ, വേനപ്പാറ ഇടവക വികാരി ഫാ. സൈമൺ കിഴക്കേക്കുന്നേൽ, സിഒഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ്, ക്യാമ്പ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, മുക്കം സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ഡാലിയ, വാർഡ് മെമ്പർ രജിത എന്നിവർ പ്രസംഗിച്ചു.

## നേട്ടം



● ന്യൂറോ സർജറിയിൽ എഫ്.ആർ.സി.എസ് (യു.കെ.) നേടിയ ഡോ. മനീഷ് ജോസഫ് മാത്യു മാന്തോട്ടത്തിൽ. കോഴിക്കോട് മെഡിക്കൽ കോളജിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. മനീഷ് പാറോപ്പടി ഇടവകാംഗമാണ്. ഭാര്യ ഡോ. എമിൻ മാത്യു (നിർമ്മല ഹോസ്പിറ്റൽ)

## ഫീദെസ് ഫാമിലി ക്വിസ്: ആദ്യഘട്ട മത്സരം ഒക്ടോബറിൽ

**താമരശ്ശേരി:** രൂപതാ ലിറ്റർജി കമ്മീഷൻ സംഘടിപ്പിക്കുന്ന ഫീദെസ് ഫാമിലി ക്വിസ് 2024-ന്റെ ആദ്യഘട്ട മത്സരങ്ങൾ ഒക്ടോബറിൽ നടക്കും. താമരശ്ശേരി രൂപതാ കലണ്ടറിനെ അടിസ്ഥാനമാക്കിയാണ് ഫീദെസ് ക്വിസ് സംഘടിപ്പിക്കുന്നത്.

രണ്ട് ഘട്ടങ്ങളിലായി നടത്തുന്ന മത്സരത്തിന്റെ ആദ്യഘട്ടത്തിൽ 100 ചോദ്യങ്ങൾ ആണുള്ളത്. ഈ ചോദ്യങ്ങൾ അടങ്ങിയ ക്യു ആർ കോഡ് 2024 സെപ്റ്റംബർ-ഒക്ടോബർ ലക്കം മലബാർ വിഷനിൽ പ്രസിദ്ധീകരിക്കും. താമരശ്ശേരി രൂപയിലെ എല്ലാ കുടുംബങ്ങൾക്കും ഫീദെസ് ക്വിസിൽ പങ്കെടുക്കാം. ഓരോ കുടുംബവും ആണ് ഒരു ടീം. ഒരു കുടുംബത്തിൽ നിന്ന് കുറഞ്ഞത് രണ്ടു പേർക്കും കൂടിയത് മൂന്നുപേർക്കും ഇതിൽ സംബന്ധിക്കാവുന്നതാണ്.

താമരശ്ശേരി രൂപതാ കലണ്ടർ 2024 (60%), വിശുദ്ധ കുർബാന പുസ്തകം-റാസ ക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിങ്ങനെയാണ് ആദ്യഘട്ടത്തിലെ സിലബസ്. ഉത്തരങ്ങൾ റഫർ ചെയ്ത് അയയ്ക്കാവുന്നതാണ്. ഗൂഗിൾ ഫോം വഴിയാണ് ഉത്തരങ്ങൾ അയയ്ക്കേണ്ടത്. അവസാന തീയതി 2024 ഒക്ടോബർ 31.

## ഇവർ സംസ്ഥാന നേതൃത്വത്തിലേക്ക്

**താമരശ്ശേരി:** ഇൻഫാം സംസ്ഥാന വൈസ് പ്രസിഡന്റായി ഫാ. ജോസ് പെണ്ണാപറമ്പിലിനെയും സംസ്ഥാന സെക്രട്ടറിയായി അഗസ്റ്റിൻ പുളിക്കക്കണ്ടത്തിലിനെയും ദേശീയ എക്സിക്യൂട്ടീവ് അംഗമായി ജോൺ കുന്നത്തേട്ടിനെയും ഇൻഫാം ദേശീയ രക്ഷാധികാരി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിയമിച്ചു.



ഫാ. ജോസ് പെണ്ണാപറമ്പിൽ



ജോൺ കുന്നത്തേട്ട്



അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ

## ഇൻഫാം ഡിജിറ്റൽ മാർക്കറ്റിങ്ങിലേക്ക്

**താമരശ്ശേരി:** ഇൻഫാം താമരശ്ശേരി കാർഷിക ജില്ലയുടെ ആഭിമുഖ്യത്തിൽ സമരിയ ആപ്പ് എന്ന പേരിൽ ഡിജിറ്റൽ മാർക്കറ്റിങ് സിസ്റ്റം ആരംഭിച്ചു. ദേശീയ രക്ഷാധികാരി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വാങ്ങുവാനും വിൽക്കുവാനുമാണ് സമരിയാ ആപ്പിലൂടെ ഉദ്ദേശിക്കുന്നതെന്നും കൂരാച്ചുണ്ട് ഫൊറോനയിൽ പൈലറ്റ് പ്രോജക്ടായി ആരംഭിക്കുന്ന ഈ മാർക്കറ്റിംഗ് സിസ്റ്റം താമസിയാതെ രൂപത മുഴുവനിലും ഭാവിയിൽ കേരളം മുഴുവനും നടപ്പിൽ വരുത്താനാണ് ഇൻഫാം ആഗ്രഹിക്കുന്നതെന്നും ബിഷപ് പറഞ്ഞു.

## സ്വപ്ന ഗിരീഷ് കുമ്പാട്ട് മാതൃവേദി രൂപതാ പ്രസിഡന്റ്

**താമരശ്ശേരി:** സീറോ മലബാർ മാതൃവേദി താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് യോഗവും 2024-25 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും താമരശ്ശേരിയിൽ നടന്നു. സ്വപ്ന ഗിരീഷ് കുമ്പാട്ട് (താമരശ്ശേരി) രൂപതാ പ്രസിഡന്റായും ജെസ്സി സോജൻ പൊൻമലകുന്നേൽ (വിലങ്ങാട്) രൂപതാ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

**മറ്റു ഭാരവാഹികൾ:** വൈസ് പ്രസിഡന്റ് രജനി മാത്യു പഴേപറമ്പിൽ (മഞ്ചേരി), ജോയിന്റ് സെക്രട്ടറി മെറ്റിൽഡ സെബാസ്റ്റ്യൻ മുക്കാട്ട് (പരിയാപുരം).

**എക്സിക്യൂട്ടീവ് അംഗങ്ങൾ:** മഞ്ജു സണ്ണി എമ്പ്രയിൽ (നരിനട), സൗമ്യ സേവ്യർ ഓലികുന്നേൽ (വാലില്ലാപുഴ), ജിനി ടോം ഒഴത്തിൽ (കാളികാവ്), വിനീത ബിനോയ് പുലിക്കോട്ടിൽ (കോഴിക്കോട്), ഡോളി ദേവസ്യ വെട്ടിക്കാമലയിൽ (തെയ്യപ്പാറ), സിനി ബിനു കന്നാലിൽ (കരിങ്ങാട്).



സ്വപ്ന ഗിരീഷ്



ജെസ്സി സോജൻ

## ശ്രദ്ധേയമായി 'ചൂസ് ഫ്രാൻസ് ടൂർ'

ഫ്രഞ്ച് എംബസിയും തിരുവമ്പാടി അൽഫോൻസ കോളജും സംയുക്തമായി സംഘടിപ്പിച്ച 'ചൂസ് ഫ്രാൻസ് ടൂർ' മെഗാ എജ്യുക്കേഷൻ ഫെയർ ശ്രദ്ധേയമായി. കേരളത്തിലെ വിവിധ കോളജുകളിൽ നിന്നായി മൂവായിരത്തിലധികം വിദ്യാർത്ഥികളും ഗവേഷണാർത്ഥികളും അധ്യാപകരും പങ്കെടുത്തു. സ്വകാര്യ ഏജൻസികളുടെ സഹായമില്ലാതെ ഫ്രാൻസിൽ ഉപരിപഠനത്തിന്റെയും ഗവേഷണത്തിന്റെയും പുതു വാതായനങ്ങളാണ് മെഗാ ഫെയറിലൂടെ വിദ്യാർത്ഥികൾക്കായി തുറന്നത്.

● അൽഫോൻസ കോളജിലെ സൈക്കോളജി വിഭാഗത്തിന്റെയും വുമൺ ഡെവലപ്പ്മെന്റ് സെല്ലിന്റെയും നേതൃത്വത്തിൽ വിദ്യാർത്ഥികൾ തോട്ടുമുക്കം സാന്തോം ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥികൾക്കായി സുരക്ഷിത ബാല്യം ബോധവൽക്കരണ ക്ലാസ്സ് നടത്തി. കുട്ടികൾക്ക് എങ്ങനെ സുരക്ഷിതരായി വളരാം എന്നതിനെക്കുറിച്ചായിരുന്നു ക്ലാസ്.

## മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**കല്ലാനോട്:** മദർ തെരേസ കെയർ ട്രസ്റ്റ് കോഴിക്കോടിന്റെ നേതൃത്വത്തിൽ സെന്റ് മേരീസ് എൽപി സ്കൂൾ ഓഡിറ്റോറിയത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. മേരിക്കുന്ന് നിർമ്മല ഹോസ്പിറ്റലിന്റെയും കല്ലാനോട് ഇടവകയുടെയും സഹകരണത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. വിവിധ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനം ക്യാമ്പിലുണ്ടായിരുന്നു. തിരുവമ്പാടി ലിസ ഹോസ്പിറ്റൽ ഡയറക്ടർ ഡോ. അരുൺ മാത്യു ക്ലാസുകൾ നയിച്ചു. അൽഫോൻസ മൈനർ സെമിനാരി റെക്ടർ ഫാ. ജേക്കബ് അരീത്തറ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. മനോജ് പ്ലാക്കൂട്ടത്തിൽ, ഫാ. ജിനോ ചൂണ്ടയിൽ, ജേക്കബ് കൈനടി, ബേബി വളവനോലിക്കൽ എന്നിവർ പ്രസംഗിച്ചു.

# ഇവർ നവാഭിഷിക്തർ

## താമരശ്ശേരി രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച നവവൈദികർ

### ഫാ. ജോസഫ് വെട്ടുകല്ലേൽ

● കരികണ്ടൻപാറ ഇടവക വെട്ടുകല്ലേൽ ജോയി–ആൻസി ദമ്പതികളുടെ മകൻ. 2023 ഡിസംബർ 28–ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. പുല്ലൂരാംപാറ ഇടവക അസി. വികാരിയായി നിയമിതനായി.



2012–ൽ താമരശ്ശേരി സെന്റ് അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. എം. കോം ബിരുദധാരിയാണ്.

ഫാ. ക്ലിന്റ് OFM Cap സഹോദരനാണ്. സഹോദരി: ക്ലിപ്സി.

### ഫാ. ജോർജ് കുമ്പുക്കൽ

● പുഴിത്തോട് ഇടവക കുമ്പുക്കൽ കെ. എം. ജോർജ് –സെലിൻ ദമ്പതികളുടെ മകൻ. 2024 ജനുവരി നാലിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. കൂരാച്ചുണ്ട് ഫൊറോന അസി. വികാരിയായി നിയമിതനായി.



2014 ജൂൺ ആറിന് താമരശ്ശേരി സെന്റ് അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് ഫിലോസഫിയും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. ബി. കോം ബിരുദധാരിയാണ്.

സഹോദരിമാർ രഞ്ജു, അഞ്ജു.

### ഫാ. അബ്രഹാം ആനിക്കുടിയിൽ

● കോടഞ്ചേരി ഇടവക ആനിക്കുടിയിൽ ജെയിംസ്–ലാലി ദമ്പതികളുടെ മകൻ. 2024 ജനുവരി ആറിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. ഇപ്പോൾ നെതർലന്റിൽ സേവനം ചെയ്യുന്നു.



2011 ജൂൺ 11–ന് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തൃശ്ശൂർ മേരി മാതാ മേജർ സെമിനാരിയിൽ നിന്ന് ഫിലോസഫിയും നെതർലന്റിലെ റോൾട്ഡുക് മേജർ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. ബിഎസ്സി സുവോളജി ബിരുദധാരിയാണ്.

സഹോദരി: അൽഫോൻസ

## തിരുവമ്പാടി സെന്റ് സെബാസ്റ്റ്യൻ മികച്ച കുടുംബക്കൂട്ടായ്മ യൂണിറ്റ്

**കോഴിക്കോട്:** ഈ വർഷത്തെ മികച്ച കുടുംബക്കൂട്ടായ്മ യൂണിറ്റുകളെ പ്രഖ്യാപിച്ചു. തിരുവമ്പാടി സെന്റ് സെബാസ്റ്റ്യൻ യൂണിറ്റിനെ രൂപതാതലത്തിലെ മികച്ച കുടുംബക്കൂട്ടായ്മ യൂണിറ്റായി തെരഞ്ഞെടുത്തു. മാങ്കാവ് സെന്റ് ആന്റണീസ് രണ്ടും തോട്ടുമുക്കം സെന്റ് മേരീസ് മൂന്നും സ്ഥാനങ്ങൾ നേടി.

എ പ്ലസ് ഗ്രേഡ് നേടിയ യൂണിറ്റുകൾ: തിരുവമ്പാടി സെന്റ് സെബാസ്റ്റ്യൻ, തിരുവമ്പാടി ജോൺ ബ്രിട്ടോ, തിരുവമ്പാടി സെന്റ് ഡാമിയൻ, വേനപ്പാറ സെന്റ് തോമസ്, താമരശ്ശേരി സെന്റ് തെരേസാസ് വൃന്ദാവൻ, നൂറാംതോട് സെന്റ് സെബാസ്റ്റ്യൻ, പുതുപ്പാടി ഫിലിപ്പ് നേരി, തോട്ടുമുക്കം സെന്റ് മേരീസ്, തോട്ടുമുക്കം ജോൺ പോൾ, തോട്ടുമുക്കം സെന്റ് എവുപ്രാസ്യ, തെയ്യപ്പാറ സെന്റ് ജോസഫ്, മാങ്കാവ് സെന്റ് ആന്റണീസ്, മാങ്കാവ് സെന്റ് ജോസഫ്, കൂരാച്ചുണ്ട് സെന്റ് സാവിയോ, കൂരാച്ചുണ്ട് സെന്റ് അൽഫോൻസ, കക്കയം സെന്റ് ചാവറ കുര്യാക്കോസ്, ചക്കിട്ടപാറ സെന്റ് വിയാനി, വിലങ്ങാട് അൽഫോൻസ ഭവൻ, മരിയഗിരി (വാളൂക്ക്) സെന്റ് ബെനഡിക്ട്.

"മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന കുടുംബക്കൂട്ടായ്മ യൂണിറ്റുകളെ അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് ഇത്തരത്തിലൊരു തെരഞ്ഞെടുപ്പ് നടത്തുന്നത്. രൂപതാതലത്തിൽ ചേർന്ന കുടുംബക്കൂട്ടായ്മ വാർഷിക വിലയിരുത്തൽ സമ്മേളനത്തിൽ വിദഗ്ധ സമിതിയാണ് വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച യൂണിറ്റുകളെ തെരഞ്ഞെടുത്തത്."–കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ. ബിനു കുളത്തിങ്കൽ പറഞ്ഞു.

ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 3001 രൂപ, 2001 രൂപ, 1001 രൂപ ക്യാഷ് അവാർഡും യൂണിറ്റിലെ ഓരോ കുടുംബത്തിനുമുള്ള സമ്മാനങ്ങളടങ്ങിയ ബോക്സുമാണ് സമ്മാനം. എ പ്ലസ് യൂണിറ്റുകൾക്ക് 500 രൂപയും യൂണിറ്റിലെ ഓരോ കുടുംബത്തിനുമുള്ള സമ്മാനങ്ങളടങ്ങിയ ബോക്സും സമ്മാനമായി നൽകി.

**മലബാർ വിഷൻ മാട്രിമോണിയൽ**

**വധുവിനെ അന്വേഷിക്കുന്നു**

താമരശേരി രൂപത, യുവാവ് 30 വയസ്, 172 cm ഉയരം, ഹോട്ടൽ മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം. കുവൈറ്റിൽ ജോലി.
അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 8943606278, 9495245079
വാട്സാപ്പ്: 9961368673

## വൈദികരുടെ സ്ഥലംമാറ്റം

2024 ജനുവരി 27 ന് രൂപതയിലെ വിവിധ ഇടവകകളിൽ ചുമതലയേറ്റ വൈദികർ: (പേരിനൊപ്പം ചേർത്തിരിക്കുന്നത് ചുമതലയേറ്റ ഇടവക/ഡിപ്പാർട്ട്മെന്റ്/സ്ഥാപനം) ●ഫാ. ജോസഫ് ചവറനാൽ (അസി. വികാരി, ചക്കിട്ടപ്പാറ) ●ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ (ഊരകം) ●ഫാ. സിറിൾ എലകോടിക്കൽ എംഎസ്എഫ്എസ് (അസി. വികാരി, മരിയാപുരം) ●ഫാ. ജോൺ കാച്ചപ്പിള്ളി (അസി. വികാരി, കണ്ണോത്ത്) ●ഫാ. ജോസഫ് കാനാട്ട് O.Praem (അസി. വികാരി, കൂടരഞ്ഞി) ●ഫാ. സെബാസ്റ്റ്യൻ കാരയ്ക്കൽ (അസി. ഫാമിലി–ബൈബിൾ അപ്പസ്തോലേറ്റ്) ●ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ (വികാരി, മഞ്ഞുമല, അസി. ഡയറക്ടർ കെസിവൈഎം) ●ഫാ. ജോർജ് കരിന്തോളിൽ (അസി. ബഥാനിയ) ●ഫാ. ജേക്കബ് കോയിപ്പുറത്ത് (അസി. വികാരി, തോട്ടുമുക്കം) ●ഫാ. ജോർജ് കുമ്പുക്കൽ (അസി. വികാരി, കൂരാച്ചുണ്ട്) ●ഫാ. ജോർജ് മുണ്ടയ്ക്കൽ (വികാരി, നൂറാംതോട്)● ഫാ. ജോർജ് നരിവേലിൽ (അസി. വികാരി, താമരശ്ശേരി, IFAE) ●ഫാ. ജോസഫ് പന്തലാടിക്കൽ (അസി. വികാരി, കോടഞ്ചേരി) ●ഫാ. തോമസ് പാതിയിൽ സിഎംഐ (അസി. വികാരി, മരുതോങ്കര) ●ഫാ. ജോസഫ് പൊടിമറ്റത്തിൽ എസ്ഡിബി (അസി. വികാരി, തിരുവമ്പാടി)●ഫാ. തോമസ് പുലയൻപറമ്പിൽ (സെക്രട്ടറി ഓഫ് ബിഷപ്) ●ഫാ. ജോർജ് പുരയിടത്തിൽ (വികാരി, അഭയഗിരി, പാലൂർ)●ഫാ. അഗസ്റ്റിൻ തുറവയ്ക്കൽ (വികാരി, കൊണ്ടോട്ടി) ●ഫാ. അബ്രഹാം വള്ളോപ്പിള്ളി (വികാരി, പെരുവണ്ണാമൂഴി) ●ഫാ. ജോസഫ് വെട്ടുകല്ലേൽ (അസി. വികാരി, പുല്ലൂരാംപാറ) ●ഫാ. ജോസഫ് വിലങ്ങുപാറ (അസി. വികാരി, തിരുവമ്പാടി)

## കെസിവൈഎം കർമ്മപദ്ധതി പ്രകാശനം ചെയ്തു

**താമരശ്ശേരി:** കെസിവൈഎം–എസ്എംവൈഎം താമരശ്ശേരി രൂപതയുടെ 2024 പ്രവർത്തന വർഷ കർമ്മപദ്ധതി 'സ്വ്ര' താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ പ്രകാശനം ചെയ്തു. മേഖലാ നേതാക്കന്മാർക്കായി സംഘടിപ്പിക്കപ്പെട്ട ദ്വിദിന നേതൃത്വ ശിൽപശാലയുടെ ഭാഗമായി താമരശ്ശേരി ചാവറ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടന്ന ചടങ്ങിൽ കെസിവൈഎം രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷനായിരുന്നു.

യുവജനങ്ങൾ സഭയുടെ പ്രതീക്ഷയാണെന്നും ഈ പ്രവർത്തന സമിതിയിൽ പ്രത്യാശയുണ്ടെന്നും ഉദ്ഘാടന വേളയിൽ മോൺ. അബ്രഹാം വയലിൽ പറഞ്ഞു. മുൻ രൂപതാ പ്രസിഡന്റും കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ പ്രേംജി ജെയിംസ് മുഖ്യാതിഥിയായിരുന്നു.

രൂപതാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ജനറൽ സെക്രട്ടറി അലീന മാത്യു ചെട്ടിപ്പറമ്പിൽ, അനിമേറ്റർ സിസ്റ്റർ റൊസീൻ എസ്എബിഎസ്, വൈസ് പ്രസിഡന്റ് അലൻ ബിജു, താമരശ്ശേരി മേഖലാ പ്രസിഡന്റ് അഞ്ചൽ കെ. ജോസഫ് എന്നിവർ സംസാരിച്ചു.

2024 പ്രവർത്തന വർഷത്തെ രൂപതാ സമിതിയുടെ പ്രവർത്തന വീക്ഷണങ്ങൾ ഉൾക്കൊള്ളുന്നതാണ് 'സ്വയം പ്രകാശിക്കുക' എന്നർത്ഥം വരുന്ന സുറിയാനി നാമം നൽകിയിരിക്കുന്ന കർമ്മപദ്ധതി.

## പ്രോ–ലൈഫ് സ്നേഹഭവൻ താക്കോൽ ദാനവും വെഞ്ചരിപ്പും നടത്തി

**താമരശ്ശേരി:** ജീവന്റെ സമൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്ന താമരശേരി രൂപതയിലെ പ്രോ–ലൈഫ് സമിതി നിർമ്മിച്ച് നൽകിയ വീടിന്റെ വെഞ്ചരിപ്പും താക്കോൽ ദാനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. വിനോദ് വെട്ടത്ത് സംഭാവനയായി നൽകിയ സ്ഥലത്ത് ഷെറിൻ ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് വീട് നിർമ്മിച്ചത്. രൂപതയിലെ വലിയ കുടുംബങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ പ്രോ–ലൈഫ് സമിതി ചെയ്തു വരുന്ന വിവിധ പദ്ധതികളിൽ ഒന്നാണ് ഭവന നിർമ്മാണം. വീടില്ലാത്ത 5 മക്കളടങ്ങുന്ന ഒരു കുടുംബത്തിനാണ് ഇപ്പോൾ വീട് നൽകിയിരിക്കുന്നത്.

സ്ഥലം സംഭാവന നൽകിയ വിനോദ് വെട്ടത്ത്, സമയബന്ധിതമായി പണി പൂർത്തീകരിച്ച പി. ജെ. ജൂഡ്സൺ എന്നിവരെ ചടങ്ങിൽ ആദരിച്ചു. നിർമ്മാണത്തിനാവശ്യമായ പണം സംഭാവന നൽകിയ ഷെറിൻ ഫൗണ്ടേഷൻ ഭാരവാഹികളായ ബെന്നി പുളിക്കേക്കര, ഷെറിൻ ബെന്നി എന്നിവരെ ബിഷപ് അഭിനന്ദിച്ചു.

പ്രോ–ലൈഫ് സമിതി രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, രൂപതാ പ്രസിഡന്റ് സജീവ് പുരയിടം എന്നിവർ പ്രസംഗിച്ചു. തോമാച്ചൻ പുത്തൻപുരക്കൽ, ബൈജു കുന്നുംപുറം, പ്രിൻസ് തിനംപറമ്പിൽ, തങ്കച്ചൻ പുരയിടത്തിൽ, മനോജ് കുഴിമണ്ണിൽ, സിസ്റ്റർ റോസ് മരിയ സിഎംസി, സിസ്റ്റർ ഡാനി സിഎംസി എന്നിവർ നേതൃത്വം നൽകി.

# രൂപതാസിംഹാസനം ഒഴിവാകുമ്പോൾ വരുന്ന മാറ്റങ്ങൾ

## ചോദ്യം ഉത്തരം



റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

?ഒരു രൂപതയുടെ അധ്യക്ഷൻ മാറുമ്പോൾ വിവിധ കാനോനികസമിതികളിലും രൂപതാകാര്യാലയത്തിലെ ഓഫീസുകളിലും എന്തൊക്കെ മാറ്റങ്ങളാണ് സംഭവിക്കുന്നത് എന്നത് വിശദീകരിക്കാമോ?

● **സിറിൽ കവീക്കുന്ന്, പാല**

ചോദ്യകർത്താവിന്റെ സംശയം രൂപതാസിംഹാസനത്തിൽ ഒഴിവുവരുമ്പോൾ രൂപതാസംവിധാനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചാണ്. രൂപതാസിംഹാസനം (Eparchial/Diocesan See) എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് രൂപതാധ്യക്ഷന്റെ നേതൃത്വത്തിലുള്ള നിയമപരമായ ഭരണസംവിധാനം എന്നതാണ്. എപ്പോഴാണ് ഒരു രൂപതാസിംഹാസനത്തിൽ ഒഴിവുവരുന്നത് (Vacant See) എന്ന് പരിശോധിക്കാം. രൂപതാമെത്രാന്റെ മരണമോ, രാജിയോ, സ്ഥലം മാറ്റമോ, ഔദ്യോഗികസ്ഥാനം എടുത്തുമാറ്റലോ വഴിയാണ് രൂപതാസിംഹാസനം ഒഴിവാകുന്നത് (CCEO c. 219; CIC c. 416). സഹായമെത്രാന്മാരുടെ മരണമോ രാജിയോ സ്ഥലംമാറ്റമോവഴി രൂപതാസിംഹാസനം ഒഴിവാകുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. മുകളിൽ പറഞ്ഞ ഏതെങ്കിലും വിധത്തിൽ ഒരു രൂപതാസിംഹാസനം ഒഴിവാകുമ്പോൾ പുതിയ മെത്രാൻ ഉത്തരവാദിത്വമേറ്റെടുക്കുന്നതുവരെയുള്ള സമയത്തു രൂപതാഭരണം നടത്തുന്നത് അഡ്മിനിസ്ട്രേറ്റർ ആയിരിക്കും (CCEO cc. 225-232; CIC cc. 423-430).

ഇത്രയും പറഞ്ഞതിനുശേഷം ചോദ്യത്തിലേക്കുവരാം. മെത്രാന്റെ നേതൃത്വത്തിലുള്ള രൂപതാഭരണസംവിധാനം ഇല്ലാതാകുമ്പോൾ രൂപതാകാര്യാലയത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലും രൂപതാഭരണത്തിൽ മെത്രാനെ സഹായിക്കുന്നതിനു രൂപീകൃതമായിരിക്കുന്ന കാനോനിക സമിതികളിലും മാറ്റങ്ങൾ സംഭവിക്കുന്നു. ഓഫീസുകളിലും സമിതികളിലും വരുന്ന മാറ്റങ്ങൾ സൂചിപ്പിക്കുന്നതിനു മുൻപ് അവയുടെ പ്രവർത്തനങ്ങൾ ഹ്രസ്വമായി വിവരിക്കുന്നത് ഉചിതമായിരിക്കും.

### പ്രോട്ടോസിഞ്ചെല്ലൂസ് / വികാരി ജനറൽ

രൂപതാമെത്രാനെ രൂപതമുഴുവന്റെയും ഭരണത്തിൽ സഹായിക്കാൻ പൊതു നിയമം അനുശാസിക്കുന്നപ്രകാരം നിയമിക്കപ്പെടുന്ന വൈദികനാണ് പ്രോട്ടോസിഞ്ചെല്ലൂസ് അഥവാ വികാരി ജനറൽ (CCEO c. 245; CIC c. 475). സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹമായിരിക്കും പ്രോട്ടോസിഞ്ചെല്ലൂസ് അഥവാ വികാരി ജനറൽ (CCEO c. 215 §2; CIC c. 406 §1). അതുപോലെതന്നെ രൂപതാഭരണത്തിൽ സഹായിക്കുന്നതിന് ഒന്നോ അതിലധികമോ സിഞ്ചെല്ലൂസ് അഥവാ എപ്പിസ്കോപ്പൽ വികാരിമാരെ രൂപതാമെത്രാനു നിയമിക്കാവുന്നതാണ് (CCEO c. 246; CIC c. 476 §1). രൂപതാസിംഹാസനം ഒഴിവുവരുമ്പോൾ പ്രോട്ടോസിഞ്ചെല്ലൂസ് / വികാരി ജനറൽ, സിഞ്ചെല്ലൂസ് /എപ്പിസ്കോപ്പൽ വികാരി എന്നിവരുടെ ഔദ്യോഗികസ്ഥാനം ഇല്ലാതാകുന്നു (CCEO c. 224 §1; CIC c. 418 §2 w1, 481 §1). പുതിയ മെത്രാന് ഇവരെത്തന്നെ വീണ്ടും നിയമിക്കുകയോ പുതിയ വ്യക്തികളെ സ്വതന്ത്രമായി നിയമിക്കുകയോ ചെയ്യാവുന്നതാണ്.

### ചാൻസലർ

രൂപതാകാര്യാലയത്തിൽ നടപടികൾ രേഖപ്പെടുത്തുകയും രേഖാലയം സൂക്ഷിക്കുകയുംചെയ്യുന്ന ഉത്തരവാദിത്വമുള്ള വൈദികനാണ് ചാൻസലർ (CCEO c. 252 §1; CIC c. 482). രൂപതാസിംഹാസനത്തിൽ ഒഴിവു വന്നാലും ചാൻസലർ ഓഫീസിൽ തുടരുന്നു (CCEO c. 255; CIC c. 485). പുതിയ രൂപതാധ്യക്ഷൻ നിലവിലുള്ള ചാൻസലറിന് വീണ്ടും നിയമനം നല്കേണ്ട ആവശ്യമില്ല. അതേസമയം ആവശ്യമെങ്കിൽ ചാൻസലർ സ്ഥാനത്തേക്കു പുതിയ ആളെ നിയമിക്കാവുന്നതാണ്.

### ഫിനാൻസ് ഓഫീസർ

രൂപതയുടെ സാമ്പത്തിക കാര്യങ്ങൾ നോക്കിനടത്താൻ നിയമിക്കപ്പെടുന്ന, സാമ്പത്തികകാര്യങ്ങളിൽ വിദഗ്ധനായ വ്യക്തിയാണ് ധനകാര്യസ്ഥൻ അഥവാ ഫിനാൻസ് ഓഫീസർ (CCEO c. 262; CIC c. 494). രൂപതാസിംഹാസനം ഒഴിവാകുന്ന സാഹചര്യത്തിലും ഫിനാൻസ് ഓഫീസർക്കു സ്ഥാനം നഷ്ടപ്പെടുന്നില്ല (CCEO c. 232, 262 §5; CIC c. 494 §2). പുതിയ രൂപതാധ്യക്ഷൻ അദ്ദേഹത്തിന് വീണ്ടും നിയമനം നല്കേണ്ട ആവശ്യമില്ല. അതേസമയം, കൂടിയാലോചനകൾക്കുശേഷം പുതിയ ഫിനാൻസ് ഓഫീസറെ ആവശ്യമെങ്കിൽ നിയമിക്കാവുന്നതാണ്.

### ഫിനാൻസ് കൗൺസിൽ

സാമ്പത്തികകാര്യങ്ങളിലും സിവിൽനിയമത്തിലും വിദഗ്ധരായവരുടെ ഒരു സമിതിയാണ് ഫിനാൻസ് കൗൺസിൽ. വൈദികരും സമർപ്പിതരും അല്മായരും ഇതിൽ അംഗങ്ങളായി വരാം. രൂപത മുഴുവന്റേയും ഭരണസംബന്ധമായ വരവുചെലവുകളുടെ മേൽനോട്ടംവഹിക്കുക എന്നതാണ് ധനകാര്യകൗൺസിലിന്റെ പ്രത്യേക ദൗത്യം (CCEO c. 263; CIC c. 493). രൂപതാസിംഹാസനത്തിന് ഒഴിവുവരുമ്പോഴും ഫിനാൻസ് കൗൺസിൽ പ്രവർത്തിക്കുന്നു (CCEO c. 225 §2; CIC c. 423 §2).

### വൈദികസമിതി അഥവാ പ്രസ്ബിറ്ററൽ കൗൺസിൽ

രൂപതയിലെ വൈദികസമൂഹത്തെ പ്രതിനിധീകരിക്കുന്ന ഈ സമിതി അജപാലന പ്രവർത്തനങ്ങളെക്കുറിച്ചും രൂപതയുടെ നന്മസംബന്ധിച്ചുള്ള കാര്യങ്ങളിലും രൂപതാധ്യക്ഷന് ഉപദേശം നല്കുന്നു (CCEO cc. 264-270; CIC cc. 495-501). രൂപതാസിംഹാസനത്തിൽ ഒഴിവുവരുമ്പോൾ വൈദികസമിതി ഇല്ലാതാവുകയും അതിന്റെ ചുമതലകൾ ആലോചനാസമിതി ഏറ്റെടുക്കുകയും ചെയ്യുന്നു. പുതിയ മെത്രാൻ സ്ഥാനം ഏറ്റെടുത്ത് ഒരു വർഷത്തിനുള്ളിൽ പുതിയ വൈദികസമിതി നിയമാവലിപ്രകാരം രൂപീകരിക്കേണ്ടതാണ് (CCEO c. 270 §2; CIC c. 501 §2).

### ആലോചനാസമിതി

രൂപതാഭരണത്തിൽ രൂപതാധ്യക്ഷൻ ഔദ്യോഗികമായി ആലോചനതേടുന്ന സമിതിയാണിത് (CCEO c. 271; CIC c. 502). രൂപതാസിംഹാസനം ഒഴിവാകുമ്പോഴും ആലോചനസമിതി (College of Consulters) നിയമം അനുശാസിക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവഹിച്ചുകൊണ്ടു പ്രവർത്തിക്കുന്നു (CCEO c. 271 §-§2,5; CIC c. 501 §2, 502 §2). അഞ്ചുവർഷത്തേക്കാണ് കാലാവധി. വൈദികസമിതിയിൽ അംഗമായിരിക്കുന്ന വൈദികർമാത്രമാണ് ഇതിൽ അംഗങ്ങളായിരിക്കുന്നത്.

### പാസ്റ്ററൽ കൗൺസിൽ

രൂപതയിലെ അജപാലനപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ അന്വേഷിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രായോഗികനിഗമനങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനുള്ള ഒരു സമിതിയാണ് രൂപത പാസ്റ്ററൽ കൗൺസിൽ (CCEO cc. 272-275 §2; CIC cc. 511-514). വൈദികരും സമർപ്പിതരും അല്മായരും അടങ്ങുന്ന ഒരു സമിതിയാണിത്. രൂപതാസിംഹാസനം ഒഴിവുവരുമ്പോൾ പാസ്റ്ററൽ കൗൺസിൽ ഇല്ലാതാകുന്നു (CCEO c. 274 §2; CIC c. 513 §2).


രൂപതാഭരണത്തിൽ രൂപതാധ്യക്ഷനെ സഹായിക്കുന്ന ഓഫീസുകളും കാനോനികസമിതികളും എന്താണെന്നും അവ രൂപതാസിംഹാസനം ഒഴിവാകുമ്പോൾ എപ്രകാരം പ്രവർത്തിക്കുന്നുവെന്നും കണ്ടു. ഒരു മെത്രാന്റെ ഭരണകാലഘട്ടം അവസാനിക്കുന്നതിന്റെയും പുതിയ രൂപതാധ്യക്ഷൻ ഉത്തരവാദിത്വമേറ്റെടുക്കുന്നതിന്റെയും ഇടയിലുള്ള കാലഘട്ടത്തിൽ രൂപതയുടെ അടിസ്ഥാനഭരണനിർവഹണം ഉറപ്പുവരുത്തുന്നതിനും അതേസമയം പുതിയ രൂപതാധ്യക്ഷനു പുതിയ കാഴ്ചപ്പാടോടെ രൂപതാഭരണം ആരംഭിക്കുന്നതിനു സഹായകമാവുകയും ചെയ്യുന്ന രീതിയിലാണ് ഓഫീസുകളുടെയും സമിതികളുടെയും പ്രവർത്തനകാലഘട്ടം സഭാനിയമം നിശ്ചയിച്ചിരിക്കുന്നത്.

**ഉപകാരസ്മരണ**



സോണിമോൾ ഉള്ളാട്ടിൽ, കണ്ണോത്ത്

**ഒന്നാം ചരമവാർഷികം**
23-03-2024



**ദേവസ്യ (കുഞ്ഞൂഞ്ഞ്)**
**കുരിശുമൂട്ടിൽ, കൂടരഞ്ഞി**
വിൻസന്റ് ഡി പോൾ യൂത്ത് കോൺഫറൻസ്, കൂടരഞ്ഞി

**2nd DEATH ANNIVERSARY**
27-03-2024



**P.J THOMAS**
**PEZHUMKATTIL, THIRUVAMBADY**
*"Iam the resurrection and the life.Those who belives in me will live, even though they die"(Jn 11:25)*
Family with prayers..

**സ്വർഗ്ഗത്തിൽ 4-ാം പിറന്നാൾ**
18-03-2024



**മെൽജോ പൗലോസ്**
**കാളാംപറമ്പിൽ, ചക്കിട്ടപാറ**
ജനനം 21-4-2000 മരണം 18-3-2020
മരിക്കാത്ത ഓർമ്മകളോടെ പ്രാർത്ഥനയിൽ എല്ലാവരും ഓർക്കുക
സ്നേഹത്തോടെ അപ്പ, അമ്മ, അനിയൻ കുടുംബാംഗങ്ങൾ

# 'ടാഫ്കോസ്' പ്രവർത്തനം ആരംഭിച്ചു

● താമരശ്ശേരി അഗ്രികൾച്ചർ ഫാർമേഴ്സ് സോഷ്യൽ വെൽഫയർ സൊസൈറ്റി (ടാഫ്കോസ്) ഓഫീസ് പ്രവർത്തനം ആരംഭിച്ചു. താമരശ്ശേരി കോരങ്ങാട് അൽഫോൻസ ആർകേഡിൽ ആരംഭിച്ച ഓഫീസ് മന്ത്രി മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. മലയോര മേഖലയിലെ കർഷകർക്കായി രൂപീകരിച്ച ടാഫ്കോസിൽ ഒട്ടേറെക്കാര്യങ്ങളാണ് കർഷകർക്കുവേണ്ടി രൂപപ്പെടുത്തിയിട്ടുള്ളതെന്നും കർഷകരുടെ വൈവിധ്യമാർന്ന സാമ്പത്തിക കാര്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ മാതൃകാപരമായാണ് ടാഫ്കോസ് ഇടപെടുന്നതെന്നും മന്ത്രി പറഞ്ഞു.

കർഷകരുടെ ജീവിതത്തിൽ വളരെ പോസിറ്റീവായ മാറ്റങ്ങളുണ്ടാക്കാൻ ടാഫ്കോസിനു സാധിക്കുമെന്നതിൽ സംശയമില്ലെന്നും സഹകരണ മേഖലയിൽ താമരശ്ശേരി രൂപത ഇത്തരമൊരു സംരംഭം തുടങ്ങിയതിൽ വലിയ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. ലിന്റോ ജോസഫ് എംഎൽഎ മുഖ്യാതിഥിയായിരുന്നു. താമരശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് എ. അരവിന്ദൻ ജോയി കണ്ണഞ്ചിറയിൽ നിന്നും പത്ത് ലക്ഷം രൂപയുടെ ആദ്യനിക്ഷേപം ഏറ്റുവാങ്ങി. കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ ജനറൽ ബി. സുധ ഷെയർ സ്വീകരിച്ചു. താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ദീപിക എംഡി ഫാ. ബെന്നി മുണ്ടനാട്ട്, ടാഫ്കോസ് പ്രസിഡന്റ് ഫാ. സായി പാറൻകുളങ്ങര, കത്തീഡ്രൽ വികാരി ഫാ. മാത്യു പുളിമൂട്ടിൽ, ഇൻഫാം ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, വാർഡ് മെമ്പർ വി. എം. രാജു, താമരശ്ശേരി അസി. രജിസ്ട്രാർ ജനറൽ വിനു, ടാഫ്കോസ് വൈസ് പ്രസിഡന്റ് പി. പി. അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു. കർഷക രക്ഷ എന്ന ആശയത്തിലൂടെ ബാങ്കിന്റെ പ്രവർത്തനം സാധാരണക്കാരിലേക്ക് എളുപ്പത്തിൽ എത്തിക്കുകയാണ് ടാഫ്കോസിന്റെ ലക്ഷ്യം.

സൊസൈറ്റി കർഷകർക്കും കച്ചവടക്കാർക്കും വിദേശപഠനത്തിനൊരുങ്ങുന്ന വിദ്യാർത്ഥികൾക്കും കുറഞ്ഞ പലിശയ്ക്ക് സ്വർണവായ്പയും മറ്റു വായ്പാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ആകർഷകമായി നിക്ഷേപ പദ്ധതികളും ലക്ഷ്യമിടുന്നു.

## പുത്തൻപാന ആലാപന മത്സരം

● താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ കുടുംബക്കൂട്ടായ്മകളെ കേന്ദ്രീകരിച്ച് പുത്തൻപാന ആലാപന മത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിന്റെ ആദ്യഘട്ടത്തിൽ, ഇടവകയിലെ കുടുംബക്കൂട്ടായ്മ അടിസ്ഥാനത്തിലുള്ള ടീം പുത്തൻപാന ആലപിക്കുന്ന അഞ്ചു മിനിറ്റ് വീഡിയോ 8921835701 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയയ്ക്കണം. ഒരു ഇടവകയിൽ നിന്ന് കുടുംബക്കൂട്ടായ്മ അടിസ്ഥാനത്തിലുള്ള എത്ര ടീമുകൾക്കു വേണമെങ്കിലും പങ്കെടുക്കാം. അഞ്ചു മിനിറ്റാണ് ആലാപന സമയം. ഒരു ടീമിൽ പരമാവധി 7 പേർ. പ്രായഭേദമന്യേ ആർക്കും പങ്കെടുക്കാം. കുട്ടികളും യുവജനങ്ങളും മുതിർന്നവരും ഉൾപ്പെടുന്ന ടീമുകൾക്ക് മുൻഗണന. ഇലക്ട്രോണിക് ഉപകരണങ്ങളോ മറ്റു വാദ്യോപകരണങ്ങളോ പാടില്ല. മൈക്ക് നൽകുന്നതാണ്. ഫൈനൽ മത്സരം മാർച്ച് 23–ന് ഉച്ചയ്ക്ക് 1.30–ന് കോഴിക്കോട് പി.എം.ഒ.സിയിൽ നടക്കും. ഒന്നാം സമ്മാനം റോസമ്മ പുല്ലാട്ട് മെമ്മോറിയൽ ക്യാഷ് അവാർഡും (7000 രൂപ) ട്രോഫിയും രണ്ടാം സമ്മാനം ത്രേസ്യാമ്മ കോലാട്ടുവെളിയിൽ മെമ്മോറിയൽ ക്യാഷ് അവാർഡും (5000 രൂപ) ട്രോഫിയും മൂന്നാം സമ്മാനം റവ. ഫാ. ഗിൽബർട്ട് ഗോൺസാൽവോസ് ട്രസ്റ്റ് മെമ്മോറിയൽ ക്യാഷ് അവാർഡും (3000 രൂപ) ട്രോഫിയും.

## അന്താരാഷ്ട്ര കോൺഫ്രൻസ്

**തിരുവമ്പാടി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എത്തിക്സ് തിരുവമ്പാടി അൽഫോൻസ കോളജുമായി ചേർന്ന് അന്താരാഷ്ട്ര കോൺഫ്രൻസ് നടത്തി. കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി. അശോക് ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. പ്രഫ. ജോസ് ആന്റണി മുഖ്യപ്രഭാഷണം നടത്തി. വിവിധ സർവകലാശാലകളിലെ ഇരുപതോളം ഗവേഷകർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കർഷകരുമായി സംവാദം നടത്തി.

## പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ അഡ്മിഷൻ ആരംഭിച്ചു

താമരശ്ശേരി രൂപതയുടെ ദൈവശാസ്ത്ര –ബൈബിൾ പഠന കേന്ദ്രമായ പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏപ്രിൽ മാസം ആരംഭിക്കുന്ന പുതിയ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു.

**കോഴ്സുകൾ:** ● **ബൈബിൾ ഒരു സമഗ്രപഠനം** (ഒന്നാമത്തെയും മൂന്നാമത്തെയും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ).

● **സഭാചരിത്ര പഠനം** (രണ്ടാമത്തെയും നാലാമത്തെയും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ)

● **വിശുദ്ധ കുർബാന വിരചിത ഭാഷയിൽ (സുറിയാനിയിൽ) ഒരു പഠനം** (ഒന്നാമത്തെയും മൂന്നാമത്തെയും ബുധനാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ).

● **ധാർമ്മിക ശാസ്ത്രം ഒരു പഠനം** (രണ്ടാമത്തെയും നാലാമത്തെയും ബുധനാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ)

● **പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള പഠനം** (മരിയൻ ശാസ്ത്രം) (ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ).

ലോകപ്രശസ്തമായ ദൈവശാസ്ത്ര യൂണിവേഴ്സിറ്റികളിൽ നിന്നും വിവിധ ദൈവശാസ്ത്ര വിഷയങ്ങളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുള്ള പ്രശസ്തരായ പണ്ഡിതൻമാർ ക്ലാസ്സുകൾ നയിക്കുന്നു. ക്ലാസുകൾ പൂർണ്ണമായും ഓൺലൈനാണ്.

മാസത്തിൽ രണ്ട് ക്ലാസ്സുകളുണ്ടാകും. വിവരങ്ങൾക്ക്: **8281346179.**





Thomarakattil Tiles

'നവീകരിച്ച ഷോറൂം വിശാലമായ കളക്ഷൻസ്'



Kajaria, Johnson തുടങ്ങിയ ബ്രാൻഡുകളുടെ എക്സ്ക്ലൂസിവ് സ്റ്റുഡിയോ. വിവിധ സൈസിൽ ഉള്ള സ്ലാബ് ടൈലുകൾ, സാനിറ്ററി വെയർ, ബാത് ഫിറ്റിംഗ്സ് തുടങ്ങിയവയുടെ വിശാലമായ കളക്ഷൻസ്, 10,000 Sq.ft ഉള്ള നവീകരിച്ച ഷോറൂമിൽ നിങ്ങൾക്കായി ഒരുക്കി വെച്ചിരിക്കുന്നു.

MAJOR BRANDS: KAJARIA, JOHNSON, SOMANY, MYK LATICRETE, WEBER, RAMCO, KEROVIT PARRYWARE

Our sister concerns - Thomarakattil Hardwares | Thomarakattil furniture
Thomarakattil Electricals | Thomarakattil Sheets and pipes

Thomarakattil Tiles
Calicut Road, Thiruvambady, Kozhikode
Pincode: 673 603, Ph: 9562 252 190, 04952 252 190

# പ്രാർത്ഥനകളിൽ മാറ്റം വരുത്തിയാൽ കൂദാശ അസാധു: വത്തിക്കാൻ രേഖ

● കൗദാശിക പ്രാർത്ഥനകളിലും അനുഷ്ഠാനങ്ങളിലും കൗദാശിക വസ്തുക്കളിലും മാറ്റം വരുത്തിയാൽ ആ കൂദാശ അസാധുവാകുമെന്ന് വ്യക്തമാക്കി വത്തിക്കാൻ രേഖ പുറപ്പെടുവിച്ചു. 'Gestis Verbisque' (Gestured and words) എന്നാണ് ഈ രേഖയുടെ പേര്. 2024 ഫെബ്രുവരി രണ്ടിന് പ്രസിദ്ധീകരിച്ച ഈ രേഖയിൽ ഒപ്പുവച്ചിരിക്കുന്നത് ഫ്രാൻസിസ് മാർപാപ്പയും വിശ്വാസകാര്യാലയത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടയുമാണ്.



കൂദാശയുടെ പരികർമ്മത്തിനായുള്ള നിർദ്ദിഷ്ട പ്രാർത്ഥനകളും അതിനുപയോഗിക്കേണ്ട വസ്തുക്കളും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ സ്വന്തം ഇഷ്ടമനുസരിച്ച് മാറ്റാൻ പാടില്ലെന്നും അങ്ങനെ ചെയ്താൽ ആ കൂദാശ അസാധുവാകുമെന്നും രേഖ വ്യക്തമാക്കുന്നു. ഇത് കേവലം സാങ്കേതികതയുടെയോ അല്ലെങ്കിൽ കാർക്കശ്യത്തിന്റെയോ പ്രശ്നമല്ലെന്ന് രേഖയിൽ ചൂണ്ടിക്കാട്ടുന്നു. കൂദാശകളിൽ ദൈവത്തിന്റെ പ്രവർത്തനത്തിന്റെ മുൻഗണനയെ വ്യക്തമായി പ്രകടിപ്പിക്കുകയും മിശിഹായുടെ ശരീരമായ സഭയുടെ ഐക്യം താഴ്മയോടെ സംരക്ഷിക്കുകയുമാണ് ഈ രേഖ ലക്ഷ്യമാക്കുന്നതെന്ന് ഇതുമായി ബന്ധപ്പെട്ട വൃത്തങ്ങൾ വ്യക്തമാക്കി.

## കർദ്ദിനാൾ സിമോണി ജീവിക്കുന്ന രക്തസാക്ഷി: ഫ്രാൻസിസ് പാപ്പ

● അൽബേനിയായിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ കീഴിൽ 28 വർഷം തടവിൽ കഴിഞ്ഞ കർദ്ദിനാൾ ഏണസ്റ്റ് സിമോണി ജീവിക്കുന്ന രക്തസാക്ഷിയാണെന്ന് ഫ്രാൻസിസ് മാർപാപ്പ. 95–ാം വയസിലും സഭയ്ക്കുവേണ്ടി പ്രവൃത്തിക്കുന്ന കർദ്ദിനാൾ നൽകുന്ന സാക്ഷ്യത്തിന് പാപ്പ നന്ദി പ്രകടിപ്പിച്ചു. 1928–ൽ അൽബേനിയായിലെ ത്രോഷാനി ഗ്രാമത്തിൽ ജനിച്ച ഏണസ്റ്റ് സിമോണി പത്താമത്തെ വയസിൽ ഫ്രാൻസിസ്ക്കൻ സന്യാസസമൂഹത്തിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. 1948–ൽ അദ്ദേഹം പഠിച്ചിരുന്ന ആശ്രമത്തിലെ വൈദികരെ ഭരണകൂട ഏജന്റുമാർ വെടിവയ്ക്കുകയും അംഗങ്ങളെ പുറത്താക്കുകയും ചെയ്തു. രഹസ്യമായി പഠനം തുടർന്ന സിമോണി 1956–ൽ പൗരോഹിത്യം സ്വീകരിച്ചു. 1963–ലെ ക്രിസ്മസ് ദിവ്യബലിക്ക് ശേഷം അദ്ദേഹത്തെ കമ്മ്യൂണിസ്റ്റ് ഭരണകൂടം അറസ്റ്റ് ചെയ്തു. പിന്നീട് 28 വർഷങ്ങൾക്ക് ശേഷമാണ് അദ്ദേഹം പുറംലോകം കാണുന്നത്. 2014–ൽ അൽബേനിയയിൽ നടത്തിയ സന്ദർശനത്തിലാണ് ഫ്രാൻസിസ് പാപ്പ ഫാ. സിമോണിയെ കണ്ടുമുട്ടുന്നത്. പിന്നീട് അദ്ദേഹത്തിന് കർദ്ദിനാൾ സ്ഥാനവും നൽകി.

## 21 കോപ്റ്റിക് രക്തസാക്ഷികളുടെ തിരുനാൾ ആചരിച്ചു

● ഐഎസ് തീവ്രവാദികൾ 2015 ഫെബ്രുവരി 15–ന് ലിബിയയിലെ കടൽത്തീരത്ത് വച്ച് കൊലപ്പെടുത്തിയ 21 കോപ്റ്റിക് രക്തസാക്ഷികളുടെ തിരുനാൾ ആചരിച്ചു. 'കോപ്റ്റിക്' എന്ന പദം ഈജിപ്തിലെ സഭയെ സൂചിപ്പിക്കുന്നതാണ്. ഈ 21 പേരും കോപ്റ്റിക് ഓർത്തഡോക്സ് സഭയിൽപ്പെട്ടവരായിരുന്നു. 21 രക്തസാക്ഷികളുടെയും തിരുശേഷിപ്പ് വണങ്ങുന്ന എക്യൂമെനിക്കൽ പ്രാർത്ഥനാസമ്മേളനം വത്തിക്കാനിൽ നടന്നു.

ക്രൈസ്തവ ഐക്യം വളർത്തുന്നതിനായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അധ്യക്ഷനായ കർദ്ദിനാൾ കുർട്ട് കോച്ച് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. കോപ്റ്റിക് ഗായക സംഘം ഗാനങ്ങൾ ആലപിച്ചു. പ്രാർത്ഥനയ്ക്ക് ശേഷം കോപ്റ്റിക് ഓർത്തഡോക്സ് സഭ രക്തസാക്ഷിത്വത്തെക്കുറിച്ച് പുറത്തിറക്കിയ 'ദ 21: ദ പവർ ഓഫ് ഫെയ്ത്ത്' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവും നടന്നു.

തയ്യാറാക്കിയത്: ഫാ. ജോസഫ് കളത്തിൽ

**FORM IV**

Statement about ownership and other particulars about Malabar Vision.

1. Place of publication :
PMOC, MARIKKUNNU P.O,
CALICUT
KERALA - 673012

2. Periodicity of its publication :
MONTHLY

3. Printer's Name : BENNY ALEX
Nationality : INDIAN
Address : KARAKKATTU (H),
CHAPPANTHOTTAM (P.O),
KAVILUMPARA (VIA),
CALICUT, KERALA - 673513

4. Publisher's Name : BENNY ALEX
Nationality : INDIAN
Address : KARAKKATTU (H),
CHAPPANTHOTTAM (P.O),
KAVILUMPARA (VIA),
CALICUT, KERALA - 673513

5. Editor's Name :
FR RONI PAUL KAVIL
Nationality : INDIAN
Address : KAVIL (H),
MANASSERY, MUKKOM (P.O),
PIN - 673602.

I, BENNY ALEX, hereby declare that the particulars given above are true to the best of my knowledge and belief.

sd/-

Date: 01- 03- 2024 Signature of Publisher

മലബാർ വിഷൻ ഓൺലൈൻ സന്ദർശിക്കാൻ QR കോഡ് സ്കാൻ ചെയ്യൂ...

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1

2

3

4

5

6

7

8

9

10

പേര്: ..............................

വീട്ടുപേര്: ..............................

ഇടവക: ..............................

ഫോൺ: ..............................

ഇവിടെ മുറിക്കുക

# ക്വിസ് കോർണർ 2024



## 2024 മാർച്ച് – ഏപ്രിൽ ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. എസ്.സി.ഇ.ആർ.ടി പാഠപുസ്തകങ്ങൾ കേരള സർക്കാരിന്റെ ഏതു വെബ് പോർട്ടലിലാണ് ലഭ്യമായിട്ടുള്ളത്?
2. 'സത്യത്തിൽ സ്നേഹം' എന്ന ചാക്രിക ലേഖനം എഴുതിയ മാർപാപ്പ ആര്?
3. 'കോപ്റ്റിക്' എന്ന പദം ഏതു സഭയെ സൂചിപ്പിക്കുന്നു?
4. 'ആരോഗ്യം, ആനന്ദം, അന്തസ്സ്' എന്നത് ഏതു കമ്പനിയുടെ മോട്ടോയാണ്?
5. ആദ്യത്തെ നിയോ റിയലിസ്റ്റിക് ചിത്രമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ചലച്ചിത്രമേത്?
6. മനുഷ്യരാശി നിലനിൽക്കാൻ അത്യന്താപേക്ഷിതമായത് എന്തെല്ലാം?
7. രൂപതാ കാര്യാലയത്തിൽ നടപടികൾ രേഖപ്പെടുത്തുകയും രേഖാലയം സൂക്ഷിക്കുകയും ചെയ്യാൻ ഉത്തരവാദിത്വമുള്ള വൈദികൻ ആര്?
8. മലവേപ്പിന്റെ ശാസ്ത്രീയ നാമം എന്താണ്?
9. താമരശ്ശേരി രൂപതയുടെ ജൂബിലി സംരംഭമായി 2010 നവംബർ 17–ന് ആരംഭിച്ച സ്ഥാപനം ഏത്?
10. താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി പ്രൊജക്ടായ സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ ആരംഭിച്ചത് എവിടെയാണ്?

**ഉത്തരങ്ങൾ
2024 ഏപ്രിൽ 15 ന്
മുമ്പ് ലഭിക്കണം**

*ജനുവരി – ഫെബ്രുവരി ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**ത്രേസ്യാമ്മ ജോയി**
കൊച്ചുപറമ്പിൽ, കുറ്റിപ്പുറം

● രണ്ടാം സമ്മാനം, 500 രൂപ
**ഫിയോണ അൽഫോൻസ**
പുത്തൻപുരയ്ക്കൽ, തിരുവമ്പാടി

● മൂന്നാം സമ്മാനം, 250 രൂപ
**ജുവാൻ മഹേഷ്**
മാടപ്പാട്ട്, തോട്ടുമുക്കം

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**97 44 99 5553**

## ജനുവരി – ഫെബ്രുവരി ലക്കം ഉത്തരങ്ങൾ


1. കരുണ 2. ടൈസൺ ഫ്യൂറി 3. ലൗദാത്തേ ദേവും 4. കെ.സി. ജെയിംസ് കുമ്പളുങ്കൽ, പകലോമറ്റം 5. ഫാ. സുബിൻ കാവളക്കാട്ട് 6. കെ.എം. പീറ്റർ 7. 2017 ഏപ്രിൽ 17–ന് 8. ഫാ. ബെർണാഡിൻ സിഎംഐ 9. ഫാ. ഫ്രാൻസീസ് കള്ളിക്കാട്ട് 10. വിലങ്ങാട്

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പി.ഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

# വന്യമൃഗങ്ങളുടെ നരനായാട്ട്: സർക്കാർ നിസംഗത വെടിയണം



ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

മലയോര മേഖലയിലെ ജനങ്ങൾ വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മനുഷ്യർ കൊല്ലപ്പെടുന്നത് തുടർക്കഥയാകുന്നു. താമരശ്ശേരി രൂപത ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലും സ്ഥിതി വിഭിന്നമല്ല. പുലിയുടെ സാന്നിധ്യം ഈ പ്രദേശങ്ങളിലുമുണ്ട്. വിവിധ സ്ഥലങ്ങളിൽ ആനയുടെ ആക്രമണം ഉണ്ടായി. കാട്ടുപന്നിയുടെ ആക്രമണത്തിൽ മുറിവേൽക്കുന്നത് സാധാരണമായിത്തീർന്നു. നിശബ്ദമായ കുടിയിറക്കത്തിന്റെ സൂചനകളാണ് ഇതെല്ലാം. റബർ ടാപ്പിങ്ങിന് പോകുന്നതിനോ, സൊസൈറ്റിയിൽ പാൽ കൊണ്ടുപോകുന്നതിനോ, എന്തിനേറെ, സന്ധ്യ കഴിഞ്ഞാൽ പ്രഭാതംവരെ വീടിന് പുറത്തേക്കിറങ്ങാൻ പോലും ഭയക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഭരണഘടന നൽകുന്ന ജീവിക്കാനുള്ള അവകാശം മലയോര പ്രദേശങ്ങളിൽ ലംഘിക്കപ്പെടുന്നു എന്നതിന് തെളിവാണ് വന്യമൃഗഭീഷണിയാൽ പഠനം നഷ്ടമായിരിക്കുന്ന കുട്ടികളും, അപകടമരണങ്ങൾ നേരിൽക്കണ്ടും ഭീതിപൂണ്ടും കഴിയുന്ന കുഞ്ഞുങ്ങളും, വിധവകളായി മാറ്റപ്പെട്ടവരും തൊഴിൽ നഷ്ടപ്പെട്ടവരുമായ സ്ത്രീകളുമൊക്കെ.



## തുടരുന്ന സർക്കാർ നിസംഗത

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അലംഭാവമാണ് വന്യജീവി പ്രശ്നങ്ങൾ വർധിക്കുന്നതിനുള്ള കാരണം. ജനങ്ങൾക്കുള്ള സംരക്ഷണം നൽകേണ്ടത് സർക്കാരുകളാണ്. ലോക രാജ്യങ്ങളെല്ലാം ജനങ്ങളെ കാട്ടുമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കാനുള്ള നിയമനിർമ്മാണം നടത്തുകയും സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. എന്തുകൊണ്ട് ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും ജനങ്ങൾക്ക് സുരക്ഷിതത്വം നൽകാൻ സർക്കാരുകൾക്ക് കഴിയുന്നില്ല? കാലഹരണപ്പെട്ട നിയമങ്ങൾ ഉണ്ട് എന്നതിന്റെ പേരിൽ ജനങ്ങൾക്ക് സ്വസ്ഥമായി ജീവിക്കാനുള്ള അവകാശം ലംഘിക്കപ്പെടരുത്.

കേരളത്തിന്റെ മലയോരമേഖലയിൽ ഉടനീളവും വയനാട് ജില്ലയിൽ പ്രത്യേകിച്ചും സംഭവിക്കുന്ന വന്യജീവി ആക്രമണ മരണങ്ങളുടെ ഉത്തരവാദിത്വം സംബന്ധിച്ച് കേന്ദ്ര വനം-വന്യജീവി വകുപ്പ് മന്ത്രി ഭൂപേന്ദർ യാദവ് വയനാട്ടിൽ നടത്തിയ പ്രസ്താവനയിൽ പറഞ്ഞത് 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി ആവശ്യമില്ല എന്നാണ്. നിയമത്തിന്റെ 11-ാം വകുപ്പനുസരിച്ച് സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന് ഒരു കേന്ദ്രാനുമതിയും കൂടാതെ ജനവാസ മേഖലയിലിറങ്ങുന്ന ആക്രമണകാരികളായ ഏതൊരു വന്യജീവിയെയും കൊല്ലുന്നതിന് ഉത്തരവിടാൻ അധികാരം ഉണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു. എങ്കിൽ പിന്നെ, ഇത്രയും മനുഷ്യർ കൊല്ലപ്പെട്ടിട്ടും ഇവിടത്തെ ചീഫ് വൈൽഡ് ലൈഫ് വാർഡനും സർക്കാരും എന്തുകൊണ്ടാണ് കൈയ്യും കെട്ടിയിരിക്കുന്നത്? എന്നാൽ കേരള വനം വകുപ്പ് ഈ പ്രസ്താവന നിഷേധിക്കുകയാണ് ചെയ്തത്. ഇത് ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്.

## തിരഞ്ഞെടുപ്പിൽ ചർച്ചയാകും

ജനപ്രതിനിധികളെ തിരഞ്ഞെടുത്തു വിടുന്നത് അതത് പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങൾ കൃത്യമായി നടത്തുന്നതിന് വേണ്ടിയാണ്. ജനപ്രതിനിധികൾ ജനങ്ങളുടെ സുരക്ഷിതത്വം ശ്രദ്ധിക്കാതെ വരുന്നു എന്നത് അപലപനീയമായ കാര്യമാണ്. കാർഷിക മേഖലയിൽ നിന്ന് ഒരാൾ തെരഞ്ഞെടുക്കപ്പെട്ടാൽ മാത്രമേ അവർക്ക് കർഷകരുടെ ദുഃഖങ്ങൾ മനസ്സിലാക്കാൻ പറ്റുകയുള്ളൂ. അതുകൊണ്ട്, അടുത്ത തെരഞ്ഞെടുപ്പിൽ തീർച്ചയായും ഇതിന്റെ പ്രതിഫലനം ഉണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്.

വന്യജീവി സംഘർഷത്തിന് നിയമനിർമാണമാണ് ശാശ്വതമായ പരിഹാരം. മൃഗങ്ങൾ പെരുകുമ്പോൾ അതിനെ നിയന്ത്രിക്കാനുള്ള സംവിധാനം അന്താരാഷ്ട്രതലത്തിൽ നടപ്പിലാക്കിട്ടുണ്ട്. എന്തുകൊണ്ട് കേരളത്തിൽ നമുക്കത് പ്രയോഗത്തിൽ വരുത്തിക്കൂടാ? കേരള സർക്കാറിന് വളരെ എളുപ്പം നടപ്പിലാക്കാവുന്ന നിയമങ്ങളുണ്ട്. ആ നിയമങ്ങൾ നടപ്പിലാക്കാൻ എന്തുകൊണ്ടാണ് സർക്കാർ മടികാട്ടുന്നത്.

വന്യമൃഗങ്ങളാൽ കൊല്ലപ്പെടുമ്പോൾ ആ കുടുംബങ്ങളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. ചെറിയൊരു തുക കൊടുത്ത് കുടുംബത്തെ സംരക്ഷിക്കാമെന്ന് കരുതിയാൽ പോര, അവർക്ക് ആജീവനാന്തം ജീവിക്കാനുള്ള തുക നൽകുകയും, സത്വരമായ സഹായങ്ങൾ എത്തിക്കുകയും വേണം. വന്യജീവികൾ നാട്ടിൽ ഇറങ്ങാതെ കാട്ടിൽ തന്നെ സംരക്ഷിക്കാനുള്ള സംവിധാനങ്ങൾ എത്രയും വേഗം നടപ്പിൽ വരുത്തണം. അവ വനത്തിന് പുറത്തേക്ക് വന്നിട്ടുണ്ടെങ്കിൽ ജനങ്ങളെ മുൻകൂർ അറിയിക്കാൻ സംവിധാനം ഒരുക്കേണ്ടതാണ്. പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ സ്വകാര്യ ആശുപത്രികളിൽ അടക്കം ഉറപ്പാക്കുകയും ചെലവ് വനം വകുപ്പോ സർക്കാരോ ഏറ്റെടുക്കുകയും ചെയ്യണം. വനത്തിന് പുറത്ത് സംഭവിക്കുന്നവയ്ക്ക് വനനിയമം ബാധകമാക്കരുത്.

## കർഷകർ ശത്രുക്കളല്ല

വന്യജീവികൾ സ്വകാര്യ ഭൂമിയിൽ മനപൂർവ്വമല്ലാത്ത കാരണത്താൽ അപകടത്തിൽ പെടുന്നതിന് ഉടമയ്ക്കെതിരെ കേസ് എടുക്കുന്ന രീതി വനം വകുപ്പ് അവസാനിപ്പിക്കണം. ജനവാസ കേന്ദ്രങ്ങളിലുള്ള ജീവികൾക്ക് വന്യജീവി എന്ന പരിരക്ഷ എന്തിനാണ്? അക്രമകാരികളായ വന്യജീവികൾ ജനവാസ കേന്ദ്രത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമ്പോൾ അവയെ പിടികൂടുന്നതിനോ കൊല്ലുന്നതിനോ ഉത്തരവിടാൻ ജില്ലാ കലക്ടർമാർക്ക് അധികാരം നൽകുക. അല്ലെങ്കിൽ പ്രത്യേകം ജില്ലാ അധികാരിയെ നിയമിക്കുക. പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിന് പദ്ധതികൾ രൂപീകരിച്ചു സമയബന്ധിതമായി പൂർത്തിയാക്കുകയും തുടർനടപടികൾ ഉറപ്പാക്കി പോകുകയും ആവശ്യമാണ്. വനത്തോടു ചേർന്നോ, ചുറ്റപ്പെട്ടതോ ആയ സ്വകാര്യ ഭൂമി വനം വകുപ്പ് ഏറ്റെടുത്ത് തുല്യ അളവു ഭൂമിയും, മികച്ച നഷ്ടപരിഹാരത്തുകയും നൽകണം. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്നതിനെക്കാൾ കൂടുതൽ തുക വനത്തോടു ചേർന്നുള്ള കൃഷി ഭൂമിയിലെ വിളകളും നിർമാണങ്ങളും ഏറ്റെടുക്കുമ്പോൾ നൽകണം. നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കപ്പെടണം എന്നതാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്.

# കുടുംബം വിശുദ്ധീകരിക്കപ്പെട്ടാൽ സമൂഹം വിശുദ്ധീകരിക്കപ്പെടും: മാർ ഇഞ്ചനാനിയിൽ

**കോഴിക്കോട്:** കുടുംബം വിശുദ്ധീകരിക്കപ്പെട്ടാൽ സമൂഹം വിശുദ്ധീകരിക്കപ്പെടുമെന്നും കുടുംബ വിശുദ്ധീകരണം അമ്മമാരെ ആശ്രയിച്ചാണെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. മേരിക്കുന്ന് പിഎംഒസിയിൽ സീറോ മലബാർ ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്.

“സഭയ്ക്ക് ജന്മം നൽകുന്നവരാണ് അമ്മമാർ. പരിശുദ്ധ അമ്മയുടെ മനോഭാവം അവർ സ്വന്തമാക്കണം. ജീവനോടുള്ള സമീപനമാണ് ഇന്ന് ലോകം നേരിടുന്ന വലിയ വെല്ലുവിളി. ജീവനെ സ്നേഹിക്കുകയും പരിപാലിക്കുകയും ബഹുമാനിക്കുകയും വേണം. അതൊരു പ്രേഷിത പ്രവർത്തനമായി മാതൃവേദി ഏറ്റെടുക്കണം. കുട്ടികളെ സ്വീകരിക്കാനുള്ള തുറന്ന മനസ്സ് സമൂഹത്തിലുണ്ടാക്കിയെടുക്കാൻ മാതൃവേദിയുടെ പ്രവർത്തനത്തിലൂടെ കഴിയണം.” ബിഷപ് പറഞ്ഞു.

ഗ്ലോബൽ മാതൃവേദി പ്രസിഡന്റ് ബീന ജോഷി അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, ലിസി ജോസ്, ഗ്രേസി ജേക്കബ് എന്നിവർ പ്രസംഗിച്ചു. മാതൃവേദി താമരശ്ശേരി രൂപതാ ഡയറക്ടർ ഫാ. ജോസുകുട്ടി അന്തീനാട്ട് ബൈബിൾ പ്രതിഷ്ഠ നടത്തി. ഗ്ലോബൽ സമിതി തയ്യാറാക്കിയ ഡയറക്ടറി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു.

സംസ്ഥാനതലത്തിൽ വിവിധ പുരസ്കാരങ്ങൾക്ക് അർഹരായ സോളി തോമസ്, ആഗ്നസ് ബേബി എന്നിവരെ ചടങ്ങിൽ ആദരിച്ചു.

രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസുകളും റിപ്പോർട്ട് അവതരണവും നടന്നു. സമാപന സമ്മേളനത്തിൽ താമരശ്ശേരി രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ അനുഗ്രഹ പ്രഭാഷണം നടത്തി.



# ഏതു കോഴ്സും പഠിക്കാം... ലോകത്ത് എവിടെയും പഠിക്കാം...

# സഹായത്തിനുണ്ട് LDS

പ്ലസ് ടു, ഡിഗ്രി പഠിച്ചുകൊണ്ടിരിക്കുന്നവർക്ക് സുവർണ്ണ അവസരം. സ്വദേശത്തും വിദേശത്തും **MBBS, BDS, BSc Nursing, GNM, BPT, B Pharm, Paramedical, BCA, B. Com, B.Tech, Hotel Management, CA** തുടങ്ങി ഏത് കോഴ്സിനും അഡ്മിഷന് സഹായിക്കുന്നു.



**CANADA, UK, AUSTRALIA, IRELAND, NEW ZEALAND, GERMANY, FRANCE, POLAND**

## ജർമ്മനിയിൽ പഠിക്കാം

### ഒരു ലക്ഷം രൂപയിലധികം സ്റ്റൈപ്പന്റോടെ

● പ്ലസ് ടു സയൻസ് , കൊമേഴ്സ്, ഹ്യുമാനിറ്റീസ് വ്യത്യാസമില്ലാതെ നഴ്സിംഗ്, പാരാമെഡിക്കൽ, എഞ്ചിനീയറിംങ്ങ് കോഴ്സുകൾ പഠിക്കാം. ● പഠന ചിലവ്, ഡോക്യുമെന്റേഷൻ, വിസ പ്രോസസിംഗ്, ഫ്ളൈറ്റ് ടിക്കറ്റ് തുച്ഛമായ തുകയിൽ. പഠനത്തോടൊപ്പം ഒരു ലക്ഷം രൂപയിലധികം ഓരോ മാസവും സ്റ്റൈപ്പന്റ്. ● ജർമൻ ഭാഷയിൽ B2 ലെവൽ പാസാകാൻ LDS സഹായിക്കുന്നു. ● കുട്ടികൾക്ക് കൃത്യമായ ഇൻഡിവിജ്വൽ അറ്റൻഷൻ ● ഒരു ബാച്ചിൽ 25 കുട്ടികൾക്ക് മാത്രം അഡ്മിഷൻ. ● ഈ വർഷത്തെ ആദ്യബാച്ച് ഏപ്രിൽ 15 ന് ആരംഭിക്കുന്നു ● ബുക്കിങ് ആരംഭിച്ചിരിക്കുന്നു.

ഡിഗ്രി പഠനം കഴിഞ്ഞവർക്ക് ജർമ്മനിയിൽ ഫ്രീയായി ഗവൺമെന്റ് യൂണിവേഴ്സിറ്റികളിൽ മാസ്റ്റേഴ്സ് പഠിക്കാം

● Part time job assistance ● Free IELTS Voucher
● Degree 70% and above

## കർണാടകയിൽ നഴ്സിങ് പഠനം

● കർണാടക കോമൺ എൻട്രൻസ് ടെസ്റ്റിന് ഒരുങ്ങുവാനും പരീക്ഷ കർണാടകയിൽ പോയി എഴുതുവാനും വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുന്നു. ● പാലാ ബ്രില്യന്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ 1 മുതൽ ക്രാഷ് കോഴ്സ്. ● ക്യാമ്പസ് വിസിറ്റ് പ്രോഗ്രാം – മാതാപിതാക്കളോടൊപ്പം നേരിൽ കോളേജ് കണ്ട് അഡ്മിഷൻ ലഭിക്കുന്നു ● കോഴ്സ് കാലാവധി കഴിയുന്നതുവരെ വൈദികരുടെ നേതൃത്വത്തിൽ എൽഡിഎസ് ടീം അംഗങ്ങളുടെ സേവനം ● ഇപ്പോൾ സീറ്റ് ബുക്ക് ചെയ്യുന്നവർക്ക് ഫീസ് വേരിയേഷൻ, ഡൊണേഷൻ ഇല്ലാതെ അഡ്മിഷൻ ലഭിക്കുന്നു ● നിങ്ങളുടെ കൂട്ടുകാരെയും ഈ വിവരം അറിയിക്കൂ. നിങ്ങളുടെ കൂട്ടുകാരോടൊപ്പം നാലു വർഷം ഒരേ കോളജിൽ, ഒരേ ഹോസ്റ്റലിൽ ഒരുമിച്ചു പഠിച്ച് ഒരുമിച്ച് ഉയരങ്ങളിൽ എത്തുവാൻ LDS സഹായിക്കുന്നു.

LDS -ൽ രജിസ്റ്റർ ചെയ്യാൻ QR കോഡ് സ്കാൻ ചെയ്യൂ

## Leadership Developing Society (LDS)

**(A venture of Thamarassery Diocese)**

ALPHONSA ARCADE, Thamarassery
Shinoj (Manager, LDS) 94479 29223
Fr. Sai Parankulangara(Director, LDS)

## വിശുദ്ധനാട് തീർത്ഥയാത്ര

കർത്താവ് ജനിച്ചു ജീവിച്ച നാട്ടിലൂടെ പുണ്യയാത്ര.

**പുനഃരാരംഭിച്ചിരിക്കുന്നു**

● ജോർദ്ദാൻ ● ഇസ്രായേൽ ● പാലസ്തീൻ ● ഈജിപ്ത്

**2024 ഏപ്രിൽ 19, മേയ് 10, ഒക്ടോബർ 15, നവംബർ 1 തീയതികളിൽ പുറപ്പെടുന്നു**



ജെറുസലേം, നെബോ പർവതം, നസ്രത്ത്, കാന, കഫർണാം, ബത്‌ലഹേം, തിരുപ്പിറവി ദേവാലയം, ബഥനി, താബോർ മല, ജോർദാൻ നദി, ബത്സയ്ദാ കുളം, ഒലിവുമല, തിരുക്കല്ലറ, ഗത്സമൻ തോട്ടം, ജറീക്കോ, ചെങ്കടൽ, സീനായ്

2 പ്രാവശ്യം ഒരുമിച്ചു കൂടി യാത്രയ്ക്ക് ഒരുക്കുന്നു.
എല്ലാ ഗ്രൂപ്പുകളിലും വൈദികരുടെ നേതൃത്വം.
പരിചയ സമ്പന്നരായ ടൂർ ഗൈഡുകളുടെ സേവനം

## യൂറോപ്പ് –മരിയൻ തീർത്ഥയാത്ര

● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● ഇറ്റലി
● പോർച്ചുഗൽ ● ജർമ്മനി ● ഫ്രാൻസ് ● സ്പെയ്ൻ



മാർപാപ്പയെ കാണാൻ സുവർണ്ണാവസരം

കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ബെൻസ് മ്യൂസിയം, ലിസ്യു, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്ദ്, ഫാത്തിമ

2024 ഒക്ടോബർ മാസം പുറപ്പെടുന്നു

## ഡൽഹി–ആഗ്ര–അമൃത്സർ യാത്ര

● 2 രാത്രി ഡൽഹി ● 2 രാത്രി അമൃത്സർ ● 1 രാത്രി ആഗ്ര

ഇന്ത്യാഗേറ്റ്, ചെങ്കോട്ട, ഗോൾഡൻ ടെമ്പിൾ, ജാലിയൻ വാലാ ബാഗ്, വാഗാ ബോഡർ, ആഗ്രാ ഫോർട്ട്, താജ്മഹൽ, അക്ഷർദാം ടെമ്പിൾ, രാഷ്ട്രപതി ഭവൻ, ലോട്ടസ് ടെമ്പിൾ, കുത്തബ് മിനാർ...

**2024 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ പുറപ്പെടുന്നു.**

**UK ഉൾപ്പെടുന്ന സ്പെഷ്യൽ യൂറോപ്പ് യാത്ര 2024 ഒക്ടോബറിൽ പുറപ്പെടുന്നു**

## ഗോവ തീർത്ഥയാത്ര

യാത്രയടക്കം മൂന്ന് രാത്രി 2 പകൽ. കോഴിക്കോട് നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര
**2024 ഒക്ടോബർ മാസം പുറപ്പെടുന്നു.**

## ബുക്കിങ് ആരംഭിച്ച മറ്റു തീർത്ഥയാത്രകൾ

വേളാങ്കണ്ണി തീർത്ഥയാത്ര,
ഭരണങ്ങാനം തീർത്ഥയാത്ര
കാക്കനാട് – വല്ലാർപാടം തീർത്ഥയാത്ര
ഏഴരപ്പള്ളികളിലൂടെ തീർത്ഥയാത്ര
തിരുവനന്തപുരം (ദേവസഹായം പിള്ള) യാത്ര

**എല്ലാ യാത്രകളുടെയും ബുക്കിങ് ആരംഭിച്ചിരിക്കുന്നു.**

**Contact : Fr. Sai Parankulangara: 9544 28 50 18**

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roni Paul Kavil